# യുഗാന്ത്യ സന്ദേശം

KERMAL / 2007 / 21096

PUBLISHED FROM THIRUVALLA

വാല്യം - 6 | ലക്കം : 02 | ഫെബ്രുവരി 2011 | Annual Subscription Rs. 100/-


# കവിഞ്ഞൊഴുകിയ ആത്മശക്തിയോടെ ചർച്ച് ഓഫ് ഗോഡ് ജനറൽ കൺവൻഷന് സമാപ്തി



തിരുവത്താഴ ശുശ്രൂഷയ്ക്ക് പാസ്റ്റർ എം. കുഞ്ഞപ്പി നേതൃത്വം കൊടുക്കുന്നു.

**തിരുവല്ല:** ദൗത്യത്തിൽ ഏവരും വിശ്വസ്തരായിരിക്കണമെന്ന് ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം കുഞ്ഞപ്പി.സഭയുടെ 88–ാമത് ജനറൽ കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഏതൊരു സുവിശേഷകനെ സംബന്ധിച്ചും ആത്മാക്കളെ നേടുകയെന്നതാണ് വലിയ ദൗത്യം. ആത്മഭാരമുള്ളവന് മാത്രമേ നല്ല സുവിശേഷകനാകുവാൻ സാധിക്കൂ. "കൊയ്ത്തിനായ് നാം മുമ്പോട്ട്" എന്നതായിരുന്നു ചിന്താവിഷയം.

സ്റ്റേറ്റ് അസിസ്റ്റന്റ് ഓവർസിയർ പാസ്റ്റർ പി ജി മാത്യൂസ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറി പാസ്റ്റർ എം.ഓ ഏലിയാസ്, സ്റ്റേറ്റ് ബോർഡ് വൈസ് പ്രസിഡന്റ് സി.പി വർഗീസ്, പാസ്റ്റർമാരായ പി.ജെ ജെയിംസ്, ജോസ് ബേബി, ജെ. ജോസഫ്, ഈപ്പൻ ചെറിയാൻ, വൈ. റെജി, ഡിസ്ട്രിക്ട് പാസ്റ്റർമാരും, കൗൺസിൽ മെമ്പേഴ്സ് സ്റ്റേറ്റ് ബോർഡ് മെമ്പേഴ്സ്, പ്ലാനിംഗ് ബോർഡ് മെമ്പേഴ്സ് വിവിധ ഡിപ്പാർട്ടമെന്റ് ഹെഡ്സ് എന്നിവർ വിവിധ നിലയിൽ ശുശ്രൂഷകളിൽ സഹകരിച്ചു.

ബൈബിൾ കോളേജ് ഗ്രാജുവേഷൻ, സൺഡേസ്കൂൾ, വൈ.പി.ഇ, ലേഡിസ് മിനിസ്ട്രി, ഇവാഞ്ചലിസം, മിഷൻ, കൗൺസിലിംഗ്, പ്രെയർസെൽ, എന്നിവയുടെ വാർഷിക മീറ്റിംഗുകളും നടന്നു. വേൾഡ് മിഷന്റെ ചുമതലയിൽ നിർമ്മിച്ച വൈ.ഡബ്ല്യു. ഇ.എ കൾച്ചറൽ സെന്ററിന്റെ സമർപ്പണ ശുശ്രൂഷയും, ചിൽഡ്രൻസ് ഹോമിന്റെ ശിലാസ്ഥാപനവും ജനുവരി 21 ന് മുളക്കുഴയിൽ നടന്നു.

23 ന് നടന്ന തിരുവത്താഴ ശുശ്രൂഷക്ക് സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം കുഞ്ഞപ്പി.നേതൃത്വം നൽകി. സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളേയും, സീനിയർ പാസ്റ്റേഴ്സിനേയും കൂടാതെ 150–ൽ അധികം പാസ്റ്റേഴ്സ് ശുശ്രൂഷയിൽ സഹകരിച്ചു. അസിസ്റ്റന്റ് ഓവർസിയർ പാസ്റ്റർ പി ജി മാത്യൂസ് സന്ദേശം നൽകി.സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറി പാസ്റ്റർ എം.ഓ ഏലിയാസ് സങ്കീർത്തനം വായിച്ചു. സ്റ്റേറ്റ് ഓവർസിയർ പ്രസംഗിച്ചു.

ചർച്ച് ഓഫ് ഗോഡ് വേൾഡ് മിഷൻ ഡയറക്ടർ റവ: ഡഗ്ലസ് ലിറോയ്, ഫീൽഡ് ഡയറക്ടർ റവ: കെൻ ആൻഡേഴ്സൺ, പാസ്റ്റർമാരായ ഷാജി കെ ദാനിയേൽ, ജോസഫ് ശാമുവേൽ, റ്റി.തോമസ്, ജോൺസൺ സഖറിയ, ജോൺ തോമസ്, കെ.ജെ മാത്യു, സണ്ണി താഴാംപളളം, പ്രഫ.സുശിൽ മാത്യു, റവ: പി.ഐ എബ്രഹാം, എ.എം. വർഗ്ഗീസ്, എം.കെ. തോമസ്, കെ.സി. ജോൺ, പി.എ.വി. സാം, പി.ആർ. ബേബി 21ന് വെള്ളിയാഴ്ച പി.സി.ഐ. പ്രസിഡന്റ് ബ്രദർ തോമസ് വടക്കേകുറ്റ്, 22 ശനി വൈകിട്ട് പി.സി.എൻ.എ.കെ. കൺവീനർ പാസ്റ്റർ തോമസ് മാത്യു തുടങ്ങി വിദേശിയരും, സ്വദേശിയരുമായ അനേക കർത്തൃദാസൻമ്മാർ വിവിധ സെക്ഷനുകളിൽ പ്രസംഗിക്കുകയും ആശംസ അറിയിക്കുകയും ചെയ്തു. പാസ്റ്റേഴ്സ് ജോസഫ് ശാമുവേൽ, ഷാജി കെ ദാനിയേൽ എന്നിവർ ദൈവവചനം ശുശ്രുഷിച്ചതിന് ശേഷമുണ്ടായ ആത്മപ്രവാഹം നിയന്ത്രണാധീതമായിരുന്നു.തുടർന്ന് പ്രസംഗിക്കേണ്ട പ്രസംഗകർക്ക് പ്രസംഗം തുടരുവാൻ കഴിയാത്ത നിലയിൽ ആത്മപ്രവാഹം പന്തലിൽ ശക്തമായിരുന്നു. സമാപന ദിവസം നടന്ന ആരാധനയിൽ പതിനായിരക്കണക്കിന് വിശ്വാസികൾ സംബന്ധിക്കുകയും അനുഗ്രഹം പ്രാപിക്കുകയും ചെയ്തു.

## മാധ്യമ പ്രവർത്തകർക്കെതിരെ ആക്രമണങ്ങളും ഭീഷണിയും വർദ്ധിക്കുന്നു : പത്രപ്രവർത്തകർ ആശങ്കയിൽ

**▪ എഴുത്തുകാരൻ ജെയ്സ് പാണ്ടനാടിനെയും ഭാര്യയെയും ആക്രമിച്ചു. ▪ സ്വർഗ്ഗീയധ്വനി ചീഫ് എഡിറ്റർ ഫിന്നി.പി.മാത്യുവിനെ ആക്രമിച്ചു. ▪ കുമ്പനാട് കൺവൻഷനിൽ യുഗാന്ത്യ സന്ദേശം സ്റ്റാളിലും എത്തി ഭീഷണിമുഴക്കി. ▪ യുഗാന്ത്യ സന്ദേശം മാനേജിങ്ങ് എഡിറ്റർ ജെ. ജോസഫിനും ഫോണിൽ കൂടി ഭീഷണി. ▪പല മാധ്യമ പ്രവർത്തകർക്കും ഫോണിൽ കൂടി ഭീഷണി.**



**തിരുവല്ല:** പെന്തക്കോസ്ത് സമൂഹത്തെ ഞെട്ടിച്ചുകൊണ്ട് പെന്തക്കോസ്ത് മാധ്യമപ്രവർത്തകർക്കെതിരെ ആക്രമണങ്ങളും ഭീഷണിയും വർദ്ധിക്കുന്നു. ദുരുപദേശകരെ സഭകൾ പുറത്താക്കിയതുമായി ബന്ധപ്പെട്ട് പത്രങ്ങൾ പ്രസിദ്ധീകരിച്ച വാർത്തകളും ലേഖനങ്ങളുമാണ് ആക്രമണങ്ങൾക്ക് കാരണം. പുറത്താക്കപ്പെട്ടവരുടെയും ദുരുപദേശകരുടെയും തനിനിറം വ്യക്തമാക്കുന്ന സംഭവങ്ങളാണ് അരങ്ങേറിക്കൊണ്ടിരിക്കുന്നത്. പല കേസുകളും പോലീസിന്റെയും വനിതാകമ്മീഷന്റെയും പരിഗണനയിലാണ്. സഭകൾ എടുത്ത തീരുമാനങ്ങൾ പൊതുജനങ്ങളെ അറിയിക്കുകയും, വാർത്തകൾ വിശകലനം നടത്തുകയും മാത്രമാണ് മാധ്യമങ്ങൾ ചെയ്തത്. അതുമൂലം പെന്തക്കോസ്ത് മാധ്യമപ്രവർത്തരെ തെരുവിൽ നേരിടുന്നത് തികച്ചും അപലപനീയമാണ്.

## അപ്പോളജറ്റിക്സ് കൗൺസിൽ പ്രതിഷേധിച്ചു

**തിരുവല്ല:** പെന്തക്കോസ്തു പത്രപ്രവർത്തകരായ ഫിന്നി.പി. മാത്യു (സ്വർഗ്ഗീയ ധ്വനി), ജയിംസ് പാണ്ടനാട് എന്നിവരെ ഒരു സംഘം ആളുകൾ മർദ്ധിച്ചതിൽ തിരുവല്ലയിൽ കൂടിയ പെന്തക്കോസ്തു അപ്പോളജറ്റിക്സ് കൗൺസിൽ യോഗം പ്രതിഷേധിച്ചു.

വിവിധ പെന്തക്കോസ്തു പത്രപ്രവർത്തകരായ ജെ.ജോസഫ്, സാംകുട്ടി മാത്യു, രാജു ആനിക്കാട്, അനിൽ കൊടിത്തോട്ടം, സാം.റ്റി. മുഖത്തല, ഷാജു അലിമുക്ക് എന്നിവർക്കും വിവിധ പത്ര ഓഫീസുകൾക്കും എതിരേയും ഫോണിലൂടെ ആക്രമണ ഭീഷണി മുഴക്കിയതിൽ യോഗം അതിയായ ഉത്കണ്ഠ രേഖപ്പെടുത്തി.

## യുഗാന്ത്യ സന്ദേശം പുതിയ കാൽവെയ്പ്പുകളുമായി



വിജയികൾക്കുള്ള ക്യാഷ് അവാർഡ് പാസ്റ്റർ എം. കുഞ്ഞപ്പിയും ട്രോഫി പാസ്റ്റർ ഷാജി കെ. ഡാനിയേലും വിതരണം ചെയ്യുന്നു.

**തിരുവല്ല:** യുഗാന്ത്യ സന്ദേശം നടത്തിയ വെളിപ്പാട് പുസ്തക പഠനം, ബൈബിൾ ക്വിസ്സ് എന്നിവയുടെ വിജയികൾക്കുള്ള ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ഫലകവും വിതരണം ചെയ്തു.

ജനുവരി 24ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് തിരുവല്ല ചർച്ച് ഓഫ് ഗോഡ് കൺവൻഷൻ സ്റ്റേഡിയത്തിൽ വെച്ച് നടന്ന സമ്മേളനത്തിൽ ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം കുഞ്ഞപ്പിയാണ് ക്യാഷ് അവാർഡ് വിതരണം ചെയ്തത്.യുഗാന്ത്യ സന്ദേശം മാനേജിംഗ് എഡിറ്റർ പാസ്റ്റർ ജെ. ജോസഫ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ പാസ്റ്റർമാരായ ഷാജി കെ ദാനിയേൽ, ലാസർ വി മാത്യു, പി.ജി മാത്യുസ് എന്നിവർ ദൈവവചനം ശുശ്രുഷിച്ചു.പാസ്റ്റർമാരായ പി.സി ചെറിയാൻ, എം.കെ തോമസ്, പി.പി കുര്യൻ, കെ എ ഉമ്മൻ, ജെയ്സ് പാണ്ടനാട്, ബ്രദർ എൻ എം രാജു, ബ്രദർ സാംകുട്ടി ചാക്കോ നിലമ്പൂർ (ഹലേലുയ്യ) രാജു ആനിക്കാട് (ജാലകം), സാംകുട്ടി മാത്യു( ബിലിവേഴ്സ് ജേണൽ) എന്നിവർ ആശംസകൾ അറിയിച്ചു.

സർട്ടിഫിക്കറ്റുകളും ട്രോഫികളും പാസ്റ്റർമാരായ ഷാജി കെ ദാനിയേൽ, കെ എ ഉമ്മൻ, പി.ജിമാത്യൂസ്, എം.കെ തോമസ്, സഹോദരന്മാരായ ജേക്കബ്ബ് ഇട്ടി, കെ.എം. ജേക്കബ്ബ്, മാത്യുസ് എബ്രഹാം മാങ്കുളങ്ങര എന്നിവർ വിതരണംചെയ്തു.സമ്മേളത്തിന് യുഗാന്ത്യ സന്ദേശം ചീഫ് എഡിറ്റർ പാസ്റ്റർ ഷിബു. കെ.മാത്യു, ജനറൽ എഡിറ്റർ ക്രിസ്റ്റി പി ജോൺ, ഓഫീസ് മാനേജർ പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ പബ്ലീഷർ സ്മിത ഷിബു എന്നിവർ നേതൃത്വം നൽകി.

YUGANTHYA SANDHESHAM

Patron
Rev. Shaji K. Daniel
Chief Editor
Rev. Shibu K. Mathew B.D. M.Th.
Managing Editor
Rev. J. Joseph
Manager
K.M. Jacob
General Editor
Christy P. John
Editorial Director
John P. Ninan
Circulation Manager
Jacob Itty
Office Manager
Pr. Shaiju Thomas
Contributing Editors
Rev. K. A. Oommen
Rev. Zack Varghese, Tulsa
Rev. Joby Varghese B.D.
Rev. Biju B. Joseph B.D.
Rev. Lovegi Mathews Elias B.D.
Overseas Editors
Rev. John Thomas, Houston
Rev. Joe Kurian, England
Rev. P. P. Kurian
Nibu Vellavanthanam, Newyork
Rev. Babu M. John, Florida
Rev. Thomas C. Mathew, Kuwait
Rev. Joy Abraham U.A.E
Advisory Board
Rev. T. V. George
Rev. Sunny Thazhampallam Huston
Dr. Kurian Abraham
Rev. C. C. Thomas
Rev. Thomas Paul, Mysore
Rev. C. V. Andrews, Atlanta
Rev. Rajan Samuel, K.S.A.
A. V. Philipose, Dallas
George Pappy, New York
Joseph John Kolathu
K. Abraham Konni
Rev. T. Thomas
John C. Philip, Houston
Varghese George, Dubai
Rajan Peter, Kuwait
A. V. Daniel, Tennessee
S. Samkutty, Kuwait
Rev. K. O Mathew UAE
Bro. C. P Varghese
Bro. Ninan Mathew UAE
Rev. P. C Cherian
Viju Thomas, Dallas
Co-ordinators
Kuwait: A.V. Sunny
Mathew Daniel
Abudhabi: Rev. P.T Prasad
Thomas Ninan
Dubai: Rev. Babu Cherian
Rev. Jose Mallissery
Sharjah: Rev. Jose George
Doha: Lalu Jacob
Saudi Arabia: C. C. Chacko
Saji Chacko
Reji C. Abraham
Philip Abraham
England: Rohit Joseph
Singapore: Manoj O. Jacob
Canada: Jaison Varghese
Jamaica: Mohan
Florida: Samjee Varghese
Dallas: Rev. Jose V. Ennicadu
Varghese Varghese
Wilson Varghese
N. M. Jacob
Houston: James Samuel
Tennassee: Thomas Chacko
Chicago: Alex Ninan
Detroit: Roy Markose
Philadelphia: Jacob Varghese
New Jersy: Rev. Rajan Skaria
New York:
Rev. Benchamin Thomas
Rev. A. M. Varghese
Yohannan Yohannan
Achankunju A. Mathew
Boston: Vinod
Washington Siatil:
Rev. M. G. Abraham
Okalahoma: Wilson John
California: Reni

Yuganthya Sandhesham
P.O. Box - 66
Thiruvalla - 1
Ph : 0469-2602838
Mob : 9349918737
E-mail : ysandhesham
@saintly.com

പത്രാധിപലേഖനം

# മാധ്യമങ്ങളും പെന്തക്കോസ്തും

മനുഷ്യന്റെ ആധുനിക സംസ്കാരത്തിൽ മാധ്യമങ്ങൾക്കുള്ള ദൗത്യം വളരെ വലുതാണ്. 20-ാം നൂറ്റാണ്ടിന്റെ ആരംഭം വരെ മാധ്യമങ്ങൾ എന്നത് കേവലം വാർത്താവിനിമയത്തിനുള്ള ഉപാധി മാത്രമായിരുന്നു. എന്നാൽ ഇന്ന് ഒരളവു വരെ മാധ്യമയുഗത്തിലാണ് നാം ജീവിക്കുന്നത്. ഉറക്കമുണരുന്നതു മുതൽ രാത്രി ഉറങ്ങുന്നതുവരെയുള്ള നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്ന അഥവാ സ്വാധീനിക്കുന്ന ഒന്നായി മാധ്യമങ്ങൾ മാറിക്കഴിഞ്ഞു. മാധ്യമങ്ങൾ അറിവ് ലഭ്യമാക്കുന്നതിന്റെ അപ്പുറത്ത് മാനുഷീക മൂല്യങ്ങളെക്കുറിച്ചുള്ള ബോധ്യം ഉണ്ടാക്കുകയും ശരിയായ ജീവിത വിജയത്തിലേക്കുള്ള വഴികാട്ടിയായി മാറുകയും ചെയ്യുന്നു.

സമൂഹത്തിലെ മൂല്യച്ചുതി ചൂണ്ടിക്കാണിച്ച് നേരായ മാർഗ്ഗത്തിലേക്കു നയിക്കുവാൻ മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ഇതിന് ഏറ്റവും വലിയ തെളിവാണ് ഇപ്പോൾ നമ്മുടെ രാജ്യവും പരക്കെ ചർച്ച ചെയ്യപ്പെടുന്ന അഴിമതിക്കഥകൾ. 2ജി സ്പെക്ടം ഇടപാടിലൂടെ കോടിക്കണക്കിനു രൂപയുടെ അഴിമതി നടന്നതു രാജ്യത്തെ പിടിച്ചു കുലക്കിയ സംഭവമാണല്ലോ. പാർലമെന്റിന്റെ ഒരു സമ്മേളന കാലം മുഴുവൻ സ്തഭംനമായിരുന്നു. അഴിമതിക്കു ചൂട്ടു കാണിച്ച കേന്ദ്രമന്ത്രി ഉൾപ്പെടെ ചിലരുടെ തലകൾ തെറിച്ചു. ഇപ്പോഴും അതിന്റെ അലയൊലികൾ രാജ്യത്ത് മുഴങ്ങുകയാണ്. ഒരു മലയാളി മാധ്യമ പ്രവർത്തകനാണ് ഈ വലിയ കള്ളകച്ചവടത്തെ പുറത്ത് കൊണ്ടുവന്നത് എന്നതിൽ നമുക്ക് അഭിമാനിക്കാം.

സംസ്ഥാന മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ ഇടപ്പെട്ട ആദർശ് ഫ്ളാറ്റ് വിവാദം, നീതി ലഭിക്കേണ്ട പരമോന്നത നീതിപീഠമായ സുപ്രിം കോടതി ചീഫ് ജസ്റ്റീസും കുടുംബാംഗങ്ങളും ആരോപണ വിധേയരായി. ഇതും പുറത്തു കൊണ്ടുവന്നത് പത്രപ്രവർത്തകരാണ്. ഏറ്റവും ഒടുവിൽ സാക്ഷര കേരളത്തിനാകെ അപമാനമായി ഐസ്ക്രീം പാർലർ കേസിനു പുതിയ മാനങ്ങൾ ഉണ്ടാകുന്നു. ഒരു ദൃശ്യമാധ്യമമാണ് ഇതിനു മുമ്പിട്ടിറങ്ങിയത്. അവരുടെ ഉദ്ദേശശുദ്ധി ചോദ്യം ചെയ്യപ്പെട്ടിരുന്നെങ്കിലും അല്പം തീയില്ലാതെ പുകയുണ്ടാകയില്ലായെന്ന പഴമൊഴി ഇവിടെ പ്രസക്തമാണ്.

അമേരിക്കൻ പ്രസിഡന്റായിരുന്ന നിക്സൻ ഉൾപ്പെട്ട വാട്ടർ ഗേറ്റ് ഉൾപ്പെടെ ലോകത്തിലനേക അഴിമതി, ചാര, തീവ്രവാദ പ്രവർത്തനങ്ങളുടെ കൂട്ടുകെട്ട് പൊളിച്ച് സമൂഹത്തെ രക്ഷിക്കുവാൻ എന്നും മാധ്യമങ്ങൾ പ്രതിഞ്ജാബദ്ധരായി നില്ക്കുന്നുയെന്നത് ശുഭകരമായതാണ്. എന്നാൽ ഇതിനു വേണ്ടി ഈ മാധ്യമക്കാർക്കെല്ലാം വലിയ വില കൊടുക്കേണ്ടി വന്നിട്ടുണ്ട്.

ഏറ്റവും ഹീനമായ പോരാട്ടങ്ങൾക്ക് മാധ്യമങ്ങൾ ഇരയായി. എന്നാൽ യഥാർത്ഥ പത്രക്കാരൻ എന്നും ദൗത്യത്തിൽ വിജയിയായി മുന്നേറുകയാണ്.

കേവലം നൂറു വർഷത്തെ പഴക്കം മാത്രമുള്ള ഇവിടുത്തെ പെന്തക്കോസ്തു സമൂഹവും വലിയ ചെളിക്കുണ്ടിൽ ആഴ്ന്നു കിടക്കുകയാണ്. സഭാ നേതാക്കന്മാർ പോലും ഹീനമായ ആരോപണങ്ങൾക്കു വിധേയരാകുന്ന വാർത്ത പുതുമയില്ലാത്തതായി മാറുന്നു. എല്ലാം വിട്ടിറങ്ങിയെന്ന് പാടുന്നവർ, ലോക മനുഷ്യർ പോലും ചെയ്യുവാനും പറയുവാനും അറയ്ക്കുന്ന വിഷയങ്ങളിൽ കിടന്നുരുളുകയാണ്. പൊതു സമൂഹത്തിൽ മാധ്യമങ്ങൾ



പാസ്റ്റർ ജെ. ജോസഫ്

വരുത്തുവാൻ ശ്രമിക്കുന്ന മൂല്യങ്ങളുടെ വഴിയിൽ പെന്തക്കോസ്തു മാധ്യമങ്ങളും ഉണ്ടെയെന്നുള്ളത് പ്രത്യാശയ്ക്കു വക നൽകുന്നു. പെന്തക്കോസ്തിനെ സാന്മാർഗ്ഗികതകൾ പഠിപ്പിക്കേണ്ട ദൗത്യത്തിലാണ് മാധ്യമങ്ങൾ ഇന്ന്. എന്നാൽ ഇവരെ തകർക്കുവാൻ ചില ദുഷ്ട ശക്തികൾ പെന്തക്കോസ്തിലും എഴുന്നേറ്റിട്ടുണ്ട്. ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഇതിനോടകം പരസ്യമായി നടന്നു കഴിഞ്ഞു.

"ഞാൻ എന്റെ സഭയെ പണിയും, പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ലയെന്ന് അരുളിയ നാഥന്റെ പിമ്പേ ഏല്പിച്ച ദൗത്യവുമായി മുന്നേറുവാൻ മാധ്യമ പ്രവർത്തകർക്കു നാഥൻ കൃപ നല്കട്ടെ.

---

# സാത്താന്യ സഭയുടെ അകത്തളങ്ങളിലേക്ക്

**ദൈവത്തിന്റെ സ്വന്തം നാട്ടിലെ പ്രമുഖ നഗരങ്ങൾ സാത്താൻ സഭയുടെ വലകണ്ണികളിൽ കുരുങ്ങുന്നു. പാശ്ചാത്ത്യരാജ്യങ്ങളിൽ മാത്രം പ്രചരിച്ചിരുന്ന ഈ അധാർമ്മിക പ്രവർത്തനം ഇന്ത്യയിൽ ശക്തമായിക്കൊണ്ടിരിക്കുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. മുംബെയിലും ഡൽഹിയിലും ഉള്ള നിശാക്ലബുകളുടെ മറപറ്റി ഇന്ത്യയിൽ രംഗപ്രവേശം ചെയ്ത സാത്താൻ സഭ ബാംഗ്ലൂരിലും സജീവമായതോടെയാണ് കേരളത്തിലേക്കും വ്യാപിച്ചത്. യുവാക്കളിലെ സംഗീതതാൽപ്പര്യവും ഫാഷൻ ഭ്രമവും മുതലെടുത്താണ് ഇവർ പദ്ധതികൾ ആവിഷ്കരിക്കുന്നത്. കേരളത്തിൽ പാലാ, കോട്ടയം, തിരുവനന്തപുരം, തിരുവല്ല, കോഴഞ്ചേരി, കൊച്ചി എന്നീ പ്രദേശങ്ങളിലാണ് പ്രധാനമായും സാത്താൻ സഭ കൂടുന്നത്. അനേക യുവാക്കൾ സാത്താന്യ സഭയിലേക്ക് ആകർഷിക്കപ്പെടുന്നതിനാൽ സാത്താൻ സഭയുടെ അകത്തളങ്ങളെക്കുറിച്ച് യുഗാന്ത്യസന്ദേശം നടത്തിയ അന്വേഷണ പരമ്പര തുടരുന്നു.**



പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ

**സാത്താന്യ ബൈബിൾ**

1969 ൽ സാത്താന്യ ആചരങ്ങളുടെയും,ആശയങ്ങളുടെയും പ്രചരണാർത്ഥം ആന്റെൺ സ്റ്റെഡർ ലാവി ആണ് ഇത് എഴുതിയത്.ഈ പുസ്തകത്തിൽ സാത്താന്യ സഭയുടെ അടിസ്ഥാന ഉപദേശങ്ങളും, സാത്താനും, സാത്താന്യ മതവും എന്താണ്, സഭയുടെ തത്വശാസ്ത്രങ്ങൾ എന്താണ് എന്നും ഇതിൽ വിവരിച്ചിരിക്കുന്നു.272 പേജുകൾ ഉള്ള ഈ പുസ്തകം അമേരിക്കയിലെ ആവോൻ പബ്ലിക്കേഷൻസ് ആണ് പ്രസിദ്ധികരിച്ചിരിക്കുന്നത്.ഞാൻ തന്നെ എന്റെ ദൈവം എന്ന് ഇതിലെ പ്രധാന വിഷയമായി പ്രദിപാദിച്ചിരിക്കുന്നതിനാൽ ഈ പുസ്തകത്തേ കറുത്ത ബൈബിൾ എന്നും വിളിക്കുന്നു.

**ലൂസിഫറിന്റെ പുസ്തകം**

സാത്താന്യ സഭയുടെ തത്വസംഹിതകളുടെ വ്യാഖാന്യങ്ങൾ അടങ്ങിയ 12 ഉപന്യാസങ്ങൾ ആണ് ഈ പുസ്കത്തിൽ.സാത്താന്യ സഭയുടെ കെട്ടുറപ്പുകളേക്കുറിച്ചും,ഭരണ വ്യവസ്ഥിതകളും ഇതിൽ അടങ്ങിയിരിക്കുന്നതിനാൽ ഈ പുസ്തകം ആരാലും ഒരിക്കലും ചോദ്യം ചെയ്യപ്പെടുവാൻ പാടില്ലത്തതെന്ന് സാത്തന്യ സഭ പറയുന്നു. അങ്ങനെ അവകാശപ്പെടുന്നു.

**ദൈവത്തെ ജീവനോടെയോ,മരിച്ചോ ആവശ്യമുണ്ട്**

യഹുദാ ക്രൈസ്തവ സമുഹത്തിന്റെ വിശ്വാസ പ്രകാരം സകലത്തിന്റെയും സൃഷ്ടിതാവാണ് ദൈവം.ഉളവായതെല്ലാം ദൈവത്താൽ സ്രഷ്ടിക്കപ്പെട്ടതാണ്. എന്നാൽ സാത്താനിസം ഈ ബുക്കിൽ പറയുന്നത് ഒരോ മനുഷ്യനും ദൈവമാണ് ആ ദൈവം ഒരോ നിമിഷവും തന്റെ തന്നെ ദൈവത്തേ സ്രഷ്ടിക്കുകയാണ്,അതിനർത്ഥം ദൈവ സ്രഷ്ടിയല്ല മനുഷ്യൻ, മറിച്ച് മനുഷ്യ സ്രഷ്ടിയാണ് ദൈവം.ആയതുകോണ്ട് ലോകം പറയുന്ന ദൈവം വെറും മിഥ്യാധാരണയാണ്.അതു കൊണ്ട് ആ ദൈവത്തേ ജീവനോടെയോ,മരിച്ചോ ആവശ്യമുണ്ട്.എന്തിനെന്നാൽ തിന്നുക,കുടിക്കുക,ആനന്ദിക്കുക, കാരണം നാളെ നാമും മരിക്കും.

**ബെലിയാലിന്റെ പുസ്തകം**

ഈ പുസ്തകത്തിൽ സാത്താന്യ ആരാധന എങ്ങനെ നടത്തണം,ആരാധനയ്ക്ക് ഉപയോഗിക്കുന്ന ,മെഴുകുതിരികൾ,വാൾ,വീഞ്ഞ് കുടിക്കുന്ന വലിയ കോപ്പ,മദ്യത്തിന്റെ സത്ത് എന്നിവ എപ്രകാരം ക്രമീകരിക്കണം. ആരാധന നടത്തേണ്ട സമയം,എന്നിവയാണ് പ്രതിപാദിച്ചിരിക്കുന്നത്

**പതിനൊന്ന് സാത്താന്യ ആപ്തവാക്യങ്ങൾ ഭൂമിയോടുള്ളത്**

(1) യാതാരു ഉപദേശമോ,അഭിപ്രായമോ ആവശ്യപ്പെടാതെ ആർക്കും നല്കരുത്.

(2) നിങ്ങളെ കരുതുന്നവരോടും, ശ്രദ്ധിക്കുന്നവരോടും മാത്രമേ നിങ്ങളുടെ വേദനകളും,ബുദ്ധിമുട്ടുകളും പങ്കുവെയ്ക്കാവു.



(3) ഒളിത്താവളത്തിലുള്ളവരെ സന്ദർശിക്കുകയും ബഹുമാനിക്കുകയും ചെയ്യണം.

(4) ഒളിത്താവളത്തിലുള്ള ഒരു അതിഥി നിങ്ങളെ ഉപദ്രവിക്കുന്നുവെങ്കിൽ,ക്രൂരമായി യാതൊരു കാരുണ്യവും കൂടാതെ അവരോട് പെരുമാറുക.

(5) ലൈംഗിക ആവശ്യത്തിനായ് നിങ്ങൾ സമിപിക്കുന്ന വ്യക്തിയിൽ നിന്നും ആദ്യമേ തന്നേ അതിനുള്ള അനുമതി നേടിയിരിക്കണം,ഒന്നും പിടിച്ചു വാങ്ങരുത്.

(6) നിങ്ങൾക്ക് സ്വന്തം അല്ലാത്തത് ഒന്നും എടുക്കരുത് കാരണം,മറ്റൊരാളുടെ അതിന്മേൽ ഉള്ള അവകാശവാദം നിങ്ങൾക്ക് വിനയായി മാറാം

(7) സാത്താന്യ ആരാധനയുടെ ശക്തി മുഖാന്തിരം ആണ് നിങ്ങളുടെ ആഗ്രഹങ്ങൾ സാധിച്ചുക്കിട്ടിയത്,അതുകൊണ്ട് അതിനെ ഉപാസിക്കണം,എന്ന് അതിനെ തള്ളിപറയുന്നുവോ അപ്പോൾ മുതൽ ഈ ആരാധന മൂഖാന്തിരം ലഭിച്ചതെല്ലാം നഷ്ടമാകും എന്നും അറിയുക.

(8) സ്വന്തം കാര്യത്തിനല്ലാതെ മറ്റൊരാളുടെയും കാര്യങ്ങൾക്ക് നിങ്ങൾ പരാതിപ്പെടരുത്.

(9)കുഞ്ഞുകുട്ടികളെ ഉപദ്രവിക്കരുത്.

(10) മനുഷ്യനല്ലാത്ത മൃഗത്തേ ,നിങ്ങളേ ആക്രമിച്ചില്ലങ്കിൽ ഭക്ഷണത്തിനല്ലാതെ കൊല്ലരുത്.

(11) നിങ്ങളുടെ വഴിയാത്രയിൽ ആരേയും ശല്യപ്പെടുത്തരുത്, നിങ്ങളെ അസഹ്യപ്പെടുത്തുന്നവരോട് അത് തുടരാതിരിക്കുവാൻ പറയുക,അവർ അനുസരിക്കുന്നില്ലെങ്കിൽ,യാതൊരു കരുണയും കൂടാതെ അവരെ നശിപ്പിക്കുക.

**ഒൻപത് സാത്ത്യാന്യ പ്രസ്താവനകൾ**

(1) സുഖാനുഭവങ്ങളുടെ വർജ്ജനത്തേക്കാൾ;സാത്താൻ പ്രധിനിധാനം ചെയ്യുന്നത് ലോകസുഖത്തിന്റെ പരിലാളനമാണ്.

(2) ആത്മീകതകളുടെ വ്യർത്ഥ സ്വപ്നങ്ങളേക്കാൾ;സാത്താൻ പ്രധിനിധാനം ചെയ്യുന്നത് അപരിത്യാജമായ അസ്തിത്വമാണ്.

(3) കുടിലമായ സ്വയ വഞ്ചനേയേക്കാൾ;സാത്താൻ പ്രധിനിധാനം ചെയ്യുന്നത് കളങ്കപ്പെടാത്ത ജ്ഞാനമാണ്.

(4) ഇഷ്ടം സമ്പാദിക്കുവാൻ നാം പാഴാക്കികളയുന്ന സ്നേഹത്തേക്കാളും:;സാത്താൻ പ്രധിനിധാനം ചെയ്യുന്നത് അർഹതയുള്ളവരോട് കരുണാർദ്രമായി പെരുമാറുന്നത ആണ്.

(5) ഒരു കവിളിന് അടിക്കുന്നവന് മറു കവിൾ കാണിച്ചുകൊടുക്കന്നതിനേക്കാൾ സാത്താൻ പ്രധിനിധാനം ചെയ്യുന്നത് ക്രൂരമായ പ്രതികാരം ആണ്.

(6) മാനസീകമായ കീഴടക്കിനാൽ ഉളവാകുന്ന ഉത്കണ്ഡയും പിരിമുറക്കവും ഒഴിവാക്കുവാൻ ഏല്പിക്കപ്പെട്ട ഉത്തരവാദിത്ത്വങ്ങളോട് ആഭിമുഖ്യം കാണിച്ച് അതിൽ മുന്നേറണം.

(7)മനുഷ്യൻ മൃഗത്തിന് തുല്യനാണ്; അതിനു കാരണം മനുഷ്യനിൽ ദീവ്യമായി നൽകിയ ബുദ്ധിയുടെ വികാസം നിമിത്തം ആണ്. ആ ദൈവികത മനുഷ്യനേ ചില സമയം നാലു കാലിൽ നടക്കുന്ന മൃഗത്തേക്കാളും അധ:പതിക്കുവാൻ കാരണമാകുന്നു.

(8) സാത്താൻ ഏതൊരു മനുഷ്യന്റെയും ശാരീരികവും,മാനസികവും, ലോകപരവും,വൈകാരികവുമായ എല്ലാ സുഖങ്ങളും അവന് നല്കുവാൻ സന്നദ്ധനായിരിക്കുന്നു.

(9) സാത്താൻ സഭയും,സാത്താനെ ആരാധിക്കുന്നവരും ഉള്ള കാലത്തോളും,എല്ലാ നാളും,സഭയുടെയും, വ്യക്തികളോടും കൂടെ എല്ലാ നാളും നല്ല സ്നേഹിതനായി സാത്താൻ ഉണ്ടാകും.

*തുടരും*

# ഐ.പി.സി. ജനറൽ കൺവൻഷൻ സമാപിച്ചു




ഐ.പി.സി. ജനറൽ പ്രസിഡന്റ് പാസ്റ്റർ കെ.സി. ജോൺ കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നു.

**കുമ്പനാട്:** ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയുടെ 87-ാമത് ജനറൽ കൺവെൻഷൻ 2011 ജനുവരി 9 മുതൽ 16 വരെ ഹെബ്രോൻ പുരത്ത് നടന്നു ജനറൽ പ്രസിഡന്റ് പാസ്റ്റർ കെ.സി. ജോൺ കൺവൻഷൻ ഉദ്ഘാടനം ചെയ്തു പാസ്റ്റർമാരായ വത്സൻ എബ്രഹാം, കെ.എം ജോസഫ്, കെ ജോയി, ബാബു ചെറിയാൻ, ഫിലിപ്പ് പി തോമസ്, ഷിബു നെടുവേലിൽ തുടങ്ങി അനേക കർത്ത്യദാസന്മാർ വിവിധ സെക്ഷനുകളിൽ ദൈവവചനം ശുശ്രൂഷിച്ചു

# കഞ്ചൂർ മാർഗ് കൺവൻഷൻ




പാസ്റ്റർ എം. കുഞ്ഞപ്പി പ്രസംഗിക്കുന്നു. പരിഭാഷ പാസ്റ്റർ വി.ഒ. വർഗീസ്

ചർച്ച് ഓഫ് ഗോഡ് കഞ്ചൂർ മാർഗ് ഈസ്റ്റ്, സഭയുടെ ആഭിമുഖ്യത്തിലുള്ള കൺവൻഷൻ മുംബയ് ബാബായ് ദുരി മാർഗിലുള്ള പറഞ്ഞപ്പേ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. പ്രസിദ്ധ ഉണർവ്വ് പ്രസംഗകനായ ദൈവസഭയുടെ കേരള സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി പ്രധാന പ്രസംഗകനായിരിന്നു.ഗോസ്പൽ വോയ്സ് മുംബയ് ഗാനശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർ.പി.റ്റി.ജേക്കബ്.സെക്രട്ടറി ജോൺ തോമസ് എന്നിവർ യോഗ ക്രമീകരണങ്ങൾക്ക് നേതൃത്വം കൊടുത്തു.ആരാധനയിൽ സംബന്ധിക്കുവാൻ താല്പര്യമുള്ളവർ ബന്ധപ്പെടുക. 09930269005

# ഭാരവാഹികൾ


പാസ്റ്റർ ജോൺ റ്റി. കുര്യൻ


പാസ്റ്റർ വില്ലി എബ്രഹാം

**ചിക്കാഗോ:** ഫെല്ലോഷിപ്പ് ഓഫ് പെന്തക്കോസ്തൽ ചർച്ചസ് ഇൻ ചിക്കാഗോയുടെ (F.P.C.C) 2011 ലേക്കുള്ള ഭാരവാഹികളായി, ചിക്കോഗോ റിഡ്ജിലുള്ള എബനേസ്സർ പെന്തക്കോസ്തു സഭയുടെ പാസ്റ്ററായ ജോൺ റ്റി. കുര്യനെ കോ-ഓർഡിനേറ്ററായും, ഗുഡ് ഷെപ്പേർഡ് ഫെല്ലോഷിപ്പ് ചർച്ചിന്റെ പാസ്റ്ററായ വില്ലി എബ്രഹാമിനെ ജോയിന്റ് കോ-ഓർഡിനേറ്ററായും, ബ്രദർ ജേക്കബ് വർഗ്ഗീസിനെ പബ്ലിക് റിലേഷൻസു കോ-ഓർഡിനേറ്ററായും തിരഞ്ഞെടുത്തു.

# അപ്പോളജറ്റിക്സ് കൗൺസിൽ സെമിനാർ

**തിരുവല്ല:** ദൈവവചനത്തിന്റെ നിർമ്മലവും സത്യസന്ധവുമായ വ്യാഖ്യാനങ്ങളുടെയും പെന്തക്കോസ്തു ഉപദേശങ്ങളുടേയും വ്യാപനത്തിനായി രൂപീകൃതമായ പെന്തക്കോസ്തു അപ്പോളജറ്റിക്സ് കൗൺസിലിന്റെ ഒരു സെമിനാർ ഫെബ്രുവരി 23 ബുധനാഴ്ച രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ തിരുവല്ല ശാന്തിനിലയിൽ നടക്കും. പാസ്റ്റർ ഫിലിപ്പ് പി.തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന സമ്മേളനം ഗുഡ്ന്യൂസ് ചീഫ് എഡിറ്റർ സി.വി.മാത്യു ഉത്ഘാടനം ചെയ്യും. പായിപ്പാട് ന്യൂ ഇൻഡ്യാ ബൈബിൾ കോളേജ് പ്രിൻസിപ്പൽ ഡോ. ജെയ്സൺ തോമസ് 'പെന്തക്കോസ്തിലെ പുത്തൻ പ്രവണതകൾ' എന്ന വിഷയത്തെ ആസ്പദമാക്കി സിംമ്പോസിയം അവതരിപ്പിക്കും. സുവി.പി.ഐ.എബ്രഹാം (കാനം അച്ചൻ) മോഡറേറ്ററായിരിക്കും. സുവി. രാജൻ ആഷേർ ചർച്ച നയിക്കും.

വിവിധ പെന്തക്കോസ്തു സഭാ നേതാക്കന്മാരായ പാസ്റ്റർ എം. കുഞ്ഞപ്പി, പാസ്റ്റർ കെ.ജെ മാത്യു, പാസ്റ്റർ തോമസ് ഫിലിപ്പ്, പാസ്റ്റർ ടി.പി എബ്രഹാം, ബ്രദർ തോമസ് വടക്കേക്കൂറ്റ് തുടങ്ങിയവർ പ്രസംഗിക്കും.

ഉച്ചകഴിഞ്ഞ് പെന്തക്കോസ്തു ഉപദേശങ്ങളുടെ തനിമ എന്ന വിഷയത്തെ ആസ്പദമാക്കി പാസ്റ്റർ അനിൽ കൊടിത്തോട്ടം സിമ്പോസിയം അവതരിപ്പിക്കും. പാസ്റ്റർ സണ്ണി.പി.സാമുവൽ ആണ് മോഡറേറ്റർ. തുടർന്ന് പൊതു ചർച്ചയും നടക്കും.

## കൺവൻഷൻ

**തൊടുപുഴ:** ചർച്ച് ഓഫ് ഗോഡ് വണ്ണപ്പുറം കൺവൻഷൻ സഭാ ഹോളിനു സമീപം തയാറാക്കിയ പന്തലിൽ നടന്നു. പാസ്റ്റർ ബേബി ഐസക്ക് കൺവൻഷൻ ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ എം.കുഞ്ഞപ്പി, ഷിബു.കെ.മാത്യു, ഫിന്നി സ്റ്റീഫൻ എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു.

## വൈ.പി.ഇ സമ്മർക്യാമ്പ് ഏപ്രിലിൽ

**മുളക്കുഴ:** വൈ.പി.ഇ സമ്മർ ക്യാമ്പ് ഏപ്രിൽ മാസത്തിൽ നടക്കുമെന്ന് സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ വൈ. റെജി പത്തനാപുരത്ത് വച്ച് നടന്ന സ്റ്റേറ്റ് ക്യാമ്പിൽ പ്രഖ്യാപിച്ചു. സ്റ്റേറ്റ് ക്യാമ്പിൽ പാസ്റ്റർമാരായ എം.കുഞ്ഞപ്പി, ഡോ.കെ.ഒ.മാത്യു (യു.എ.ഇ നാഷണൽ ഓവർസിയർ), പിജി മാത്യൂസ്, പി.സി ചെറിയാൻ, ജോൺ ഫിലിപ്പ്, ഷിബു കെ.മാത്യു, രാജു തോമസ് എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു. 75 പേർ സുവിശേഷവേലയ്ക്ക് സമർപ്പിച്ചു.

## ഡിസ്ട്രിക്ട് കൺവൻഷൻ

**ഇടമൺ:** ചർച്ച് ഓഫ് ഗോഡ് ഇടമൺ ഡിസ്ട്രിക്ട് കൺവൻഷൻ 2011 ഫെബ്രുവരി 9-13 വരെ ഇടമൺ ദ്വാരകയിലുള്ള സഭയിൽ വച്ച് നടക്കും. ഡിസ്ട്രിക്ട് പാസ്റ്റർ പി.എൻ ഫിലിപ്പ് ഉത്ഘാടനം ചെയ്യും. റവ. എം.കുഞ്ഞപ്പി (സ്റ്റേറ്റ് ഓവർസീയർ) റവ. കെ.ജെ മാത്യു, എബി എബ്രഹാം, ബി.വർഗീസ്, പി.സി ചെറിയാൻ എന്നിവർ പ്രസംഗിക്കും. ഫെബ്രുവരി 13ന് ഡിസ്ട്രിക്ടിലെ 20 സഭകൾ ചേർന്നുള്ള "സംയുക്ത ആരാധന" ഉണ്ടായിരിക്കും. സ്പിരിച്ചൽ മെലഡീസ് ഗാനങ്ങൾ ആലപിക്കും. പാസ്റ്റേഴ്സ് ജോൺസൺ, മോൻസി ജോർജ്, കെ. തോമസുകുട്ടി, പി. തങ്കച്ചൻ, ബ്രദർ. പി.സി എബ്രഹാം തുടങ്ങിയവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തനം ആരംഭിച്ചു.

e-mail:
ysandhesham@saintly.com
Ph: 9446747100

# സിൽവർ ജൂബിലി



ഡേവിഡ് കുക്ക് പ്രസംഗിക്കുന്നു.

**ഡാളസ്:** 25 വർഷമായി ഡാളസിൽ പ്രവർത്തിച്ചുവരുന്ന നോർത്ത് ഡാളസ് ചർച്ച് ഓഫ് ഗോഡിന്റെ സിൽവർ ജൂബിലി ആഘോഷം ചർച്ച് ഓഡിറ്റോറിയത്തിൽ നടന്നു.

ചടങ്ങിൽ റവ. ഡേവിഡ് കുക്ക് വിശിഷ്ട അതിഥിയായിരുന്നു. സിൽവർ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് തയ്യാറാക്കിയ ചർച്ച് സുവനിയറിന്റെ പ്രകാശനം റവ. ഡേവിഡ് കുക്ക് പാസ്റ്റർ കെ.ഐ. കോരത്തിനും, ബ്രദർ ജോബ് ഡാനിയേലിനും നൽകി നിർവ്വഹിച്ചു. പാസ്റ്റർ ബാബു ഐപ്പ് ആഘോഷ പരിപാടികൾക്ക് നേതൃത്വം നൽകി.

തുടർന്ന് അനുഗ്രഹീത പാകിസ്ഥാനി ക്രൈസ്തവ ഗായിക സിസ്റ്റർ റിക്സൺ മസി, പ്രശസ്ത മലയാളം ക്രൈസ്തവ ഗായകൻ ജോസി പുല്ലാട്, ആൻസൻ മാത്യൂ എന്നിവരുടെ നേതൃത്വത്തിൽ സംഗീത സന്ധ്യ നടന്നു. പ്രോഗ്രാം കോർഡിനേറ്റർ ഷൈൻ ഐപ്പ്, സണ്ണി കുര്യാക്കോസ് എന്നിവർ നന്ദി അറിയിച്ചു.



ചർച്ച് ഓഫ് ഗോഡ് വൈ.പി.ഇ. കോട്ടയം സോണലും പീസ് വേ മിഷനും സംഘടിപ്പിച്ച മദ്യത്തിനും മയക്കുമരുന്നിനും എതിരായ റാലി പാസ്റ്റർ സജി ജോർജ്ജ് ഫ്ളാഗ് ഓഫ് ചെയ്ത് ഉദ്ഘാടനം ചെയ്യുന്നു. വൈ.പി.ഇ കോർഡിനേറ്റർ അജികുളങ്ങരയും, പീസ്വേ മിഷൻ കോർഡിനേറ്റർ തോമസ് കുരുവിളയും സമീപം.

# വനിതാ ക്യാമ്പ്

**പായിപ്പാട്:** ന്യൂ ഇൻഡ്യാ വിമൻസ് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ വനിതാക്യാമ്പ് നടന്നു. പായിപ്പാട് ന്യൂ ഇൻഡ്യാ ബൈബിൾ സെമിനാരിയിൽ നടന്ന ക്യാമ്പ് റവ. തോമസ് ഫിലിപ്പ് ഉദ്ഘാടനം ചെയതു. പാസ്റ്റർമാരായ പി.പി. കുര്യൻ, ഷാജി സി.ഡി സഹോദരിമാരായ ഡോ. ജെസി ജെയ്സൺ, ലില്ലിക്കുട്ടി ശാമുവേൽ, ഷീലാദാസ്, സിസി ബാബു ജോൺ, ശോഭാ കാർഡ്സ്, ഡിലൈറ്റ് സാം, ബെറ്റി ജോൺ ജേക്കബ്, ജെയ്നി മറിയം ജെയിംസ്, രമണി യോഹന്നാൻ, കുഞ്ഞുമോൾ പീറ്റർ, ലിസ വിജയൻ എന്നിവർ ശുശ്രൂഷിച്ചു. ന്യൂഇൻഡ്യാ വിമൻസ് ഫെലോഷിപ്പ് ക്വയർ ഗാനങ്ങൾ ആലപിച്ചു.

# പ്രകാശനം ചെയ്തു




സന്തോഷ് ജോസഫ് രചിച്ച പത്തു കഥകളുടെ സമാഹാരം 'അസ്തമയ നൊമ്പരം' ഐ.പി.സി കുമ്പനാട് കൺവൻഷനിൽ സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഫിലിപ്പ്.പി.തോമസ്, ജനറൽ വൈസ് പ്രസിഡന്റ് റവ.ബേബി വറുഗീസിനു നൽകി പ്രകാശനം ചെയ്യുന്നു.

നിറമില്ലാത്തവൾ, അവളോട് പറയാൻ മറന്നത്, ഓഫ്ലൈൻ, ഒരു ബക്കറ്റിന്റെ ആത്മകഥ, റെയ്ൻ, പാസ്റ്റമ്മാമ്മ, ടോപ്പ് റിപ്പോർട്ടർ, പുഴ ഒഴുകുന്നു, അസ്തമയനൊമ്പരം, എപ്പസ് ബിലീവർ തുടങ്ങിയ ഉള്ളുണർത്തുന്ന പത്തുകഥകളുടെ സമാഹാരമാണ് അസ്തമയ നൊമ്പരം.

# സിൽവർ ജൂബിലി സമ്മേളനം സമാപിച്ചു



സിൽവർ ജൂബിലി സമ്മേളനം ചെയർമാൻ പ്രൊഫ. പാസ്റ്റർ ടി.സി. മാത്യു ഉദ്ഘാടനം ചെയ്യുന്നു.

**ചെങ്ങന്നൂർ:** സാമൂഹ്യ സേവനവും ജീവകാരുണ്യ പ്രവർത്തനങ്ങളും നടത്തുന്ന ഹോസ്പിറ്റൽ മിനിസ്ട്രീസ് ഇൻഡ്യയുടെ സിൽവർ ജൂബിലി സമ്മേളനം കല്ലിശ്ശേരി പ്രത്യാശാ ഭവനിൽ സമാപിച്ചു. ചെയർമാൻ പ്രൊഫ. പാസ്റ്റർ ടി.സി മാത്യു ഉത്ഘാടനം ചെയ്തു. റവ. ഡോ.ടി.ജി കോശി, റവ.കെ.ജെ മാത്യു, റവ.പി.ജി മാത്യൂസ്, പാസ്റ്റർ എം.പി. ജോർജ്ജുകുട്ടി, റവ. എബ്രഹാം ജോർജ് കുവൈറ്റ്, റവ. എ.എം വർഗീസ് ന്യൂയോർക്ക് എന്നിവർ പ്രസംഗിച്ചു. ജൂബിലി ചാരിറ്റി പ്രോജക്ടിന്റെ ഭാഗമായി 16 പേർക്ക് ഭവന നിർമ്മാണ സഹായവും, 8 പേർക്ക് ചികിത്സാ സഹായവും, 7 പേർക്ക് വിദ്യാഭ്യാസ സഹായവും വിതരണം ചെയ്തു. ആദ്യകാല പ്രവർത്തകരായ 150 പേർക്ക് ഫലകം നൽകി ആദരിച്ചു. എച്ച്.എം.ഐ.കുവൈറ്റ് ചാപ്റ്റർ പ്രസിദ്ധീകരിച്ച ഗാനസമാഹാരം 'മഹത്വം' സി.ഡി പ്രകാശനം നിർവ്വഹിച്ചു. സിൽവർ ജൂബിലി പ്രസിദ്ധീകരണമായ 'തണൽ' സുവനീർ പാസ്റ്റർ പി.ജി മാത്യൂസ് പ്രകാശനം ചെയ്തു. സി.സി.വൈ.എം സമ്മാനദാനം പ്രൊഫ.ടി.സി.മാത്യു നിർവ്വഹിച്ചു. വൈസ് ചെയർമാൻ പ്രൊഫ.ടി.സി കോശി അദ്ധ്യക്ഷത വഹിച്ചു. അസ്സോ. ഡയറക്ടർമാരായ പാസ്റ്റർ വി.ജെ.തോമസ്, പി.സി തോമസ്, ടി.സി മത്തായി തുടങ്ങിയവർ നേതൃത്വം നൽകി. സി.സി.വൈ.എം ക്വയർ ഗാനങ്ങളാലപിച്ചു. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും 300 പ്രതിനിധികൾ പങ്കെടുത്തു.

**വെളിപ്പാടു പുസ്തകപഠനത്തിനുശേഷം എബ്രായ ലേഖനപഠനം യുഗാന്ത്യ സന്ദേശത്തിൽ ആരംഭിക്കുകയാണ്. എല്ലാ ലക്കങ്ങളിലെയും ചോദ്യങ്ങൾക്ക് ഉത്തരം എഴുതി വിജയികളാക്കുന്നവർക്ക് പഠനം പൂർത്തീകരിക്കുമ്പോൾ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ട്രോഫിയും നൽകി ആദരിക്കുന്നതാണ്.**

# 1 എബ്രായലേഖന പഠനം



**പാസ്റ്റർ ഷിബു കെ. മാത്യു**
B.D, M.Th

**പു**തിയ നിയമപുസ്തകങ്ങളിൽ ആശയത്തിലും ശൈലിയിലും ദൈവശാസ്ത്ര വീക്ഷണത്തിലും വളരെ വിഭിന്നമായി നിലകൊള്ളുന്ന ഒരു പുസ്തകമാണ് എബ്രായർക്ക് എഴുതിയലേഖനം. ആദിമ ക്രിസ്തീയസഭയുടെ വിശ്വാസങ്ങളും വ്യാഖ്യാനങ്ങളും ഉയർന്ന ദൈവശാസ്ത്ര ചിന്തകളും വെളിച്ചത്തു കൊണ്ടുവരുന്നു എന്നനിലയിൽ എബ്രായർക്ക് എഴുതിയ ലേഖനം വളരെ പ്രാധാന്യമർഹിക്കുന്നു. ക്രിസ്തുവിലുള്ള വിശ്വാസം മൂലം ദൈവജനം അനുഭവിക്കേണ്ടിവന്ന പീഡനങ്ങളുടെയും കഷ്ടതകളുടെയും സൂചനകളും ദൈവജനം ക്രിസ്തുവിൽ തങ്ങളുടെ നോട്ടം കേന്ദ്രീകരിക്കേണ്ട ആവശ്യകതയും ലേഖന കർത്താവ് വ്യക്തമാക്കുന്നു. യേശുക്രിസ്തുവിന്റെ ആളത്വത്തിന്റെ വിശേഷത ഇതിൽ ഉടനീളം കാണാം. യഹൂദരിൽ നിന്ന് പീഡനം ഏൽക്കേണ്ടിവന്ന ക്രിസ്തീയവിശ്വാസികളെ ദൈവത്തിന്റെ ആത്യന്തികവെളിപാടായ ക്രിസ്തുവുമായുള്ള ബന്ധത്തിൽ നിലനിർത്തുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

ഈ ലേഖനത്തിലെ ക്രിസ്തുവിജ്ഞാനീയം ശ്രദ്ധേയമാണ്. ക്രിസ്തുവിന്റെ മഹാ പൗരോഹിത്യം എന്നതാണ് ലേഖനത്തിന്റെ മുഖ്യപ്രമേയം. യേശുക്രിസ്തുവിന്റെ ജഡധാരണത്തെയും മഹത്ത്വീകരണത്തെയും പരാമർശിച്ചു കൊണ്ട് ദൂതന്മാരെക്കാളും മോശയെക്കാളും ശ്രേഷ്ഠനായൊരു നിത്യപുരോഹിതനായി യേശുവിനെ ലേഖന കർത്താവ് ഉയർത്തികാണിക്കുന്നു.

യഹൂദമതത്തിലെ യാഗങ്ങളും ആചാരാനുഷ്ഠാനങ്ങളും യേശുവിലൂടെ സാധ്യമായ രക്ഷാചരിത്രത്തിന്റെ നിഴൽ മാത്രമാണെന്നും, ക്രിസ്തുവിലുള്ള വിശ്വാസം മൂലം അനുഭവിക്കേണ്ടിവരുന്ന പീഡനങ്ങളുടെയും കഷ്ടതകളുടെയും സാഹചര്യങ്ങളിൽ യേശുക്രിസ്തുവിൽ വേരൂന്നിനിൽക്കുവാനും അവസാനത്തോളം വിശ്വസ്തരായിരിക്കുവാനും ലേഖനം ആഹ്വാനം ചെയ്യുന്നു.

## എബ്രായലേഖന പഠന ചോദ്യങ്ങൾ

1. എന്തുകൊണ്ടാണ് ഈ ലേഖനം പ്രാധാന്യം അർഹിക്കുന്നത്?
2. ഈ ലേഖനത്തിന്റെ പ്രധാന ഉള്ളടക്കങ്ങൾ എന്തെല്ലമാണ്?
3. ഈ ലേഖനത്തിന്റെ പ്രധാന ഉദ്ദേശ്യം എന്താണ്?
4. യേശുവിനെ എങ്ങനെയെല്ലാമാണ് ലേഖന കർത്താവ് ഉയർത്തി കാണിക്കുന്നത്?
5. ലേഖനം എന്താണ് ആഹ്വാനം ചെയ്യുന്നത്?

**പാഠഭാഗം ശ്രദ്ധിച്ച് വായിച്ച് ഉത്തരം കണ്ടെത്തുക.**

*ശരി ഉത്തരങ്ങൾ എല്ലാ മാസത്തിന്റേയും 25-ാം തീയതിയ്ക്കു മുമ്പായി താഴെയുള്ള വിലാസത്തിൽ അയയ്ക്കേണ്ടതാണ്.*

**YUGANTHYASANDHESHAM, P.O. BOX. 66,
THIRUVALLA-689 101, KERALA**

**സത്യാന്വേഷി**

# പൈതൃക മൂല്യങ്ങളെ കാത്തു സൂക്ഷിക്കുമ്പോൾ

വംശനാശം നേരിട്ടുകൊണ്ടിരിക്കുന്ന ഒരു വസ്ത്രത്തെ തന്നാലാവും വിധം സംരക്ഷിക്കാൻ തയ്യാറായൊരു വിശുദ്ധനെ സത്യാന്വേഷി കണ്ടു. ജനറൽ കൺവൻഷൻ പരിസരത്തെ ശീതളപാനീയ കടയിൽ കൂട്ടുകാർക്കൊപ്പം സോഡാനാരങ്ങാവെള്ളം കുടിക്കാനെത്തിയതായിരുന്നു കക്ഷി. പാസ്റ്ററായ ഇദ്ദേഹം സാധാരണയുള്ള പാസ്റ്റർ യൂണിഫോമല്ല ധരിച്ചിരിക്കുന്നത് ഫുൾ കൈയ്യൻ വെള്ളഷർട്ടും ഡബിൾ മുണ്ടുമായിരുന്നു വേഷം. എന്നാൽ നാരങ്ങാവെള്ളം കുടിക്കാൻ നിൽക്കുന്ന പാസ്റ്ററെ കണ്ടപ്പോൾ വെള്ളിത്തിരയിലെ ഗുണ്ടാനേതാവിനെയാണ് ഓർമ്മവന്നത്. പിതാക്കന്മാരുടെ പൈതൃക മൂല്യങ്ങളെ സംരക്ഷിക്കാനുള്ള പാസ്റ്ററുടെ പ്രവർത്തി പ്രത്യക്ഷത്തിൽ ലജ്ജാകരം തന്നെയായിരുന്നു. മുണ്ടുടുക്കുന്നതിൽ യാതൊരു തെറ്റുമില്ല എന്നാൽ അങ്ങാടിയിലെ ഫോട്ടാ രാഷ്ട്രീയ നേതാവിന്റെ നിലവാരമെങ്കിലും പുലർത്തണം. പൈതൃക മൂല്യങ്ങളെ കാത്തുസൂക്ഷിക്കുന്നത് അഭിനന്ദനാർഹം തന്നെ എന്നാൽ വർത്തമാനകാല ജനവികാരം മനസിലാക്കുവാൻ മറക്കരുത്.

**വനിതാ പംക്തി**

# ജയജീവിതം

ലീലാമ്മ ജോൺ, കൊല്ലം

**ന**മ്മുടെ ആയുസ്സിൽ തിരിച്ചുകിട്ടാത്ത ഒരു വർഷം കൂടി വിടവാങ്ങി. ജീവിതത്തിൽ കണ്ടിട്ടില്ലാത്ത പുതിയ വർഷത്തിലേക്ക് നാം പ്രവേശിച്ചു. 2010ൽ ജയജീവിതം നയിക്കുവാൻ സാധിച്ചോ? നമ്മുടെ ആത്മീയജീവിതം കുടുംബജീവിതം, ലൗകിയ ജീവിതം തുടങ്ങി എല്ലാ ജീവിതമണ്ഡലങ്ങളിലും ജയത്തോടെ ജീവിക്കുവാൻ സാധിച്ചോ എന്ന് നമുക്ക് വിലയിരുത്താം. 2011ൽ ജയജീവിതം നയിക്കണമെങ്കിൽ അതിനുള്ള ആഗ്രഹം നമ്മുക്കുണ്ടായിരിക്കണം, അതിനായി പ്രാർത്ഥിക്കണം, ചിലത് നാം പരിശീലിക്കുകയും, പ്രവർത്തിക്കുകയും വേണം. കൂടുതൽ സമയം ദൈവത്തിനായ് ചിലവഴിക്കണം. 1 തെസ്സ.5:16– ഇടവിടാതെ പ്രാർത്ഥിപ്പിൻ, എല്ലാറ്റിനും സ്തോത്രം ചെയ്‌വിൻ, ഇതല്ലോ നിങ്ങളെക്കുറിച്ച് ക്രിസ്തുയേശുവിൽ ദൈവേഷ്ടം. ഗലാ.6:10 അവസരം കിട്ടുംപോലെ നാം എല്ലാവർക്കും വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്ക. നാം എല്ലാവരും ഓട്ടക്കളത്തിൽ ഓടുന്ന ഓട്ടക്കാരാണ് അനേകരും ഓടുന്നു എങ്കിലും വിജയിക്കുന്നില്ല. വിജയികൾക്ക് മാത്രമെ പ്രതിഫലം ലഭിക്കുകയുള്ളൂ എന്ന് വെളിപ്പാട് പുസ്തകത്തിൽ പറയുന്നു. നമുക്കും പ്രതിഫലം ലഭിക്കുവാൻ തക്കവണ്ണം ജീവിക്കാം. ഓരോരുത്തരേയും വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാംവണ്ണം പൂർണ്ണവിനയത്തോടും, സൗമ്യതയോടും, ദീർഘക്ഷമയോടും കൂടെ നടക്കയും സ്നേഹത്തിൽ അന്യോന്യം പൊറുക്കയും ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും ചെയ്‌വീൻ എഫെ.4:1–3 1 തിമൊ 3:11 “അവ്വണ്ണം സ്ത്രീകളും ഘനശാലികളായി ഏഷണി പറയാതെ നിർമ്മദാമാരും എല്ലാറ്റിലും വിശ്വസ്തമാരുമായിരിക്കാം.


പ്രകൃതിയുടെ മടിത്തട്ടിൽ ആധുനികതയുടെ സൗകര്യങ്ങളുമായി ഒരു ക്രൈസ്തവ ടൗൺഷിപ്പ്.

31 British Designer Super Luxury Villas & Plots in 12, 10, 7, 5.5, 3.75 cents
BOOKING STARTED : 25 Studio Homes for Senior Citizens
Health Tourism · Smart City neighbourhood · Smart Home
Recurring Income at an absolute Faithcity spiritual atmosphere

നിങ്ങളുടെ പഴയ വീടിനും വസ്തുവിനും Exchange OFFER VILLAS & PLOTS

കൊച്ചി ഇന്റർനാഷണൽ എയർപോർട്ടിന്റെ സമീപെ ജി. സി. ഡി. എ. പരിധിക്കുള്ളിൽ നിർമ്മാണത്തിലിരിക്കുന്ന പുതിയ പാലത്തോടു ബന്ധിച്ച് എയർപോർട്ട്–കോട്ടയം റോഡും എറണാകുളം–പെരുമ്പാവൂർ റോഡും ആലുവ–മൂന്നാർ റോഡും ചേരുന്ന പ്രകൃതിരമണീയമായ പോഞ്ഞാശേരിയിൽ വിശ്വാസികൾക്കു മാത്രമായി ഒരു ടൗൺഷിപ്പ് ഒരുങ്ങുന്നു. അനുദിനം മൂല്യം വർധിക്കുന്ന സുരക്ഷിത നിക്ഷേപവും SBI Life ബോണ്ടും!

SBI Life BOND ensures - (i) 100% Returns on the current Purchase Value; (ii) Life insured; (iii) Medi Claim.

‘നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു’.
താങ്കളുടെ പ്രാർത്ഥനയ്ക്കും സഹകരണത്തിനും നന്ദി. ഞങ്ങൾ വാസ്തവമായി ഇതു വിശ്വസിക്കുന്നു.

SBI Life's 100% Money Return Plan
VILLAS AT 3 PAYMENT OPTIONS
TRUELY DESIRING A VILLA OF YOUR CHOICE? IT IS THEN READY FOR OCCUPATION IN 18 MONTHS.
SPECIAL OFFER TILL 31.08.2010
ATTRACTIVE SUBSIDIZATIONS



തികഞ്ഞ പ്രാർത്ഥനാന്തരീക്ഷത്തിൽ അൽപം മാത്രം ബാക്കിയുള്ള വില്ല പ്ലോട്ടുകൾ; 3 / 4 / 5 ബെഡ് റൂം വില്ലകൾ; സീനിയേഴ്സ് ഹോമുകൾ; റിട്രീറ്റ് സെന്റർ; തൊഴിലധിഷ്ഠിത ബൈബിൾ സെമിനാരി; വിദേശ മെഡിക്കൽ വിദ്യാഭ്യാസം ലക്ഷ്യമാക്കിയുള്ള ഹൈഷർ സ്പെഷ്യാലിറ്റി മെഡിക്കൽ സൊലൂഷൻസ്.

• 30,000SQFT. FOR BIBLE CONFERENCE • BANK HOME LOANS •

Board of Consultant Directors are renowned Professionals and eminent Men of God from major Christian Churches.

"Unless the LORD builds the house, its builders labour in vain" (Ps. 127:1)



for immediate booking Call or E-mail:
M/s GOODYEAR BUILDERS & ENGINEERS PTE. LTD
Engineers • Builders • Township Developers • Project Investors
POST BOX No: 2295 :: CRA/197, PALARIVATTOM, COCHIN - 682 025 :: INDIA.
Phone: (O) 91-484-2345846, 2330200, ® 91-484-2343956 Fax: 91-484-2345163, 2343956
Mob: 91-9447250583 Visit At: www.goodyearenterprises.com
Email: goodyear83@rediffmail.com info@goodyearenterprises.com

Victory Park JOINT VENTURE WITH SBI Life INSURANCE With Us, You're Sure

ECONOMY VILLAS
in 3.80cents
2 Storied, 3 Bed, 4 Baths
(Inclusive of wood - works)



GROUND FLOOR AREA - 66.14 M2
PORCH - 7.80 M2
FIRST FLOOR AREA - 47.50 M2
TOTAL FLOOR AREA - 121.44 M2
(1305.00 SQFT)

STANDARD VILLAS
In 5.5 cents
2 Storied - 3 Bed,1 Consultation Room, 4 Baths
(Inclusive of wood - works)



GROUND FLOOR AREA - 111.72 M2
PORCH - 11.34 M2
FIRST FLOOR AREA - 58.24 M2
TOTAL FLOOR AREA - 181.30 M2
(1950.79 SQFT)

LUXURY VILLAS
in 7 cents
2 Storied, 3 Bed, 1 Consultation Room, 4 Baths
(Inclusive of wood - works)



GROUND FLOOR AREA - 113.50 M2
PORCH - 16.60 M2
FIRST FLOOR AREA - 76.23 M2
TOTAL FLOOR AREA - 206.33 M2
(2220.11 SQFT)

SUPER LUXURY VILLAS
in 10 cents
2 Storied, 4 Bed, 1 Consultation Room, 6 Baths
(Inclusive of wood - works)



GROUND FLOOR AREA - 153.82 M2
PORCH - 25.94 M2
FIRST FLOOR AREA - 75.65 M2
TOTAL FLOOR AREA - 255.41 M2
(2748.21 SQFT)

SUPER LUXURY VILLAS
in 12 cents
2 Storied, 4 Bed, 1 Servant Room, 1 Consultation Room, 7 Baths
(Inclusive of wood - works)



GROUND FLOOR AREA - 174.65 M2
PORCH - 23.00 M2
FIRST FLOOR AREA - 109.05 M2
TOTAL FLOOR AREA - 306.70 M2
(3300.00 SQFT)

• HEALTH TOURISM • FIRE SAFETY • FLOOD LIGHTS • MINI SHOPPING CENTRE • CAFETERIA • DAY & NIGHT SECURITY •

18 മാസങ്ങളായി വിക്ടറി പാർക്കിനെതിരായി ഉയർന്നു വന്നിരുന്ന പ്രശ്നങ്ങളിൽ നിന്നെല്ലാം പ്രാർത്ഥന കേൾക്കുന്ന ദൈവം വിടുവിച്ച് സുഗമമായ പ്രവർത്തനങ്ങൾക്ക് 24–6–2010 ന് കേരള സർക്കാർ അംഗീകാരമായി, ഉത്തരവ് ലഭിച്ചിരിക്കുന്നു. പണികൾ ധ്രുതഗതിയിൽ പുരോഗമിക്കുന്നു.

**കൗൺസിലിങ്ങ്**

# ഭയത്തെ ഭയപ്പെടുമ്പോൾ



റവ. ജോൺസൺ ഡാനിയേൽ

മനുഷ്യനെ അനുദിനം കാർന്നുതിന്നുകൊണ്ടിരിക്കുന്ന ഒരു പ്രതിഭാസമാണ് ഭയം എന്ന വികാരം. ഈ ഭയം ജീവന് ഭീഷണി നേരിടുമ്പോഴുള്ള പ്രതികരണമാണ്. അരക്ഷിതത്വബോധത്തിൽ നിന്നും ആപത്ബോധത്തിൽ നിന്നും ഉണ്ടാകുന്ന ഭയവുമുണ്ട്. ഇതിന്റെ ഫലമായി പൊരുതുവാനോ ഓടി രക്ഷപ്പെടുവാനോ ഉള്ള നമ്മിലെ ചോദന ഉണരും.

ഇന്നത്തെ ആളുകളുടെ ജീവിതം സൂക്ഷ്മമായി ശ്രദ്ധിച്ചാൽ ഒരു കാര്യം വ്യക്തമാവും, മനുഷ്യരാശിക്കോ സമൂഹത്തിനോ മുന്നിലുള്ള ആപത്തുകളല്ല ആളുകളിൽ ഭയാശങ്കകൾ നിറയ്ക്കുന്നത്. വ്യക്തിപരമായ പ്രശ്നങ്ങൾ, ഓരോരുത്തരോടും ബന്ധപ്പെട്ട ചുറ്റുപാടുകൾക്കുള്ളിലെ അപകടസാധ്യതകൾ. ഇവയാണ് മിക്കവരെയും ഭയപ്പെടുത്തുന്നത്. സ്വന്തം തൊഴിലോ ജീവിതപങ്കാളിയോ മക്കളോ വീടോ വസ്തുക്കളോ നഷ്ടപ്പെടുമോയെന്നും മറ്റുമുള്ള ഭയമാണ് മിക്കവരെയും അലട്ടുന്നത്. ഭൂതകാലത്തെയും വർത്തമാനകാലത്തെയും ഭാവിയെയും കുറിച്ചുള്ള ഭയം അനേകം പേരുടെ ജീവിതത്തെ ഗ്രസിക്കുന്നു. അതിനാൽ തന്നെ അവരുടെ ജീവിതത്തിൽ ആഹ്ലാദമോ സന്തോഷമോ ഇല്ല. ഭയത്തിന്റെ പിടിയിൽ പെട്ടിരിക്കുന്നതുകൊണ്ട് പലർക്കും ജീവിതം ആസ്വദിക്കാനുള്ള കഴിവുതന്നെ നഷ്ടപ്പെടാറുണ്ട്.

ഭയത്തെ രണ്ടായി തരംതിരിക്കാൻ കഴിയും. യാഥാർത്ഥ്യത്തിൽ നിന്നുണ്ടാകുന്ന ഭയവും, അയഥാർത്ഥമായിട്ടുള്ള ഭയവും. ഇവിടെ നാം പറയുന്നത് അയാഥാർത്ഥമായ അഥവാ യുക്തിക്കു നിരക്കാത്ത ഭയത്തെക്കുറിച്ചാണ്. അത്തരം ഭയത്തെ ഫോബിയ (Phobia) എന്നാണ് വിളിക്കുന്നത്. സ്വാഭാവികഭയം ആവശ്യം തന്നെയാണ്; അതു പ്രകൃതിയുടെ ദാനവുമാണ്. അതില്ലെങ്കിൽ നാം പല അപകടങ്ങളിലും ചെന്ന് ചാടാനിടയുണ്ട്. ഉദാഹരണമായി അശേഷം ഭയമില്ലാതെ നാം ഒരു മൂർഖൻ പാമ്പിന്റെ അടുത്തു ചെന്നു അതിനെ കൈയിലെടുത്താലോ?

കടിച്ചില്ലെങ്കിലേ അത്ഭുതപ്പെടാനുള്ളൂ. എന്നാൽ അകലെക്കൂടി ഇഴഞ്ഞുപോകുന്നതോ കൂട്ടിലിട്ടിരിക്കുന്നതോ ആയ മൂർഖനെ കണ്ടു പേടിച്ചു നിലവിളിക്കുന്നത് യുക്തിസഹജമല്ല. ഇങ്ങനെ മിക്കവാറും ആരും തന്നെ ഭയപ്പെടാത്തതിനെ അതിരുവിട്ടു ഭയപ്പെടുന്നതാണ് ഫോബിയ. ഇത്തരത്തിൽ യാഥാർത്ഥ്യത്തിനു നിരക്കാത്ത ഭയം വെച്ചുപുലർത്തുന്ന ധാരാളം പേർ നമുക്കിടയിലുണ്ട്. ഒന്നല്ലെങ്കിൽ മറ്റൊരു ഭയം? ഉള്ളവരായിരിക്കും പലരും. മാരകമായ രോഗം പിടിപെടുമോ? കുട്ടികൾ സ്കൂളിൽ പോയാൽ ആപത്തു പറ്റുമോ? നന്നായി പരീക്ഷയെഴുതിയാലും തോറ്റു പോകുമോ? മുറിയിലിരിക്കുമ്പോൾ കെട്ടിടം തകർന്ന് തലയിൽ പതിക്കുമോ? അതുപോലെ ഇരിക്കുന്ന കസേരയുടെ കാലുകൾ ഒടിഞ്ഞു നിലത്തുവീഴുമോ എന്നു തുടങ്ങി എപ്പോഴും എവിടെയും ഭയമുണ്ടാകുന്നവരുണ്ട്.

എന്താണിതിനു കാരണം? ഇതെങ്ങിനെയുണ്ടാകുന്നു? ചെറുപ്രായത്തിൽ മുത്തശ്ശിക്കഥകളിലൂടെയോ മറ്റോ വ്യക്തിക്കു കിട്ടുന്ന പേടിപ്പെടുത്തുന്ന ഏതെങ്കിലും അറിവിലൂടെയോ ഫോബിയ അയാളിൽ കടന്നുകൂടിയേക്കാം. പലപ്പോഴും തെറ്റായതും വികലവുമായ അറിവായിരിക്കും അത്. ഇതുലഭിക്കുന്ന ആൾക്ക് വസ്തുനിഷ്ഠമായി ഇത്തരം അറിവിനെ മനസ്സിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ അയാൾ അതുവഴി ഭയത്തിന്റെ അടിമയായി മാറും. അമിതമായ പാമ്പുഭയം സാധാരണയായി മിക്ക ആളുകളിലും കാണാവുന്നതാണ്. കുട്ടിയായിരിക്കുമ്പോൾത്തന്നെ അവർ കേട്ട കഥകളിലും മറ്റും വളരെ ഭയാനകജീവികളായി പാമ്പുകൾ രംഗപ്രവേശം ചെയ്യാറുണ്ട്. ചിലപ്പോൾ പാമ്പ് കടിച്ച് ആരെങ്കിലും മരിച്ച കാഴ്ചയും ഭയത്തിന് കാരണമാകാം. അതുപോലെ രാത്രി സമയത്തുണ്ടാകുന്ന ഏതെങ്കിലും ഭീകരദൃശ്യമോ ശബ്ദമോ ഇരുട്ടിനോടുള്ള അമിതഭയം വളർത്തിയേക്കാം. ഇരുട്ടിൽ ആരോ നിൽക്കുന്നെന്നോ, വലിയ കറുത്ത പട്ടി നിൽക്കുന്നെന്നോ മറ്റോ തോന്നുകയോ വലിയ ഇടിമുഴക്കം കേട്ട് ഭയപ്പെടുകയോ ചെയ്താലാണ് ഇരുട്ടിനോടുള്ള ഭയം ശക്തിയായി ഒരാളിൽ ഉണ്ടാവുക. വീട്ടിൽ മുത്തശ്ശനോ മറ്റോ മരിച്ചെന്നിരിക്കട്ടെ, ആ മൃതദേഹത്തിനടുത്തിരുന്ന് എല്ലാവരും അലമുറയിട്ടു കരയുന്നതും, അതുവരെ ജീവിച്ചിരിക്കുന്ന ആൾ പെട്ടെന്നു മരിച്ചതും, അതിനെക്കുറിച്ചുള്ള ഞെട്ടിപ്പിക്കുന്ന ഓർമ്മയും ശവശരീരങ്ങളോടോ ശവസംസ്കാരചടങ്ങുകളോടോ ശ്മശാന ഭൂമിയോടോ ഉള്ള ഭയത്തിനിടയാക്കിയെന്നുവരാം. ഇതിനുപുറമെ പലപ്പോഴും ഇത്തരം ഭയങ്ങൾ കുട്ടികൾ കേൾക്കുകയോ വായിക്കുകയോ ചെയ്യുന്ന ഭീകരകഥകളിൽ നിന്നും ജന്മം കൊള്ളുന്നവയാണ്.

സാധാരണഗതിയിൽ കുട്ടികാലത്തുണ്ടാകുന്ന മിക്കഭയങ്ങളും വ്യക്തി വളർന്നു വരുന്നതനുസരിച്ച് കൂടുതൽ അറിവും അനുഭവങ്ങളും കൈവരിക്കുന്നതനുസരിച്ച് ക്രമേണ ഇല്ലാതാകുകയാണ് പതിവ്. ഭയപ്പെടേണ്ടതും ഭയപ്പെടേണ്ടാകാത്തതുമായ വസ്തുക്കളെയും സന്ദർഭങ്ങളെയും പറ്റി മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നതുകൊണ്ടാണ് ഈ മാറ്റം. എന്നാൽ ചിലരിൽ പ്രായമായാലും ശിശുസഹജമായ ഭീതി കാണപ്പെടാറുണ്ട്. ഇത്തരം വ്യക്തികൾക്ക് തങ്ങൾ ഭയക്കുന്ന വസ്തുവോ സഹചര്യമോ എന്തായാലും അവ ഭയപ്പെടേണ്ടതല്ലെന്ന് അറിയാമെങ്കിലും അവർക്കവയോട് കടുത്ത ഭയംതന്നെയായിരിക്കും.

ഭയത്തോടൊപ്പം ആകാംക്ഷയും മാനസിക സമ്മർദ്ദവും ഉണ്ടാകാറുണ്ട്. വ്യക്തി ആത്മവിശ്വാസമില്ലാത്തവനാണെങ്കിൽ അയാൾ നേരിടുന്ന സാഹചര്യത്തെ തനിക്ക് നേരിടാൻ ശക്തിയില്ലെന്ന് കരുതുന്നവരായിരിക്കും. ആപൽക്കരമല്ലാത്ത ഒന്നിനെപ്പറ്റിയുള്ള അയുക്തികവും സ്ഥായിയുമായ ഒരുതരം ഭീതി. ഉദാഹരണമായി പഴയ ഒരു വീടിനകത്ത് പ്രവേശിക്കുന്ന വ്യക്തി എട്ടുകാലിയെ അല്ലെങ്കിൽ പാറ്റയെ അതുമല്ലെങ്കിൽ പല്ലിയെ ഭയ്ക്കുന്ന ആളാണെങ്കിൽ അതയാൾക്ക് ദുസ്സഹമായ അനുഭവമായിത്തീരുന്നു. ഓരോ നിമിഷവുമയാൾ മരണത്തെ അഭിമുഖീകരിക്കുന്നുവെന്ന തോന്നലുണ്ടാകും.

ഒരു വ്യക്തി ഭയത്തിനടിമപ്പെടുമ്പോൾ ആ വ്യക്തിയിൽ പലമാറ്റങ്ങളും അനുഭവപ്പെടും. വയറ്റിൽ ഒരു കാളൽ അനുഭവപ്പെടുകയാണിതിന്റെ പ്രധാനലക്ഷണം. നെഞ്ചിൽ വലിയ ഭാരം അനുഭവപ്പെടുകയും ഹൃദയമിടിപ്പ് വേഗത്തിലാകുകയും ശ്വാസോച്ഛ്വാസം ക്രമം വിട്ട് ആയിത്തീരുകയും ചെയ്യുന്നു നാവുവരളുകയും തലകറക്കം അനുഭവപ്പെടുകയും ചെയ്തേക്കാം. വിറയിലും ബോധക്ഷയവും ചിലരിൽ കാണപ്പെടാറുണ്ട്. രക്തസമ്മർദ്ദം കൂടിയാൽ മുഖത്തേയ്ക്ക് രക്തം ഇരച്ചുകയറി മുഖം ചുവക്കുന്നു. ശരീരത്തിൽ വിയർപ്പു പൊടിയുന്നു. ഇങ്ങനെ വ്യക്തി ആകെ വല്ലാത്ത ഒരുവസ്ഥയിലായിത്തീരുന്നു. മനസ്സിലാകെ ചിന്താക്കുഴപ്പം ഉടലെടുക്കുകകൂടി ചെയ്യുമ്പോൾ ഒന്നും ചെയ്യാൻ കഴിയാത്ത ഒരവസ്ഥയിലെത്തുന്നു.

സ്വഭാവികമല്ലാത്ത അതിരുകവിഞ്ഞ ഭയവും മേൽപ്പറഞ്ഞ തരത്തിലുള്ള പ്രയാസങ്ങളും നിങ്ങൾക്കുണ്ടാകാറുണ്ട്? ഉണ്ടെങ്കിൽ ശ്രദ്ധിക്കണം. വിദഗ്ദനായ ഒരു കൗൺസിലറുടെ സാന്നിധ്യത്തിൽ നിങ്ങൾക്ക് അകാരണമായ ഭയത്തിന്റെ അടിമത്വത്തിൽ നിന്നും മോചനം നേടുവാനായി സാധിക്കും.

അകാരണമായ ഭയത്തിൽ നിന്നും മുക്തിനേടുന്നതിനുള്ള ആദ്യത്തെപ്പടി. അതിനായി ആഗ്രഹിക്കുക എന്നതാണ്. അതായത് ഭയത്തെ അതിജീവിക്കണമെന്ന് ദൃഢനിശ്ചയം ചെയ്യുക. രണ്ടാമത്തെ പടിയായി ചെയ്യേണ്ടത് നമ്മൾ ഭയപ്പെടുന്ന വസ്തുവിനെകുറിച്ചുള്ള തെറ്റിധാരണകളിൽ നിന്നും മോചനം നേടുക എന്നതാണ്. ഉദാഹരണമായി പാമ്പിനോട് അമിതഭയം പുലർത്തുന്നവർ, പാമ്പിനെകുറിച്ചുള്ള തെറ്റിധാരണകളിൽ നിന്നും മോചനം നേടണം. ധൈര്യം സംഭരിച്ച് സാവധാനത്തിൽ ഭയപ്പെടുത്തുന്ന സംഗതിയെ നേരിടുക എന്നതാണ് മൂന്നാമത്തെ പടി. ഈ നേരിടൽ രണ്ട് മനോഭാവത്തോടെയാവാം. ഒന്ന് ഭയത്തിനടിമയായ ഒരു പരാജിതനെപ്പോലെ രണ്ടാമത്തേത്. വിജയം നേടാൻ കച്ചകെട്ടി ഇറങ്ങുന്ന ഒരു മിടുക്കനെപ്പോലെ. പരാജിതഭാവമുള്ളയാൾ തന്റെ നിസ്സഹായതയെക്കുറിച്ചോർത്ത് സാവധാനം പിൻവാങ്ങും. എന്നാൽ വിജയഭാവമുള്ളയാൾ വിവേകത്തോടെയും നിശ്ചയദാർഢ്യത്തോടെയും ഭയപ്പെടുത്തുന്ന സംഗതിയെ നേരിടുന്നു. യഥാർത്ഥത്തിൽ നാം ആരെന്നും നമ്മുടെ ഭാഗധേയം എന്തെന്നും മനസിലാക്കി കഴിഞ്ഞാൽ ഭീതികളിൽ നിന്ന് ഓടിയൊളിക്കാൻ നാം ശ്രമിക്കില്ല. ഉചിതമായ അവസരങ്ങളിൽ മാത്രം നാം ഭയപ്പെടും. അവസ്ഥകളോടും സംഭവങ്ങളോടും യുക്തിപൂർവ്വം പ്രതികരിക്കാൻ അത്രത്തോളം ഭയം ആവശ്യമാണ്. എന്നാൽ ഭയം നമ്മുടെ ജീവിതത്തിൽ ആധിപത്യം പുലർത്തരുത്.

ശക്തനായ ഒരു വ്യക്തിയുടെ സാന്നിധ്യം നമ്മെ ഭയത്തിൽ നിന്ന് വിടുവിക്കുന്നു. സർവ്വശക്തനായ യേശുവിന്റെ സാന്നിധ്യം ഭയത്തെ നമ്മിൽ നിന്ന് അകറ്റുന്നു. യേശു ഉയിർത്തെഴുന്നേറ്റ ശേഷം ആദ്യം പറഞ്ഞ വാക്കുകളിലൊന്ന് 'ഭയപ്പെടേണ്ട' എന്നത്രെ (മത്താ.28:10) തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നു. ദൈവത്തോടും സഹജീവികളോടുമുള്ള സ്നേഹം നമ്മുടെ ഉള്ളിലെ ഭയത്തെ പുറത്താക്കുന്നു.

"നീ ഭയപ്പെടേണ്ടാ, ഞാൻ നിന്നോടുകൂടെ ഉണ്ടു; ഭ്രമിച്ചു നോക്കേണ്ട, ഞാൻ നിന്റെ ദൈവം ആകുന്നു, ഞാൻ നിന്നെ ശക്തീകരിക്കും. ഞാൻ നിന്നെ സ്നേഹിക്കും; എന്റെ നീതിയുള്ള വലങ്കൈകൊണ്ട് ഞാൻ നിന്നെ താങ്ങും." കൗൺസിലിംഗ് ശുശ്രൂഷകൾക്ക് ബന്ധപ്പെടുക.

പാ. ജോൺസൺ ഡാനിയേൽ
ഡയറക്ടർ
സിജിഐ കൗൺസിലിംങ് ഡിപ്പാർട്ട്മെന്റ്
മുളക്കുഴ – 9447799659
സൂസി ജോൺസൺ – 9495989659


## ഇത്രത്തോളം ഉയർത്തിയ ദൈവത്തിന് മഹത്വം

### ഓൾ ഇന്ത്യാ ലെവലിൽ 15–ാം റാങ്കിൽ
### 6th സെഞ്ചൂറിയൻ – തിരുവനന്തപുരം ഡിവിഷൻ

**TOT (Top of the Table), Corporate Club Member (MDRT + MDRT), ചെയർമാൻ ക്ലബ്ബ് മെമ്പർ, നേടുന്ന കേരളത്തിലെ ആദ്യത്തെ വനിത**



**സി. ജി. സാംകുട്ടി & സാറാമ്മ സാംകുട്ടി**

എൽ.ഐ.സി.യുടെ കൊട്ടാരക്കര ബ്രാഞ്ചിൽ 2007 - 2008 സാമ്പത്തിക വർഷത്തിൽ റിക്കാർഡുകൾ സൃഷ്ടിച്ച് കൊണ്ട് 600 പോളിസികളിൽ 6 കോടിയിൽ പരം ബിസിനസ് കരസ്ഥമാക്കി. രണ്ടര കോടി രൂപയുടെ ആദ്യ പ്രീമിയം ശേഖരിച്ച് തിരുവനന്തപുരം, കൊട്ടാരക്കര ഡിവിഷനിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന ഏക ഏജന്റ്, സോണലിൽ നാലാം സ്ഥാനത്തും ആകുന്നതിന് സഹായിച്ച ദൈവത്തിനും, സീനിയർ ബ്രാഞ്ച് മാനേജർ, അസി. മാനേജേഴ്സ്, ഡവലപ്മെന്റ് ഓഫീസേഴ്സ്, ബ്രാഞ്ചിലെ എല്ലാ ജീവനക്കാർക്കും, ഇന്ത്യയിലും, യു.എസ്.എ, ഇംഗ്ലണ്ട്, യൂറോപ്പ്, ഗൾഫ്, ആസ്ത്രേലിയ, സിങ്കപ്പൂർ, മലേഷ്യ എന്നീ രാജ്യങ്ങളിലുള്ള എല്ലാ പോളിസി ഉടമകളോടുമുള്ള ഞങ്ങളുടെ നന്ദിയും സ്നേഹവും അർപ്പിക്കുന്നു.

ബ്രദർ സി. ജി സാംകുട്ടി, ഇന്ത്യാ ദൈവസഭ കേരളാ സ്റ്റേറ്റ് സൗത്ത് സോൺ സെക്രട്ടറി, സ്റ്റേറ്റ് ബോർഡ് എക്സിക്യൂട്ടീവ് മെമ്പർ,അടൂർ നോർത്ത് ഡിസ്ട്രിക്റ്റ് ട്രഷറർ, ഏനാത്ത് സഭാ സെക്രട്ടറി എന്നീ പദവികളിൽ പ്രവർത്തിച്ചു വരുന്നു. മക്കൾ ജെമി സാം, ജെം സാം. തുടർന്നും ഏവരുടേയും സഹായസഹകരങ്ങൾ ഞങ്ങൾ പ്രതീക്ഷിക്കുന്നു.

**എൽ.ഐ.സി. ഓഫ് ഇന്ത്യ അഭിമാനപുരസരം അവതരിപ്പിക്കുന്നു....**
**നിങ്ങൾ ഏറെക്കാലമായി കാത്തിരുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി....!!**

**എൽ.ഐ.സി. യുടെ ഹെൽത്ത് പ്ലസ് (T901)**

എന്തുകൊണ്ട് Health Insurance?

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ജീവിതക്രമത്തിൽ വിദഗ്ധ ചികിത്സയുടെ ആവശ്യകത വർദ്ധിച്ചുവരികയാണ്. ഏതുതരം മുന്തിയ ചികിത്സാ സൗകര്യങ്ങളും ഇന്നു നമ്മുടെ രാജ്യത്ത് ലഭ്യമാണ്. എന്നാൽ ചികിത്സാ ചിലവുകൾ ഭീമമായി വർദ്ധിക്കുന്നു എന്നത് യാഥാർത്ഥമാണ്. ഇതു നമ്മുടെ സാമ്പത്തിക ആരോഗ്യ സുരക്ഷിതത്വത്തെ അപകടത്തിലാക്കും. എൽ.ഐ.സി.യുടെ ഹെൽത്ത് പ്ലസ് നിങ്ങളുടെയും, കുടുംബത്തിന്റെയും ആരോഗ്യസുരക്ഷയും സാമ്പത്തിക സുരക്ഷയും ഉറപ്പാക്കുന്നു.

**സവിശേഷതകൾ:**

- ഒരു യൂണിറ്റ് ലിങ്ക്ഡ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി allocated premium ത്തിന്റെ പത്ത് ശതമാനം മുതൽ അമ്പത് ശതമാനം വരെ ഓഹരി വിപണിയിൽ നിക്ഷേപിക്കുന്നു.
- ചേരാവുന്ന പ്രായം 18 മുതൽ 55 വരെ, പോളിസ് കാലാവധി പ്രിൻസിപ്പൽ ഇൻഷ്വേർഡിന് 65 വയസ് എത്തുന്നതുവരെ.
- പോളിസിയിൽ ആവശ്യമെങ്കിൽ ഭർത്താവ് /ഭാര്യ, പ്രായപൂർത്തിയാക്കാത്ത കുട്ടികൾ (3 മാസം മുതൽ 17 വയസുവരെ) എന്നിവരെക്കൂടി ഉൾപ്പെടുത്താവുന്നതാണ്. ചില പ്രധാനപ്പെട്ട ഡെപ്പോസിറ്റ് സ്കീമുകൾ നിർത്തലാക്കുന്നതിനാൽ ഉടൻ ഞങ്ങളുമായി ബന്ധപ്പെടുക

**Head office:**
LIC of India, Jeevan Jyothi
Policy Service Centre, Unity Tower
Opp. Pvt. Bus Stand, Pulamon, Kottarakkara

**Branch Office:**
ജീവൻ ജ്യോതി LIC പോളിസി സർവ്വീസ് സെന്റർ,
ഏനാത്ത് പാലം, കുളക്കട പി.ഒ., കൊല്ലം
Ph: 04734 325341
**Mob: 9447192916, 9446185886**

**RESIDENCE:** ഗിൽഗാൽ ജെം ഭവൻ, ഏനാത്ത് പി.ഒ., പത്തനംതിട്ട – 691 526. Res: 04734 - 212916, 210795

**എൽ.ഐ.സി.യുടെ പോളിസി സംബന്ധമായ എല്ലാ ആവശ്യങ്ങൾക്കും ഈ ഓഫീസുകളുമായി ബന്ധപ്പെടാവുന്നതാണ്.**

| | |
|---|---|
| **എൽ.ഐ.സി കൊട്ടാരക്കര ബ്രാഞ്ചിൽ ഇൻഷുറൻസ് അഡ്വൈസറെ (ഏജന്റ്) ആവശ്യമുണ്ട്.** | മിനിമം വിദ്യാഭ്യാസ യോഗ്യത **എസ്.എസ്.എൽ.സി പാസ്സായിരിക്കണം.** ഉടൻ ബന്ധപ്പെടുക. **Mob: 9447192916, 9446185886** |

**പുതിയ പോളിസികൾ എടുക്കുന്നതിന് ചുരുങ്ങിയ കാലയളവിൽ വലിയ ലാഭം കിട്ടുന്ന ഡിപ്പോസിറ്റ് സ്കീമുകളിൽ ചേരുവാനും ഞങ്ങളെ സമീപിക്കുക**

# സുവിശേഷ പ്രവർത്തിക്കായി
# ഇതാ ഒരു സന്തോഷവാർത്ത

## നിങ്ങൾ ആഗ്രഹിച്ചിരുന്ന ഒരുസമ്പൂർണ്ണ ബൈബിൾ പഠനഗ്രന്ഥം

# സത്യഗ്രന്ഥം ചരിത്രം, റഫറൻസ് & കൺകോഡൻസ്

## എന്നു പേരുള്ള ബഹൃത്ഗ്രന്ഥത്തെക്കുറിച്ച് അല്പകാര്യങ്ങൾ

**1.വിവർത്തനം**

a. മൂലഭാഷകളായ ഹീബ്രൂവിൽനിന്നും ഗ്രീക്കിൽ നിന്നുമുള്ള പ്രഗത്ഭരായ ഹീബ്രൂ പണ്ഡിതന്മാരും ഗ്രീക്കു പണ്ഡിതന്മാരും ചേർന്ന് വിവർത്തനം നിർവ്വഹിച്ച സമ്പൂർണ്ണ ബൈബിൾ വിവർത്തനമാണ് -സത്യഗ്രന്ഥം.

b. മറ്റു വിവർത്തനങ്ങളിൽ കടന്നുകൂടിയിട്ടുള്ള 378 വിവർത്തനപിശകുകൾ തിരുത്തി വചനത്തോടും മൂലഭാ ഷയോടും പൂർണ്ണമായി നീതി പുലർത്തിക്കൊണ്ട് ദൈവദാസന്മാരായ പണ്ഡിതന്മാർ ഉപവാസത്തോടും പ്രാർത്ഥനയോടും കൂടി നിർവ്വഹിച്ച ബൈബിൾ വിവർത്തനമാണ് -സത്യഗ്രന്ഥം.

**ഉദാ:** യഹോവയുടെ കോപം വീണ്ടും യിസ്രായേലിന്റെ നേരെ ജ്വലിച്ചു: നീ ചെന്ന് യിസ്രായേലിനെയും യെഹൂദയെയും എണ്ണുക എന്നിങ്ങനെ അവർക്കു വിരോധമായി ദാവീദിനു തോന്നിപ്പിച്ചു. എന്ന് 2 ശമൂവേൽ 24:1-ൽ പറഞ്ഞിരിക്കുന്നു.

എന്നാൽ ഇതേ സംഭവം 1 ദിനവൃത്താന്തം 21:1-ൽ അനന്തരം സാത്താൻ യിസ്രായേലിനു വിരോധമായി എഴുന്നേറ്റു യിസ്രായേലിനെ എണ്ണുവാൻ ദാവീദിനു തോന്നിപ്പിച്ചു. എന്നാണ് വിവർത്തനം ചെയ്തിരിക്കുന്നത്.

ഈ അദ്ധ്യായങ്ങളിൽ മാത്രം നാലിടത്ത് വിവർത്തന പിശകുകൾ വന്നിട്ടുണ്ട്.

2 ശമൂവേൽ 24:9-ാം വാക്യത്തിൽ യോദ്ധാക്കൾ എട്ടു ലക്ഷവും യെഹൂദ്യർ അഞ്ചുലക്ഷവും എന്നു പറഞ്ഞിരിക്കുമ്പോൾ 1 ദിനവൃത്താന്തം 21:5-ാം വാക്യത്തിൽ ആയുധപാണികൾ എല്ലാംകൂടി പതിനൊന്നു ലക്ഷംപേർ യെഹൂദയിൽ ആയുധപാണികൾ നാലുലക്ഷത്തെഴുപതിനായിരം എന്നാണ്

അതുപോലെ തന്നെ 2 ശമൂവേൽ 24:13-ൽ ഏഴു സംവത്സരം എന്നു പറഞ്ഞിരിക്കുമ്പോൾ 1 ദിനവൃത്താന്തം 21:12-ാം വാക്യത്തിൽ മൂന്ന് സംവത്സരം എന്നാണ് പറഞ്ഞിരിക്കുന്നത്.

2 ശമൂവേൽ 24:24-25-ൽ അരവ്നയോടു ദാവീദ് രാജാവ് കളത്തെയും കാളകളെയും അമ്പത് ശേക്കൽ വെള്ളിക്ക് വാങ്ങി ദാവീദ് യഹോവെക്ക് അവിടെ ഒരു യാഗപീഠം പണിതു എന്നാണ് കാണുന്നത് എന്നാൽ 1 ദിനവൃത്താന്തം 21:25-ൽ അറുനൂറ് ശേക്കൽ പൊന്ന് ഒർന്നോന് കൊടുത്തു ദാവീദ് അവിടെ യഹോവെക്ക് ഒരു യാഗപീഠം പണിതു എന്നാണ് കാണുന്നത് ഒരു അദ്ധ്യായത്തിൽ മാത്രം ഇത്രയും വിവർത്തന പിശകുകൾ കടന്നുവന്നിരിക്കുന്നു.

എന്നാൽ. മൂലഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നത് എന്താണ് എന്ന് അറിയണമെങ്കിൽ സത്യഗ്രന്ഥം ചരിത്രം, റഫറൻസ് & കൺകോഡൻസ് നിങ്ങൾ വാങ്ങുകയും വായിക്കുകയും വേണം അതിൽ ബൈബിൾ വിവർത്തന പിശകുകൾ 378 എണ്ണം മൂലഗ്രന്ഥത്തിലുള്ളതുപോലെ ശരിയായ അർത്ഥത്തിൽ തന്നെ സത്യഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു. എന്നുമാത്രമല്ല തിരുത്തലുകൾ തിരിച്ചറിയേണ്ടതിനായി അടിക്കുറിപ്പും നല്കിയിരിക്കുന്നു.

ഇനി മറ്റൊരു വിവർത്തന പിശക് കാണിക്കട്ടെ

യെശയ്യാപ്രവാചകന്റെ പുസ്തകം അമ്പത്തിമൂന്നാം അദ്ധ്യായം ഒമ്പതാം വാക്യത്തിൽ ഉണ്ടായിരിക്കുന്ന വിവർത്തന പിശക് പുതിയ നിയമ വിശ്വാസിത്തിന്റെ അടിസ്ഥാനത്തെ തന്നെ തകർക്കുന്ന തരത്തിലാണ് "അവർ അവന് ദുഷ്ടന്മാരോടുകൂടെ ശവക്കുഴികൊടുത്തു; അവന്റെ മരണത്തിൽ അവൻ സമ്പന്നന്മാരോടു കൂടെയായിരുന്നു ". യെശ. 53:9; യേശുവിന്റെ ശവക്കുഴി ദുഷ്ടന്മാരോടുകൂടെയായിരുന്നില്ല. ശ്രേഷ്ഠമന്ത്രിയും ധനവാനും ദൈവരാജ്യത്തെ കാത്തിരിക്കു ന്നവനുമായ അരിമത്ഥ്യയിലെ യോസേഫ് താൻ പാറയിൽ വെട്ടിച്ചിരുന്ന തന്റെ പുതിയ കല്ലറയിലാണ് യേശുവിന്റെ ശരീരം വെച്ചത് അല്ലാതെ ദുഷ്ടന്മാരോടുകൂടെയായിരുന്നില്ല. അവന്റെ മരണത്തിൽ അവൻ സമ്പന്നന്മാരോടു കൂടെയായിരുന്നു എന്നതും ശരിയല്ല കാരണം യേശുവിന്റെ ക്രൂശുമരണസമയത്ത് കള്ളന്മാരുടെ നടുവിലായിരുന്നു. അല്ലാതെ സമ്പന്നന്മാരോടുകൂടെയായിരുന്നില്ല. ഇപ്പോൾ നിലവിലുള്ള വിവർത്തനങ്ങളിൽ കാണുന്നതുപോലെ "അവർ അവന് ദുഷ്ടന്മാരോടുകൂടെ ശവക്കുഴികൊടുത്തു; അവന്റെ മരണത്തിൽ അവൻ സമ്പന്നന്മാരോടു കൂടെയായിരുന്നു ".എന്നാണെങ്കിൽ നിശ്ചയമായും യെഹൂദന്മാർ കാത്തിരിക്കുന്നതുപോലെ മിശിഹായുടെ വരവിനായി കാത്തിരിക്കേണ്ടിയിരിക്കുന്നു.

എന്നാൽ യേശുവിന്റെ മരണവും ശവക്കുഴിയും ഇന്നുള്ള വിവർത്തനങ്ങളിൽ കാണുന്നതുപോലെയല്ലാ മൂലഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നത് അത് അറിയുവാൻ സത്യഗ്രന്ഥം ചരിത്രം, റഫറൻസ് & കൺകോഡൻസ് നിങ്ങൾ വാങ്ങുകയും വായിക്കുകയും വേണം ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല. റോമ. 8:1; ഇവിടെ ഇത്രയും വാക്കുകൾ മാത്രമല്ല മൂലഗ്രന്ഥത്തിലുള്ളത്. ഈ വാക്യത്തെ നിങ്ങൾ എപ്രകാരം വിലയിരുത്തുന്നു ഈ വാക്യം യഥാർത്ഥ സത്യമെന്ന് അഥവാ മൂലഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നത് ഇങ്ങനെ തന്നെയാണെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ വചനസത്യങ്ങൾ സത്യത്താൽ തന്നെ മനസ്സിലാക്കുകയും പഠിക്കുകയും ചെയ്യണമെങ്കിൽ സത്യഗ്രന്ഥം ചരിത്രം, റഫറൻസ് & കൺകോഡൻസ് നിങ്ങൾ വാങ്ങുകയും വായിക്കുകയും വേണം

അവൻ, നീ എന്നീ സംബോധനകൾ ഇഷ്ടപ്പെടാത്ത നിസ്സാരനായ മനുഷ്യൻ ജീവനുള്ള ദൈവത്തെ അവൻ, നീ എന്നുവിളിക്കുവാൻ ശങ്കിക്കുന്നില്ല എന്നാൽ സത്യഗ്രന്ഥത്തിൽ ദൈവത്തിനോ യേശുവിനോ അവൻ, നീ എന്നീ വാക്കുകൾ മറ്റുവിവർത്തനങ്ങളിൽ ഉപയോഗിക്കുന്നതുപോലെ സത്യഗ്രന്ഥത്തിൽ ഉപയോഗിക്കുന്നില്ല അതിനുപകരം ദൈവത്തെയും യേശുവിനെയും ഭയത്തോടും വിറയലോടും ബഹുമാനത്തോടും കൂടെ അങ്ങ്, അവിടുന്ന്, അവിടുത്തെ, അങ്ങയോട്, അങ്ങേക്ക്, എന്നിങ്ങനെയാണ്. വളിക്കുവാൻ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ (ദൈവത്തിനോ യേശുവിനോ അദ്ദേഹം എന്ന വാക്കു സത്യഗ്രന്ഥത്തിൽ ഉപയോഗിച്ചിട്ടില്ല) സത്യഗ്രന്ഥത്തിൽ വിവർത്തനപിശകുകൾ 378 എണ്ണം മൂലഗ്രന്ഥത്തിലുള്ളതുപോലെ ശരിയായ അർത്ഥത്തിൽ തന്നെ സത്യഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു.

### സത്യഗ്രന്ഥത്തെക്കുറിച്ച്
### ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് ഓവർസീയർ
### റവ. എം. കുഞ്ഞപ്പി പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക.

## സത്യഗ്രന്ഥം ഈ കാലഘട്ടത്തിന് ആവശ്യം

**വേ**ദപസ്തക സത്യങ്ങളെപ്പറ്റി പഠിക്കുവാൻ ആഗ്രഹിക്കുന്ന ഏതൊരു പഠിതാവിനും മാറ്റി വയ്ക്കുവാൻ കഴിയാത്ത ഏറ്റവും ഉത്തമമായ പഠന സഹായി. ബൈബിൾ വിവർത്തനത്തിൽ വന്ന പോരായ്മകൾ ചൂണ്ടി കാണിച്ച് ശരിയായ രീതിയിൽ വിവർത്തനം ചെയ്ത് ലളിതമായ മലയാള ഭാഷയിൽ ആശയസമ്പുഷ്ടമായ വ്യാഖ്യാനങ്ങൾ കൊടുത്ത് അടിസ്ഥാന ഉപദേശങ്ങൾക്ക് കോട്ടം വരുത്താതെ ചാർട്ടുകളും അപ്പോസ്തലന്മാരുടെ മിഷനറി യാത്രയുടെ ഭൂപടങ്ങളും യെഹൂദാചരിത്രവും രക്തസാക്ഷികളുടെ ചരിത്രങ്ങളും ദൈവസഭയെ പീഡിപ്പിച്ചവരുടെ വിവരങ്ങളും വേദപുസ്തക ഭൂമിശാസ്ത്രങ്ങളുടെ വിവരങ്ങളും വേദപുസ്തകത്തിൽ പറയുന്ന പഴയപേരുകളിൽ ഇന്നു വന്നിട്ടുള്ള വ്യത്യാസം ചൂണ്ടിക്കാണിച്ചുകൊണ്ടും ഓരോ രാജ്യത്തിന്റെ വിസ്തൃതി, ഔദ്യോഗിക ഭാഷ, സാക്ഷരത, തലസ്ഥാനം, പ്രമുഖ നഗരങ്ങൾ, നാണയം, പ്രധാന മതങ്ങൾ തുടങ്ങി അത്യാവശ്യം ഏവരും അറിഞ്ഞിരിക്കേണ്ട വിവരങ്ങൾ ഉൾക്കൊള്ളിച്ച് സത്യഗ്രന്ഥം എന്ന പഠനഗ്രന്ഥം ബ്രദർ സണ്ണി കളമ്പുകാട്ടുശ്ശേരിയുടെ പൂർണ്ണ ഉത്തരവാദിത്വത്തിൽ സത്യഗ്രന്ഥം പബ്ലിക്കേഷൻസ് പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം ഉണ്ട്. ഈ ഗ്രന്ഥത്തിന്റെ പിന്നിൽ അദ്ധ്വാനിക്കുന്ന ഏവർക്കും ഞങ്ങളുടെ ആശംസകൾ.

### റവ. ഡോ.കെ. സി. ജോൺ
### ഐ.പി.സി. ജനറൽ പ്രസിഡന്റ് പറഞ്ഞിരിക്കുന്നതും കാണുക

സണ്ണി കളമ്പാട്ടുശ്ശേരിയുടെ 22 വർഷത്തെ അദ്ധ്വാനഫലമായി രചിച്ച സത്യഗ്രന്ഥം എന്ന പുസ്തകത്തെറിച്ച് അറിയുവാനിടയായി. മറ്റ് ഇതര ഭാഷകളിൽ പോലും പ്രസിദ്ധീകരിക്കപ്പെടാത്ത ഇത്തരമൊരു റഫറൻസ് ഗ്രന്ഥം ഏതൊരു ബൈബിൾ പഠിതാവിനും വളരെ പ്രയോജനകരമാണ്. ഈ ബ്രഹത്തായ സത്യഗ്രന്ഥം പുറത്തിറക്കുവാൻ നീണ്ട വർഷങ്ങൾ യത്നിച്ച ശ്രീ. സണ്ണി കളമ്പാട്ടുശ്ശേരിക്ക് എല്ലാവിധ ആശംസകളും നേരുന്നു.

22.12 .2010-ൽ ഐ.പി.സി. സ്റ്റേറ്റ് കൗൺസിൽ പ്രസിഡന്റ് റവ. കെ.എം. ജോസഫ് സത്യഗ്രന്ഥം പുത്തൻ കുരിശ് ഓഫീസ് സന്ദർശിക്കുകയും അനുഗ്രഹ പ്രാർത്ഥന നടത്തുകയും സത്യഗ്രന്ഥം പബ്ലിക്കേഷൻസിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ ഉപദേശങ്ങൾ നല്കി സത്യഗ്രന്ഥം പബ്ലിക്കേഷൻസിന്റെ പ്രവർത്തനങ്ങളെ ബലപ്പെടുത്തുകയും ചെയ്യുകയുണ്ടായി അനുഗ്രഹിക്കപ്പെട്ട വിശുദ്ധന് സത്യഗ്രന്ഥം പബ്ലിക്കേഷൻസ് പ്രവർത്തകരുടെ നന്ദി പ്രത്യേകമായി അറിയിക്കുന്നു.



### സൗജന്യ കാറ്റ്ലോഗിനും കൂടുതൽ വിവരങ്ങൾക്കുമായി ഞങ്ങൾക്ക് എഴുതുക

**ഞങ്ങളുടെ വിലാസം:**

# സത്യഗ്രന്ഥം പബ്ലിക്കേഷൻസ്

IX/594, ഒന്നാം നില, ഗവ. സർവ്വന്റ്സ് സഹകരണ സംഘം ബിൽഡിംഗ്, പി. ഒ. പുത്തൻ കുരിശ്.

682 308; ഫോൺ: 0484; 311 3559 +919142 404 045; +919495 812 791; +91 9400189886

സത്യഗ്രന്ഥം (ചരിത്രം, റഫറൻസ് & കൺകോഡൻസ്) ഏജന്റുമാരായി പ്രവർത്തിക്കുവാൻ താല്പര്യമുള്ള സഭാശുശ്രൂഷകന്മാരും, സുവിശേഷ പ്രവർത്തകരും സത്യഗ്രന്ഥം ഓഫീസുമായി ബന്ധപ്പെടുക. കൂടുതലായി അറിയുവാൻ തുടർന്നും ഈ പത്രിക വായിക്കുക.

തുടരും

# ചർച്ച് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ ദൃശ്യങ്ങൾ

▸▸ സ്വർഗ്ഗീയാലാപനത്തിന്റെ ശ്രവണമാധുരി ▸▸ ഹൃദയസ്പർശിയായ വചന ദൂതുകൾ ▸▸ സ്വർഗ്ഗസമ്മേളിതമായ പ്രാർത്ഥനാ നിമിഷങ്ങൾ ▸▸ പൂർവ്വ കാല ഉണർവ്വിനെ അനുസ്മരിപ്പിക്കുന്ന ആത്മപകർച്ചയുമായി ശനിയാഴ്ചരാത്രി! ▸▸ പതിനായിരങ്ങൾ ഒത്തുചേർന്ന സംയുക്ത ആരാധന ▸▸ ഉദ്ഘാടന ദിനം മുതൽ ജനത്തിരക്ക്... ▸▸ സ്വാദിന്റെ നവരസങ്ങളുമായി സുഭിക്ഷഭോജനം... ▸▸ ആത്മനിയന്ത്രണപരമായ അനർഘ നിമിഷങ്ങൾ


പാസ്റ്റർ എം.കുഞ്ഞപ്പി കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നു.



ബിഗ്മൂവ് ക്വയറിന്റെ ഗാനശുശ്രൂഷ



1,2. സൂസൻ ബി.ജോൺ, മോഹൻ കാഞ്ഞിരമണ്ണിൽ എന്നിവരുടെ സി.ഡി. പ്രകാശനം. 3. ഗ്രാജുവേഷൻ. 4,5. റവ. ഡഗ്ലസ് ലീ റോയി, കെൻ ആൻഡേഴ്സൺ എന്നിവരെ ആദരിക്കുന്നു



1. YWEA പ്രൊജക്ട് കേരളത്തിന് അനുവദിച്ചതിനുള്ള ഉപഹാരം. 2. YWEA ശിലാ അനാച്ഛാദനം. 3. മുളക്കുഴയിൽ പുതിയ ചിൽഡ്രൻസ് ഹോം ശിലാസ്ഥാപനം. 4,5. മോഹൻ കാഞ്ഞിരമണ്ണിലിനും സൂസൻ ബി.ജോണിനും ഉള്ള ഉപഹാരങ്ങൾ കൈമാറുന്നു.


ഭക്ഷണശാല....



ശ്രുതിമധുരമായ ഗാനശുശ്രൂഷ


റവ. ഡഗ്ലസ് ലീ റോയി, റവ. കെൻ ആൻഡേഴ്സൺ, റവ. റ്റി. തോമസ്, റവ. കെ.ജെ. മാത്യു, അനിൽ കോച്ചർ


റവ. സണ്ണി താഴാംപള്ളം, റവ. പി. ആർ. ബേബി, റവ. പി.ജി. മാത്യൂസ്, റവ. എം.കെ. തോമസ്, റവ. പി.എ.വി.സാം


പ്രൊഫ. സുശീൽ മാത്യു, റവ. എ.എം. വർഗീസ്, റവ. ജോസഫ് സാമുവേൽ, റവ. ജോൺ തോമസ്, റവ. ഷാജി കെ. ഡാനിയേൽ



റവ. പി.ഐ. ഏബ്രഹാം, റവ. രാജു തോമസ്, റവ. കെ.സി. ജോൺ, റവ. ജോൺസൻ സഖറിയ


ജോർദ്ദാൻ –> പാലസ്തീൻ –> ഇസ്രയേൽ

യെരുശലേമിലേക്ക്



"അവൻ ഉയിർത്തെഴുന്നേറ്റു; അവൻ ഇവിടെ ഇല്ല; അവനെ വച്ച സ്ഥലം ഇതാ"
യെരുശലേമിൽ യേശുവിനെ അടക്കം ചെയ്ത കല്ലറയ്ക്ക് സമീപം അച്ചൻകുഞ്ഞ് ഇലന്തൂർ

എല്ലാ മാസവും ടൂറുകൾ

സഭകൾക്കും മിഷൻ സംഘടനകൾക്കും വേണ്ടി പ്രത്യേകം പാക്കേജുകൾ!

പ്രത്യേകതകൾ

▸▸ സ്റ്റാർ ഹോട്ടലുകളിൽ താമസം ▸▸ മൂന്നുനേരവും വിഭവസമൃദ്ധമായ ഭക്ഷണം ▸▸ മികച്ചയാത്രാ സൗകര്യങ്ങൾ ▸▸ ഷോപ്പിംഗ് അവസരങ്ങൾ ▸▸ ആത്മീയ ചിന്തകൾ ഉണർത്തുന്ന പഠനങ്ങളും ആരാധനയും ▸▸ പ്രഗത്ഭരായ ഗൈഡുകളുടെ സേവനം.

▸▸ ഗൾഫ്, അമേരിക്ക, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിൽ നിന്നും നേരിട്ടു ടൂറുകൾ.
▸▸ എല്ലാ സ്റ്റേറ്റുകളിൽ നിന്നും യാത്രകൾ.

യെരുശലേം യാത്രയ്ക്കുള്ള സീറ്റുകൾ ഉടൻ തന്നെ ഉറപ്പാക്കുക

ഫോൺ: 0469 2634321/ 9847166994

കൂടുതൽ വിവരങ്ങൾക്ക്

**MARUPPACHA,** PLANTHOTTAM COMPLEX,
TIRUVALLA - 1, PHONE : 0469-2634321
Website : www.marupacha.com. E-mail : maruppacha@yahoo.com

ADVT./-



# പിന്നിട്ട രണ്ട് വർഷങ്ങൾ

**പു**തുവർഷത്തിന്റെ ഓരോ നിമിഷങ്ങളും ഇനി പുനരുസ്ഥാന ശക്തിയോടെ മുന്നേറാനുള്ള ദൈവജനത്തിന്റെ ഒരുക്കനാളുകൾ ആണ്. പിന്നീട്ട പാതകളിലേക്ക് തിരിഞ്ഞ് നോക്കുമ്പോൾ നാം സമഗ്രമേഖലയിലും ഉന്നമനം കൈവരിക്കയായിരുന്നു. അനുഗ്രഹീതമായ ആത്മീക നേതൃത്വത്തിന്റെ സാരഥ്യം നമ്മെ നേർവഴിയിൽ നയിച്ചു. ഒപ്പം ആത്മാവിന്റെ നടത്തിപ്പും. സ്വർഗ്ഗീയ ആനന്ദത്തിന്റെ ആഹ്ലാദനിമിഷങ്ങളിൽ ദൈവസഭ പിന്നിട്ട പാതകളിലേക്ക് ഒരു തിരനോട്ടം നടത്തുകയാണ് ഇവിടെ... നേട്ടങ്ങളിൽ പ്രശസ്തിയിൽ വളർച്ചയിൽ നമുക്ക് പറവാൻ ഇത്രമാത്രം നമ്മൾ ഇങ്ങനെ ഒക്കെ ആയത് ദൈവകൃപയാൽ മാത്രം. 2008 സെപ്റ്റംബർ ഒന്നിനാണ് ഇൻഡ്യാ ദൈവസഭയുടെ ഓവർസിയറായി പാസ്റ്റർ എം. കുഞ്ഞപ്പി ചുമതല ഏറ്റത്. ചുമതല ഏറ്റ അന്നു മുതൽ വ്യക്തമായ പ്ലാനിംഗോടുകൂടി സഭയുടെ ഉന്നമനം ലക്ഷ്യമാക്കിയുമുള്ള പ്രവർത്തനമാണ് അദ്ദേഹം കാഴ്ചവച്ചത്.

ഇൻഡ്യാ പൂർണ്ണസുവിശേഷദൈവസഭയെ തന്റെ കാലഘട്ടത്തിൽ എത്രത്തോളം അഭിവ്യദ്ധിയിലേക്ക് നയിക്കാമോ അത്രത്തോളം കൊണ്ടുപോകുക എന്ന ലക്ഷ്യമാണ് തനിക്കുള്ളത്. ദൈവസഭയുടെ കൗൺസിലും, സ്റ്റേറ്റ് ബോർഡും, പ്ലാനിംഗ് ബോർഡും, പാസ്റ്റേഴ്സും, വിശ്വാസിസമൂഹവും അദ്ദേഹത്തിന് കൊടുക്കുന്ന പിന്തുണയും ശ്ലാഘനീയമാണ്.

**സോണൽ രൂപികരണം**

2009 മുതൽ സഭയുടെ ആത്മികവും ഭൗമികവുമായ മേഖലകൾ വികസനോന്മുഖമാക്കുവാൻ ഡിസട്രിക്കുകൾക്ക് പുറമേ 4 സോണലുകൾ കൂടി രൂപികരിച്ചു. തെക്കൻ മേഖല, തീരദേശ മേഖല, ഹൈറേഞ്ച് മേഖല, മലബാർ മേഖല എന്നിവയാണ് 4 സോണലുകൾ. പാസ്റ്റർമാർക്ക് സോണൽ ഡയറക്ടർ സ്ഥാനവും, വിശ്വാസികൾക്ക് സെക്രട്ടറി, ട്രഷറർ സ്ഥാനവും കമ്മറ്റിയംഗങ്ങളായും നേതൃരംഗത്തേക്ക് പ്രവേശനം അനുവദിച്ചു. ഇതോടെ സഭാ നേതൃത്വം ഓവർസിയർ മുതൽ വിശ്വാസി വരെ ഉൾപ്പെടുന്ന ഒരു കൂട്ടായ്മയുടെ ശൃംഖലയായി. കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന ആനുകൂല്യം സ്വികരിക്കാനും, കേന്ദ്രത്തിലേക്കുള്ള സഭാ വിഹിതം അടയ്ക്കാനും ഇപ്പോൾ മുളക്കുഴയിൽ എത്തേണ്ട കാര്യമില്ല. പകരം അതതു ഡിസ്ട്രിക്ക് ഉൾപ്പെടുന്ന സോണലുമായി ബന്ധപ്പെട്ടാൽ മതി. ഇപ്പോൾ സോണൽ ഡയറക്ടറുമാരുടെ നേതൃത്വത്തിൽ അതതു ഡിസ്ട്രിക്കുകളിൽ കുടുംബ സംഗമവും കൺവൻഷനും നടക്കുന്നു. വിശ്വാസികൾ ഉൾപ്പെടെയുള്ളവരുടെ നേതൃത്വഗുണത്തേ പരിപോഷിപ്പിക്കുവാനും, യോഗ്യരായവർക്ക് അവസരങ്ങൽ നൽകുവാനും അതിനൊടൊപ്പം സഭാ നേതൃത്വത്തേ ഒന്നു കൂടി ദൃഡപ്പെടുത്തുവാനും സോണൽ രൂപികരണം സഹായകമായി.

**ജീവകാരുണ്യ പ്രവർത്തനങ്ങൾ**

വിശക്കുന്ന വയറിനോട് വേദം ഓതിട്ട് കാര്യമില്ലെന്ന ആപ്ത വാക്യം. കഴിഞ്ഞ 2 വർഷങ്ങളിലെ ദൈവസഭാപ്രവർത്തനത്തോട് അനുയുക്തമാവുന്നതാണ്. അശരണർക്ക് അരുകിൽ അൽപ്പനേരമെങ്കിലും നല്ല ശമര്യക്കാരാനായെത്തുവാൻ ദൈവസഭയ്ക്കായി. ഈ മേഖലയിൽ അധികമായി പ്രവർത്തിക്കുവാൻ ചാരിറ്റി ആന്റ് വെൽഫയർ എന്നൊരു പുതിയൊരു ഡിപ്പാർമെന്റ് രൂപികരിച്ചു. വിധവമാരായ കർത്തൃദാസിമാർക്ക് വർഷത്തിൽ ഒരിക്കൽ 2000 രൂപ വീതം നൽകി സഹായിച്ചു. വിധവകളായ പാസ്റ്റേഴ്സിന്റെ ഭാര്യമാരുടെ സഹായം വർദ്ധിപ്പിച്ചു. വിവാഹ സർട്ടിഫിക്കറ്റ് വാങ്ങുന്നവരിൽ നിന്നും സംഭാവന സ്വീകരിക്കുകയും നിർദ്ധിഷ്ഠ തുക രോഗികൾക്കും വിധവമാർക്കും നൽകി. സഭാ ആസ്ഥാനിത്തിന് 30 കി.മി. ചുറ്റളവിൽ അനേകർക്ക് ദൈവസഭയുടെ ആംബുലൻസ് അപകടങ്ങിലും വിലാപ നിമിഷങ്ങളിലും സഹായമായിരിക്കുന്നു. കുവൈറ്റ് ദൈവസഭയുടെ സഹകരണത്തോടെ 7 വിവാഹങ്ങൾ നടത്തി. പാസ്റ്റർമാർക്കായ് അപകട ഇൻഷറൻസ് പദ്ധതി ആരംഭിച്ചു. ഇപ്പോഴും തുടരുന്നു. വിളക്കിലേക്ക് എണ്ണ പകരുന്നതുപ്പോലെ...പ്രതിക്ഷകൾ അസ്തമിച്ച നിമിഷങ്ങളിൽ ചിലർക്കെങ്കിലും സഭ സഹായ സാന്ത്വനങ്ങളുടെ എണ്ണയായ് മാറി. തന്മൂലം സഹായങ്ങൾക്ക് അർഹരായ കുടുംബങ്ങൾക്കും സഭകൾക്കും വ്യക്തികൾക്കും ദൈവസഭ പുത്തൻ പ്രതിക്ഷയേകി.

**സഭാവികസന പ്രവർത്തനങ്ങൾ**

2009 മുതൽ ദൈവസഭ വികസന പാതയിൽ വളരെ ദൂരം പിന്നിട്ട് കഴിഞ്ഞു. കേരളത്തിന്റ വിവിധ ഭാഗങ്ങളിൽ നിന്നും 40 ഓളം സ്വതന്ത്ര സഭകൾ ദൈവസഭയോട് ചേർന്നു. ആരാധനാലയങ്ങൾ പുതുതായി പണിക്കഴിപ്പിച്ച് ആരാധന ആരംഭിച്ചു. 15 സെന്ററുകൾ രൂപികരിച്ചു, അനേക സ്ഥലങ്ങളിൽ സ്ഥലം വാങ്ങി, മിഷൻ സ്റ്റേഷനുകൾ ആരംഭിച്ചു. കേരളത്തിന് പുറമേ കർണ്ണാടക സ്റ്റേറ്റിലെ പല സ്ഥലങ്ങിലും ദൈവസഭയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും പാസ്റ്റർമാരെ നിയമിക്കുകയും ചെയ്തു.ബാംഗ്ലൂർ സിറ്റിയിലെ ദൈവസഭകളെ 2 ഡിസ്ട്രിക്കുകളായി തിരിക്കുകയും പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്തു. പാസ്റ്റർമാർക്ക് ഡിസ്ട്രിക്ക് പാസ്റ്റർ പ്രമോഷൻ നൽകി. അർഹപ്പെട്ട പാസ്റ്റേഴ്സിന് ഡിസ്ട്രിക്ക് കോർഡിനേറ്റ്ഴ്സ് പദവിയും നൽകി. ചർച്ച് ഗ്രോത്ത് മിഷനെ കൂടാതെ പുതിയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി ഹോം മിഷൻ ആരംഭിച്ചു. ഹോം മിഷന്റ നേതൃത്വത്തിൽ പുതിയ സ്ഥലങ്ങളിൽ സഭാ പ്രവർത്തനങ്ങൾ ആരംഭിച്ചുണ്ട്. സ്റ്റേറ്റ് ബോർഡ് തിരഞ്ഞെടുപ്പ് ശൈലി ജനാധിപത്യപരമാക്കി. ഓവർസിയറുടെയും സ്റ്റേറ്റ് കൗൺസിലിന്റെയും ഈ പുതിയ ഭരണ പരിഷ്ക്കാര പ്രകാരം രഹസ്യ ബാലറ്റ് തിരഞ്ഞെടുപ്പിൽ വിശ്വാസികളുടെ പ്രതിനിധ്യം ഉറപ്പു വരുത്തുകയും അതിന്റ കാലവധി 2 വർഷം ആക്കുകയും ചെയ്തു. സ്പോൺസർമാരുടെ സഹായത്തോടെ കേരളത്തിന്റ വടക്കു കിഴക്കൻ പ്രദേശങ്ങളായ എടക്കോം, ചെങ്ങളായി, കുട്ടിക്കാനം, മത്തായിപ്പാറ, എന്നി പ്രദേശങ്ങളിലെ പ്രവർത്തനം മെച്ചപ്പെടുത്തി പട്ടിക മുമ്പോട്ട് നീളുന്നു നാം തുടങ്ങി വെച്ച ദൗത്യം ഇനിയും പൂർത്തികരിക്കേണ്ടിയിരിക്കുന്നു.കഴിവിനോ നിപുണതകൾക്കോ ഇവിടെ പ്രസ്ക്തിയില്ല...... ദൈവകൃപ മാത്രം... അനുഭവ പരിജ്ഞാനങ്ങൾക്കും തന്മുലം മേന്മയവകാശപ്പെടാനില്ല പിന്നിട്ട നാളുകൾ നമ്മെ ഓർമ്മിപ്പിക്കുന്നത് ഇത്രമാത്രം "ഞാൻ എന്റ സഭയെ പണിയും പാതള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല" എന്ന് പറഞ്ഞവൻ നമ്മളിൽ അത് നിവർത്തിച്ച് കൊണ്ടിരിക്കുന്നു.

**ശുശ്രുഷക വൃന്ദങ്ങൾക്കു വേണ്ടി**

ദൈവസഭയിലെ ഇടയസമുഹത്തിനു ആഹ്ലാദാത്മകമായിരുന്നു കഴിഞ്ഞു പോയ വർഷങ്ങൾ, ഒപ്പം ആട്ടിൻ പറ്റങ്ങളും പങ്കു ചേർന്നു. ഒരു സഭയിലെ ശുശ്രുഷകന്റ കാലയളവ് 3 വർഷം എന്നതിന് മാറ്റം വരുത്തി. ഇടയനും ആടുകൾക്കും പിരിയുവാൻ പ്രയാസമെങ്കിൽ അവർ സ്നേഹത്തിൽ തുടരുവാൻ കൊതിക്കുന്നു എങ്കിൽ ശുശ്രുഷകന് എത്രനാൾ വേണമെങ്കിലും തുടരാമെന്ന നിയമം പ്രാബല്യത്തിൽ വന്നു. കുറഞ്ഞ വരുമാനം ഉള്ള ശുശ്രുഷകൻമാർക്ക് സ്പോൺസർമാരുടെ സഹായത്തെടെ 3000 രൂപാ പ്രതിമാസം നൽകികൊണ്ട് അവരെ ശുശ്രുഷയിൽ പ്രോത്സാഹിപ്പുക്കുവാൻ ദൈവസഭയ്ക്കായി. ഒപ്പം പാസ്റ്റർമാർക്ക് ശമ്പളം കൊടുക്കുന്ന രീതിക്ക് കൂച്ചുവിലങ്ങിട്ടു,ദശാംശം എത്ര ഉണ്ടെങ്കിലും അത് പാസ്റ്റർമാർക്ക് തന്നെ നൽകുവാനും തീരുമാനായി.വ്യക്തിപരമായ സ്തോത്രകാഴ്ചയിൽ നിന്നും മറ്റും തന്റെ ദശാംശം കേന്ദ്രത്തിൽ അടച്ച് ഓവർസിയർ തന്നെ ആദ്യം മാതൃകയായി.ഇപ്പോൾ ശുശ്രുഷകന്മാർ തങ്ങളുടെ ദശാംശം കേന്ദ്രത്തിലേക്ക് പൂർണ്ണമായി നൽകുന്നു.

ഉപദേശത്തിനും ജീവിതത്തിനും കൃത്യത കാട്ടുന്ന ദൈവസഭ പലവട്ടം ബുദ്ധി ഉപദേശിച്ചിട്ടും വിധേയപ്പെടാത്ത ചില ശുശ്രുഷകന്മാർക്ക് നേരെ സ്റ്റേറ്റ് കൗൺസിൽ നടപടി എടുത്തു. ദുരുപദേശം പ്രചരിപ്പിക്കുന്ന വ്യാജന്മാരെ പുറത്താക്കുകയും.. ആലയത്തിന് നടുവിലെ കമ്പോള പ്രവർത്തനങ്ങൽക്ക് തട ഇടയുകയും ചെയ്തു.



സീനിയർ പാസ്റ്റർ സി.സി. ഏബ്രഹാം പ്രാർത്ഥിച്ച്
പാസ്റ്റർ എം. കുഞ്ഞപ്പി ചുമതല ഏറ്റെടുക്കുന്നു. (ഫയൽചിത്രം)

2009 മുതൽ നടന്ന് വരുന്ന ശുശ്രുഷക സമ്മേളനം ഈ വർഷവും മനോഹരമായി നടന്നു. ശുശ്രുഷകർക്ക് പരസ്പരം കാണുന്നതിനും, അനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിനും ശുശ്രുഷക സമ്മേളനം മുഖാന്തരമായി. ദൈവസഭയുടെ ചരിത്രത്തിൽ ആദ്യത്തെ സംഭവമായിരുന്നു 2009 ലും 2010 ലും നടന്ന ശുശ്രൂഷ കോൺഫ്രൻസും ശുശ്രൂഷക കുടുംബസംഗമവും.

**സഭാ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ**

ഓഫിസ് കോംപ്ലക്സ്, ചിൽഡ്രൻസ് ഹോമുകൾ, ബൈബിൾ കോളേജ്, വൈ,ഡബ്ല്യു.ഇ.എ പ്രൊജക്ട് (കൾച്ചറൽ സെന്റർ), കൺവൻഷൻ സ്റ്റേഡിയം, തുടങ്ങി ദൈവസഭയുടെ ചെറുതും വലുതുമായ എല്ലാ സ്ഥാപനങ്ങളുടെയും പണി പൂർത്തിയായികൊണ്ടിരിക്കുന്നു..

**a.ഓഫിസ് കോംപ്ലക്സ്**

കേരളത്തിൽ 100 വർഷം പിന്നിടുന്ന ദൈവസഭയ്ക്ക് ഒരു സഭാ ആസ്ഥാനം എന്നത് ചിരകാല സ്വപ്നം ആയിരുന്നു. കുക്ക് സായ്പ് താമസിച്ച 85 വർഷം പഴക്കമുള്ള വീട്ടിലാണ് ഇപ്പോൾ 20 ൽ പരം ഡിപ്പാർട്ടമെന്റുകൾ അടങ്ങുന്ന സഭാ ഭരണ കേന്ദ്രം പ്രവർത്തിക്കുന്നത്.50 വർഷം മുൻപേ തയ്യാറാക്കേണ്ടിയിരുന്ന ഈ പദ്ധതികൾക്ക് ഇപ്പോഴാണ് ആരംഭം കുറിച്ചത്.സീയോൻകുന്നിലേക്ക് ഒരു പൊതുപ്രവർത്തകനേയോ, ഇതര സഭാ നേതാവിനെയോ കൊണ്ടുവരിക എന്നത് ലജ്ഞാകരമായിരുന്ന അവസ്ഥ ആയിരുന്നു. ഈ പരിസ്ഥിതിയിലാണ് ദൈവസഭയെ സ്നേഹിക്കുന്ന ശുശ്രൂഷകന്മാരും വിശ്വാസികളും ഈ സ്വപ്നസാക്ഷാത്കാരത്തിനായ് കരം കോർത്തത്.4 നിലകൾ ഉള്ള പുതിയ ഓഫിസ് ബിൽഡിംഗിൽ ആദ്യ 2 നിലകളുടെ പണി പൂർത്തികരിച്ചുകൊണ്ടിരിക്കുന്നു. ഇനിയുള്ള 50 വർഷത്തേ സഭാ പ്രവർത്തനങ്ങളേ മുന്നിൽ കണ്ടുകൊണ്ടാണ് ഈ സമുച്ചയം പണികഴിക്കുന്നത്.

**b.ചിൽഡ്രൻസ് ഹോമുകൾ**

16 ലക്ഷം രൂപാ കൂടി കണ്ടെത്തി തൊടുപുഴയിലെ ചിൽഡ്രൻസ് ഹോം പണി പൂർത്തികരിച്ചു. കൂടാതെ കർണ്ണാടകയിലെ മുണ്ടഗോഡ് എന്ന സ്ഥലത്ത് പുതിയ ഒരു ചിൽഡ്രൻസ് ഹോം ആരംഭിച്ചു. തൊടുപുഴയിലെ ചിൽഡ്രൻസ് ഹോമിന് പുതിയൊരു വാഹനം വാങ്ങി

**c. വൈ,ഡബ്ല്യു.ഈ.എ പ്രൊജക്ട് (കൾച്ചറൽ സെന്റർ)**

വേൾഡ് മിഷന്റെ സഹായത്തോടെ 2009 ജനുവരിയിൽ ആരംഭിച്ച വൈ,ഡബ്ല്യു.ഇ.എ പ്രൊജക്ട് (കൾച്ചറൽ സെന്റർ) പണി പൂർത്തികരിച്ചു. 21-ാം തീയതി വെള്ളിയാഴ്ച വേൾഡ് മിഷൻ ഡയറക്ടർ റവ.ഡഗ്ലസ് ലീ റോയ് കൾച്ചറൽ സെന്ററിന്റെ ഉദ്ഘാടനം നിർവ്വഹിക്കും. ദൈവസഭാ ഫീൽഡ് ഡയറക്ടർ റവ. കെൻ ആൻഡേഴ്സൺ പ്രതിഷ്ഠാ ശുശ്രുഷ നിർവ്വഹിക്കും.

**d.ബൈബിൾ കോളേജ്**

ചർച്ച് ഓഫ് ഗോഡ് എഡ്യുക്കേഷൻ ഡയറക്ടർ റവ. പി.ജെ ജെയിംസിന്റെ നേതൃത്വത്തിൽ ആരംഭിച്ച ബൈബിൾ കോളേജ് പണിയുടെ പൂർത്തികരണം സ്റ്റേറ്റ് ഓവർസിയറുടെ പ്രോത്സാഹനത്തോടുകൂടി നടക്കുന്നു.ഈ കോളേജ് ഓഡിറ്റോറിയത്തിലാണ് ശുശ്രുഷക സമ്മേളനം നടന്നത്. കണ്ണൂർ മൗണ്ട് പാരാൻ ബൈബിൾ കോളേജ് പണി പൂർത്തികരിച്ചു. വാടക കെട്ടിടത്തിൽ നിന്നും പാസ്റ്ററുടെ താമസം ബൈബിൾ കോളേജിൽ തന്നെ ക്രമീകരിച്ചു.

എൽ.എം ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ നടക്കുന്ന ബൈബിൾ കോളേജ് പണിയും ആരംഭിക്കുകയാണ്. 10 ലക്ഷം രൂപാ ചിലവ് പ്രതിക്ഷിക്കുന്നുണ്ട്.

**e.കൺവൻഷൻ സ്റ്റേഡിയം**

ദൈവസഭയുടെ കൺവൻഷൻ സ്റ്റേഡിയം ചുറ്റുമതിൽ കെട്ടി അതിർതിരിക്കുകയും താഴ്ന്നപ്രദേശങ്ങൾ മണ്ണിട്ട് നികത്തുകയും പ്രവേശന കവാടത്തിൽ ഗേറ്റ് വെയ്ക്കുകയും ചെയ്തു. ഫെയ്ത്ത് സിറ്റി ചർച്ചിന്റെ സഹകരണത്തോടെ സ്റ്റേജിന്റെ പണികൾ പൂർത്തികരിച്ചു. സ്റ്റേഡിയത്തോട് ചേർന്ന് പാചകപ്പുരയും പണിതു.

സഭാ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പര്യവസാനിക്കുമ്പോൾ സഭാ ചരിത്രത്തിൽ അഭിമാനപൂരിതമായ പുതിയൊരു അദ്ധ്യായം നാം എഴുതിചേർക്കുകയാണ്. ഇതര വിഭാഗങ്ങളുമായി തുലനം ചെയ്യുമ്പോൾ നാം ആത്മീകത്തിലും വികസനത്തിലും നവോത്ഥാനത്തിലും പുരോഗതിയിൽ തന്നെയെന്നത് അഭിമാനകരമാണ്.

**നേതൃത്വത്തെ ഓർക്കുമ്പോൾ!**

പ്രതിബന്ധങ്ങളെ വകവെക്കാതെ പാഞ്ഞുപോകുന്ന ഒരു സൈന്യത്തിന്റെ വിജയരഹസ്യം ആത്മവീര്യമുള്ള നേതൃത്വം തന്നെയാണ്. അപവാദങ്ങളുടെയും മത്സരമനോഭാവങ്ങളുടെയും കൂരമ്പുകൾക്ക് മുറിവേൽപ്പിക്കുവാൻ കഴിയാത്ത പരിശുദ്ധാത്മ നിയോഗത്താൽ മുന്നേറുന്ന സഭാ നേതൃത്വത്തിൽ നമുക്ക് അഭിമാനം കൊള്ളാം. ദൈവത്താട്



മുളക്കുഴയിൽ പണി പൂർത്തീകരിച്ച വൈ.ഡബ്ല്യൂ.ഇ.എ. പ്രൊജക്റ്റ് കെട്ടിടം

# പാസ്റ്റർ എം. കുഞ്ഞപ്പി സ്റ്റേറ്റ് ഓവർസിയറായി സ്ഥാനമേറ്റെടുത്ത ശേഷം കഴിഞ്ഞുപോയ രണ്ടുവർഷത്തെക്കുറിച്ച് യുഗാന്ത്യസന്ദേശം നടത്തിയ അവലോകനം



പാസ്റ്റർ എം. കുഞ്ഞപ്പി ചുമതല ഏറ്റെടുത്ത സമ്മേളനത്തിൽ സംബന്ധിച്ച പെന്തക്കോസ്ത് നേതൃനിര (ഫയൽചിത്രം)

കൃതാർത്ഥരാകാം. ആത്മാവിൽ നിയുക്തനായ ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി ദൈവ സഭയ്ക്ക് എക്കാലവും ഒരു മുതൽ കൂട്ട് തന്നെയാണ്.മാതൃകപരമായ ജീവിതവും, ഉപദേശ വിഷയത്തിൽ വചനത്തോടുള്ള അദ്ദേഹത്തിന്റെ വിശ്വസ്തതയും, മാനവ സമുഹത്തിനും ദൈവത്തിനും മുൻപിലുള്ള നിർമ്മല മനസാക്ഷിയും സർവ്വർക്കും മാതൃകപരമായ നേതൃത്വ പാടവും ദൈവസഭയ്ക്ക് അഭിമാനിക്കാവുന്നതാണ്. അതുകൊണ്ട് തന്നെ മുൻവർഷങ്ങളെക്കാൾ ഉപരി അദ്ദേഹം ഭരണ രംഗത്ത് വന്ന 2008 സെപ്റ്റംബർ 1 മുതൽ സഭയ്ക്ക് സമസ്ത മേഖലകളിലും ഉന്നമനം തന്നെയാണ് ഫലം. നാം പാദമൂന്നുവാൻ പോകുന്ന ഭാവിയെ പറ്റിയും അദ്ദേഹത്തിന് ബ്രഹത് വികസന പദ്ധതികളാണ് ഉള്ളത്. തന്മൂലം സഭാസമുഹത്തിന് പ്രതിക്ഷകൾ ഏറുന്നു.

ഓവർസിയറുമായി നടത്തിയ കൂടികാഴ്ചയിൽ സഭാ വളർച്ചയുടെ എല്ലാ മഹത്വവും ദൈവത്തിന് അദ്ദേഹം അർപ്പിക്കുന്നു. സഭയുടെ സമസ്ത മേഖലയിലുമുള്ള വളർച്ചയിൽ തന്നോടൊപ്പം പ്രവർത്തിക്കുന്ന സ്റ്റേറ്റ് കൗൺസിലിനെയും സ്റ്റേറ്റ് ബോർഡിനെയും സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിനെയും ഡിപ്പാർട്ട്മെന്റുകളുടെ ചുമതല വഹിക്കുന്നവരെയും ശുശ്രൂഷകന്മാരെയും വിശ്വാസികളെയും അദ്ദേഹം നന്ദിയോടെ ഓർത്തു.

**പുതിയപദ്ധതികൾ**

- ദൈവ സഭാ പ്രവർത്തനം ഇല്ലാത്ത പട്ടണങ്ങളിൽ സഭകൾ സ്ഥാപിക്കുക.
- സഭയുടെ കീഴിൽ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക.
- ദൈവ സഭയിലെ തന്നെ അംഗങ്ങൾ ആയ ഡോക്ടർമാരുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.
- 2009 മുതൽ നടത്തി വരുന്ന കൺവൻഷനിൽ എത്തുന്നവർക്കായുള്ള ഭക്ഷണ വിതരണം വിപുലപ്പെടുത്തുകയും നിലനിർത്തുകയും ചെയ്യുക.
- 2009 ൽ രൂപം കൊടുത്ത പ്രയർസെല്ലുകളുടെ നേതൃത്വത്തിൽ മുഴുരാത്രി പ്രാർത്ഥനകളും ഉപവാസ പ്രാർത്ഥനകളും കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുക.(എല്ലാ മാസവും രണ്ടാം വ്യാഴാഴ്ച സഭാ ആസ്ഥാനത്തിൽ മുഴുരാത്രി പ്രാർത്ഥന നടക്കുന്നു.)
- സീയോൻ കുന്ന് കൺവൻഷൻ സെന്റർ ആക്കുക.
- വേൾഡ് മിഷന്റെ സഹായത്തോടെ സീയോൻ കുന്നിൽ ചിൽഡ്രൻസ് ഹോം സ്ഥാപിക്കുക.
- തിരുവല്ലായിലെ കൺവൻഷൻ സ്റ്റേഡിയം മനോഹരമായൊരു റിട്രീറ്റ് സെന്റർ ആക്കുക.
- തിരുവല്ലായിൽ പാസ്റ്ററൽ സെന്റർ സ്ഥാപിക്കുക.
- ദീർഘകാല ശുശ്രുഷകൾക്കു ശേഷം വിരമിക്കുന്ന ശുശ്രുഷകർക്ക് പെൻഷൻ നൽകുക.
- 2 ഏക്കർ സ്ഥലത്ത് സ്വന്തമായി വീടില്ലത്ത ശുശ്രുഷകർക്ക് വിശ്രമിക്കുവാനും താമസിക്കുവാനും പാർപ്പിട സൗകര്യം ഒരുക്കുക.
- സഭാ ആസ്ഥാനത്തിന്റെ വകയായി പൊതു സെമിത്തേരി പണിയുക.( സെമിത്തേരി ഇല്ലാത്തിടത്ത് മരണപ്പെടുന്നവർക്ക് സഭാ ആംബുലൻസിൽ കൊണ്ടു വന്ന് സംസ്ക്കരിക്കുവാനുള്ള സൗകര്യം ഒരുക്കുക)
- സഭ നിലനിർത്തിവരുന്ന കീഴ്‌വഴക്കങ്ങൾക്ക് കോട്ടം തട്ടാതെ ഊന്നൽ കൊടുത്ത് ഉറപ്പിക്കുക.
- പിതാക്കന്മാരുടെ ഉപദേശങ്ങൾക്കും കീഴ്‌വഴക്കങ്ങൾക്കും ഊന്നൽ നൽകുക.
- വിവാഹ മോചനം പാടില്ല. അഥവാ വിവാഹ മോചനം നേടിയവർ ആദ്യ ഭാര്യയോ, ഭർത്താവോ ജീവിച്ചിരിക്കുന്നു എങ്കിൽ പുതിയ വിവാഹം കഴിക്കുവാൻ പാടില്ല.
- ആഭരണധാരണത്തെ സഭ വിലക്കുന്നു.
- ദൈവസഭയ്ക്ക് പുറത്തുള്ളവരെ സഭയിൽ ശുശ്രുഷയ്ക്കായ് ക്ഷണിക്കുമ്പോൾ ആക്കാര്യം ഒരു ഫോൺ വഴിയെങ്കിലും നേതൃത്വത്തെ അറിയിക്കണം. അതുകൊണ്ട് ദൈവസഭയിൽ അല്ലാത്തവരെ ശുശ്രൂഷയ്ക്ക് വിളിക്കരുത് എന്നർത്ഥമില്ല. അങ്ങനെ ആരും വ്യാഖ്യാനിക്കരുത് വളരെ, വ്യാജന്മാരും ദുരുപദേശക്കാരും പണസമ്പാദന മാർഗ്ഗമായി മാത്രം ഇന്ന് ശുശ്രൂഷയെ കാണുന്നു. അവർ പെരുകിവരുന്നു. ആയതിനാൽ ദൈവസഭയ്ക്ക് പുറത്തുള്ളവരെ ശുശ്രൂഷയ്ക്കായി വിളിക്കുമ്പോൾ സഭാ നേതൃത്വം മുൻകൂട്ടി അറിഞ്ഞിരിക്കണം.

ഇനി എന്താണ് നാം ചെയ്യേണ്ടത്. മറുപടി ഒന്നുമാത്രം 'ഒരുങ്ങുക'. അനുകൂല സാഹചര്യങ്ങൾ നമ്മൾക്കായ് ഒരുക്കിയിരിക്കുമ്പോൾ ആത്മാവിന്റെ ശക്തിയാൽ കാര്യനിർവ്വഹണം നടത്തുന്ന ആത്മീക നേതൃത്വം നമ്മുടെ മുൻനിരയിൽ നിൽക്കുമ്പോൾ..... പ്രതിബന്ധങ്ങളെമറികടന്ന് ഉറക്കങ്ങളെ കൈവെടിഞ്ഞ് സ്തുതിയുടെ അർപ്പുമായ് സുവിശേഷത്തിന്റെ കൊയ്ത്തരിവാളുമേന്തി കൊയ്ത്തിനായ് നാം മുമ്പോട്ട്.

*തയ്യാറാക്കിയത് :*
**ക്രിസ്റ്റി പി.ജോൺ,**
**പാസ്റ്റർ ഷൈജു ഞാറയ്ക്കൽ**



മുളക്കുഴയിൽ പണി ഉയർന്നുകൊണ്ടിരിക്കുന്ന ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓഫീസ് കോംപ്ലക്സ്

## സൂപ്പർ ബൈബിൾ ക്വിസ് 01



**സിസ്റ്റർ സൂസ്സൻ ആൻഡ്രൂസ്, കുവൈറ്റ്**

1. പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി എല്ലാ നാവും എന്ത് ഏറ്റു പറയേണ്ടിവരും?
2. ബാലിന്റെ പൂജകന്മാരെ നശിപ്പിക്കത്തക്കവിധം ഉപായം പ്രയോഗിച്ച രാജാവ്?
3. എഫെസൊസിൽ വച്ച് പൗലോസ് ചെയ്ത യുദ്ധം?
4. മോശെയുടെ ന്യായപ്രമാണത്തിനു നീക്കം വരാതിരിപ്പാൻ മനുഷ്യൻ ശബ്ബത്തിൽ ചെയ്യുന്നത് എന്ത്?
5. ഭൂമിയിലുള്ള യാതൊന്നിനും കുറവില്ലാത്ത സ്ഥലം ഏത്?
6. ഏതുദേശത്തിലെ തിരശ്ശീലകൾ ആണ് വിറയ്ക്കുന്നത്?
7. ദൈവത്തെപ്പോലെ ആകുന്ന ഗൃഹം?
8. "ഞാൻ നിന്നോട് അരുളിചെയ്യുന്ന പ്രസംഗം അതിനോട് പ്രസംഗിക്ക് എന്ന് യഹോവ ആരോട് അരുളിചെയ്തു?
9. "ഈ മനുഷ്യനിൽ ഞങ്ങൾ ഒരു കുറ്റവും കാണുന്നില്ല" എന്ന് പരീശപക്ഷത്തിലെ ശാസ്ത്രിമാരിൽ ചിലർ ആർക്കുവേണ്ടി വാദിച്ചു?
10. കുറ്റം കാണുകയാൽ പൗലോസ് അഭിമുഖമായി എത്തിർത്തുനിന്നത് ആരോട്?
11. താൻ കയറിയിരുന്ന മൃഗമല്ലാതെ യാതൊരു മൃഗവും തന്നോടുകൂടെ ഇല്ലാതിരുന്ന ആൾ?
12. ഇരുമ്പെഴുത്താണികൊണ്ടും, വജ്രത്തിന്റെ മുനകൊണ്ടും ആരുടെ പാപമാണ് എഴുതി വച്ചിരിക്കുന്നത്?
13. ചട്ടിയിൽ ചുട്ടുണ്ടാക്കിയ സാധനങ്ങളുടെ മേൽ വിചാരണ ഉണ്ടായിരുന്ന ലേവ്യൻ?
14. യെശയ്യാപ്രവാചകനും, ഏതു രാജാവും ആണ് പ്രാർത്ഥിച്ച് സ്വർഗ്ഗത്തിലേക്ക് നിലവിളിച്ചത്?
15. എഫ്രയീമ്യർക്ക് ശരിയായി ഉച്ചരിക്കുവാൻ കഴിയാതിരുന്ന വാക്ക്?
16. 'യേശു സാക്ഷാൽ ലോകരക്ഷിതാവ്' എന്ന് അറിഞ്ഞവർ?
17. ദൈവം മനുഷ്യരെ സൃഷ്ടിച്ചപ്പോൾ അവർക്ക് ആഹാരമായി നൽകിയത് എന്ത്?
18. കോപം ജ്വലിച്ച് കൈ ഞെരിച്ച രാജാവ്?
19. കമ്പം പിടിച്ച മുമ്പൻമാർ ആർ?
20. ദൈവഭവനത്തിലൊക്കെയും വിശ്വസ്തനായിരുന്ന ആൾ?

**യുഗാന്ത്യസന്ദേശം സൂപ്പർ ബൈബിൾ ക്വിസ് ഈ ലക്കം മുതൽ ആരംഭിക്കുന്നു. ഒന്നാം സമ്മാനം പതിനായിരം രൂപ, രണ്ടാം സമ്മാനം ഏഴായിരം രൂപ, മൂന്നാം സമ്മാനം മൂവായിരം രൂപ. ശരിയായ ഉത്തരം അയച്ചുതരുന്ന വിജയികളുടെ പേരുകൾ ഓരോ ലക്കത്തിലും പ്രസിദ്ധീകരിക്കുന്നതാണ്.**

*ശരി ഉത്തരങ്ങൾ എല്ലാ മാസത്തിന്റേയും 25-ാം തീയതിയ്ക്കു മുമ്പായി താഴെയുള്ള വിലാസത്തിൽ അയയ്ക്കേണ്ടതാണ്.*

**YUGANTHYASANDHESHAM, P.O. BOX. 66, THIRUVALLA-689 101, KERALA**



# വിമർശനം ആവശ്യമോ?

## (തുടർച്ച)



പാസ്റ്റർ തോമസ് മാത്യു സി
(തമ്പി ശങ്കരമംഗലം)

**i)ഇവിടെയിതാ മറ്റൊരു കൂട്ടർ**

"ജനം ഏലയിട്ടെങ്കിലേ പ്രസംഗം വരൂ. ഓരോ വാചകവും തീരുമ്പോൾ ജനം കൈയുയർത്തി ഹല്ലേലുയ്യാ പറയണം,. ഒരിക്കൽ ഒരു വിശ്വാസി "ഈ കൈ ഉയർത്തിയും താഴ്ത്തിയും മടുത്തിട്ടു പ്ടു മോശെയുടെ കൈ ഉയർത്തി നിർത്തിയതുപോലെ വല്ലതും ചെയ്യേണ്ടി വരും."

" സ്തോത്രം കുറഞ്ഞല്ലോ, എനിക്കറിയാം ഇതൊക്കെ പറയുമ്പോൾ സ്തോത്രം കുറയുമെന്ന്. പറഞ്ഞേ കൈയുയർത്തി ഒരു മൂന്നു ഹല്ലേലുയ്യാ ഉച്ചത്തിൽ". പോരാ ഒന്നുകൂടെ!

ചിന്താശക്തി നഷ്ടപ്പെട്ടിട്ടില്ലാത്തവർ മൂക്കത്തു വിരൽ വക്കും ഈ പ്രസംഗം കേൾക്കുമ്പോൾ.

തീർന്നില്ല. ഇനിയുമുണ്ടു സാമ്പിളുകൾ."ഞാൻ Return ticket – ഉം ആയിട്ടാ വന്നിരിക്കുന്നത്. ഇനി എന്നെ വിളിച്ചാലും ഇല്ലെങ്കിലും പറയാനുള്ളതു പറഞ്ഞിട്ടേ പോകൂ. നിങ്ങൾക്കു ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും." ഹോ! ഇതെന്തു സുവിശേഷകൻ? നരകത്തിൽ നിന്നു വന്നതോ? Return ticket ഇല്ലാതെ വിസിറ്റിംഗ് വിസയിൽ ആരെങ്കിലും വരുമോ ഇങ്ങോട്ട് വിടുമോ?

**ഇതാ മറ്റൊരു കക്ഷി:**

"ദൈവം ആയച്ചിട്ടാണ് ഞാൻ വന്നത്. കടലിനക്കരെ അയയ്ക്കാമെന്നു പറഞ്ഞിട്ടു 15 വർഷമായി. അതു നിവൃത്തിയായി. ഞാനുള്ളതു പറയാം. അല്പം കാശിനുവേണ്ടി തന്നെയാ ഞാൻ വന്നത്. (ഇവിടെ വളരുന്ന ഈന്തപ്പനയുടെ കൂടെ കാശുകായിക്കുന്ന വല്ല വൃക്ഷവും കാണുമോ?) വർഷം 25 ആയി ഈ വേല തുടങ്ങിയിട്ട്. 20 വാടകവീടു മാറി. ഇനി വയ്യാ. സ്വന്തമായി ഒരു കൂരവേണം, അതിനാ വന്നത്."

**ദേ നില്ക്കുന്ന ഒരു പരമാർത്ഥി:**

"ഞാൻ ഇന്നുവരെ ഒരാളോടും എന്റെ ആവശ്യങ്ങൾ പറഞ്ഞിട്ടില്ല. ഇനിയൊട്ടു പറയത്തുമില്ല. വിസാ എടുത്തു തന്നത് ആരാണെന്നു പോലും എനിക്കറിയില്ല. (ശരിയാ ഏതോ അറബി തന്റെ മീൻകടയുടെ പേരിൽ, ദൈവദൂതൻ പാസ്പോർട്ടു കോപ്പി കൊടുത്ത് എടുത്തതാകാം). വരുന്നില്ലെന്നു പലവട്ടം പറഞ്ഞതാ. പിന്നെ നിർബന്ധംകൊണ്ടു വന്നു. ഞാൻ അനാഥശാല, വൃദ്ധസദനം ഒക്കെ നടത്തുന്നുണ്ട്. എല്ലാം വിശ്വാസത്താലാണ്. ആരോടും ഒന്നും ചോദിക്കത്തില്ല. ഭീമമായ തുക ഓരോ മാസവും ആവശ്യമുണ്ട്. അതു ദൈവത്തോടു മാത്രം പറയും. (പിന്നെ മൈക്കിലൂടെ ജനത്തിന്റെ മുമ്പിൽ ഇതു പറഞ്ഞതു എന്തിനെന്നു ജനം ചിന്തിക്കുന്നു).

**ഇനിയുണ്ട് ഒരു കൂട്ടർ:**

അവകാശവാദമാണ്, ഭീഷണിയാണ്. " ഒരു പ്രാഗ്രാം തന്നാലെന്താ? ഇത്രയും വണ്ടിക്കൂലി മുടക്കി വന്നതല്ലേ? ആനപ്പുറത്ത് തന്നെ എന്നും ഇരിക്കാമെന്നു കരുതണ്ടാ. താഴെയിറങ്ങിയേ പറ്റൂ." ഇതു ലോക്കൽ പാസ്റ്റർക്കുള്ള താക്കീതാണ്. അർത്ഥം: ഗൾഫിൽ നിന്ന് നാട്ടിൽ ഒരുനാൾ വരും എന്നാണ്.

**3. പ്രസംഗത്തിലെ മോശമായ പദപ്രയോഗങ്ങൾ**

ഇതു തികച്ചും ദുസ്സഹമാണ്.

1. മുടിഞ്ഞു മുണ്ടക്കോലു തല്ലി.
2. നശിച്ചു നാറാണക്കല്ലായി
3, ചെത്തി നടക്കുകയായിരുന്നു.
4. ആ യോഗം ഭയങ്കര അടിപൊളിയായിരുന്നു.
5. വചനം അങ്ങോട്ടു എറിക്കുന്നില്ലല്ലോ.
6. ഇവനൊന്നും കൊണപ്പെട്ടവനല്ല.

**4. പ്രസംഗകരുടെ ചില സ്ഥിരം ശൈലി**

ഒന്നരമണിക്കൂർ പ്രസംഗിക്കാൻ നല്കിയാലും പറയും: " കമ്പിവാചകംപോലെ ചില കാര്യങ്ങൾ പറഞ്ഞിട്ടിരിക്കാം."

" തൊടുകുറിയായി ചില കാര്യങ്ങൾ പഞ്ഞ് ഞാനിരുന്നുകൊള്ളാം."

" കാഴ്ച്ചക്കാരായി ഇവിടെ ആരും ഇരിക്കരുത്. ഇവിടെ കാണുവാൻ ഒന്നുമില്ല"

" മാർക്കിടാനായി ആരും ഇരിക്കരുതു"

**5. ഇനി സംഘാടകന്റെ വാചകക്കസർത്തു കാണുക**

''ഇനി രണ്ടു കർത്താവിന്റെ ദാസന്മാർ മുമ്പോട്ടുവന്നു പ്രാർത്ഥിക്കും." ( 2 കർത്താവു, 2 ദൈവം! ജനം ചിന്തിക്കും)

" ദൈവത്തിന്റെ പരിശുദ്ധമുള്ള നാമത്തിന് സ്തോത്രം".

കർത്തൃദാസന്മാർ, ദൈവദാസന്മാർ, പരിശുദ്ധമായ എന്ന് അവർ പറഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

"ഇനി പരേതനായ പാസ്റ്റർ...... നമ്മോട് ദൈവത്തിന്റെ ആലോചന യറിയിക്കും."(അബദ്ധത്തിലാണെങ്കിലും 'പരേതൻ' എന്ന പദം അല്പം കഠിനമല്ലേ?

" സ്ഥാനാർത്ഥികൾ ജലാശയത്തിലേക്ക് ഓരോരുത്തരായി ഇറങ്ങിച്ചെല്ലാം."

" കർത്താവേ ഇന്നു ജലത്തിൽ നിന്നെ സാക്ഷീകരിക്കുന്ന സ്ഥാനാർത്ഥികളെ അനുഗ്രഹിക്കേണമേ!"

(ഇതെന്നാ... ഇലക്ഷനാണോ എന്ന് കേൾക്കുന്നവർക്കു തോന്നിപ്പോകും! സ്നാനാർത്ഥികൾ എന്നായിരുന്നെങ്കിൽ എത്ര നന്നായിരുന്നു.)

**6. ഇനി സാക്ഷ്യം കേൾക്കണ്ടേ?**

1. ഒരു നനഞ്ഞപാട്ടുമായി എഴുന്നേറ്റു." ഇന്നു സാക്ഷ്യം പറയേണ്ടെന്നു വാചിരിച്ചിരുന്നതാ. എന്നാലും പറഞ്ഞില്ലെങ്കിൽ മറ്റുള്ളോർക്കെന്തുതോന്നും എന്നുവെച്ച് എഴുന്നേറ്റെന്നേയുള്ളൂ. പതിവു പോലെ കഴിഞ്ഞാഴ്ചയും കഷ്ടതയും ദുരിതവുമായിരുന്നു. രക്ഷിക്കപ്പെട്ട നാൾ മുതൽ തുടങ്ങിയതാ ഈ കഷ്ടത! വീഴാതെ നില്പ്പാൻ ദൈവമക്കൾ എന്റെ പേർക്കും പ്രാർത്ഥിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഇരിക്കുന്നു."

ഹേ! ഇവർ എഴുന്നേല്ക്കാതിരുന്നെങ്കിൽ എത്ര നന്നായിരുന്നു!

2." ഈ മാസയോഗത്തിൽ എന്റെ നാലുമക്കളുമായി വരുവാൻ ദൈവം സഹായിച്ചു. എനിക്കു ഉപവാസയോഗത്തെക്കാൾ ഇഷ്ടം മാസയോഗമാണ്.(ജനം ചിരിക്കുന്നു). അങ്ങനെ ഈ വീണ്ടെടുക്കപ്പെട്ട പകൽക്കാലം വീണ്ടെടുക്കപ്പെട്ട കർത്താവിനെ വീണ്ടെടുത്ത ദൈവമക്കളോടൊത്തു വീണ്ടെടുപ്പിൻ ഗാനം പാടി ആരാധിപ്പാൻ കോഴഞ്ചേരിയുടെ പ്രദേശത്തുനിന്നും ഈ കോട്ടാങ്ങലിന്റെ പ്രദേശത്തു നല്കിയ വിലയേറിയ അവസരത്തിനായി സ്തോത്രം ചെയ്യുന്നു."

വായിൽ വരുന്നത്... പോലെ എന്തൊക്കെയോ പറയുന്നു, പുതുതായി വരുന്നവർ കുനിഞ്ഞിരുന്നു ചിരിക്കും. " യേശുകർത്താവിനെ വീണ്ടെടുത്തതു ആരാണെന്നു ചിന്തിച്ച്!!)

**3. പത്തുവർഷം വിശ്വാസിയായി ജീവിച്ച ഒരാൾ ഇതാ സാക്ഷ്യത്തിന്നു നില്ക്കുന്നു.**

" കണ്ണുരണ്ടും ഹാളിന്റെ കഴുക്കോലിലേക്കുറപ്പിച്ച് ബൈബിളിന്റെ സിപ്പ് വലിച്ചുതുറക്കുന്നു, വലിച്ചടയ്ക്കുന്നു. കാൽപാദം ഊന്നി മുമ്പോട്ടും, ഉപ്പൂറ്റി ഊന്നി പിമ്പോട്ടും ഓടുന്നു. ഇതിനിടെ താൻ സാക്ഷ്യം പറയുന്നുണ്ട്. അല്പം കഴിഞ്ഞു സിപ്പിലുള്ള പിടിവിട്ടു പേജ് മറിക്കലായി. സാക്ഷ്യം തീർന്നപ്പോൾ മുഴു ബൈബിൾ പേജ് രണ്ടുപ്രാവശ്യം മറിച്ചു കഴിഞ്ഞു.

ഇതൊക്കെ ഒന്നു പറഞ്ഞു മനസ്സിലാക്കാൻ ദൈവദാസന്മാർ ശ്രമിച്ചാൽ കുറെയെങ്കിലും മാറ്റം വരില്ലേ? അല്ലെങ്കിൽ ഈ ലേഖനത്തിന്റെ ഫോട്ടോ ഒപ്പിയെടുത്തു കൊടുത്തിട്ടു ശ്രദ്ധിച്ചു വായിക്കാൻ പറയുക.

**7. ഇനി കൊയർ ലീഡറിന്റെ പ്രകടനം**

ഇയാൾക്കു ഒരിക്കലും വോള്യം മതിയാകുന്നില്ല. ദൈവം അങ്ങു അകലെ സ്വർഗ്ഗത്തിലല്ലേ; അവിടെ തന്റെ പാട്ടു കേൾക്കണ്ടേ? ജനം ചെവിപൊത്തുന്നു, നെറ്റി ചുളിക്കുന്നു, തല തിരിക്കുന്നു. പക്ഷേ ലീഡറിന് ഇതൊന്നും വിഷയമല്ല. സൗണ്ട് സിസ്റ്റം കൈകാര്യംചെയ്യുന്ന ആളിനോട് "ശബ്ദം കൂട്ടിക്കോ കൂട്ടിക്കോ" എന്നു കൈയാംഗ്യം കാണിക്കുന്നു.

ഒരു നോർമൽ വോള്യം ആണെങ്കിൽ എത്ര നന്നായിരുന്നു?


**MATRIMONIAL**

ഭാര്യമരിച്ചുപോയ 58 വയസ്സുള്ള 10 വർഷത്തെ അമേരിക്കൻ വിസയുള്ള സുവിശേഷകന് (Rtd. Govt. Employee - Govt. Pensioner) 50 വയസിന് താഴെയുള്ള പെന്തക്കോസ്ത് വിശ്വാസികളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

ഫോൺ: 9447435974


# നിത്യതയിലേക്ക്



**നിലമ്പൂർ:** പുല്ലഞ്ചേരി ദൈവസഭാംഗം പരേതനായ പാസ്റ്റർ എം.എം. ചാക്കോ (മുതിരകാലായിൽ ഉപദേശി) യുടെ സഹധർമ്മിണി റാഹേലമ്മ ചാക്കോ (89) നിര്യാതയായി. സംസ്കാരശുശ്രൂഷ പുല്ലഞ്ചേരി സഭാ സെമിത്തേരിയിൽ പാസ്റ്റർ മാത്യു കെ. ഫിലിപ്പ് (ദൈവസഭ മലബാർ സോണൽ ഡയറക്ടർ) ഡിസ്ട്രിക്ട് പാസ്റ്റർ എം.എ. ജോണിക്കുട്ടിയുടേയും സ്ഥലം സഭാ പാസ്റ്റർ റ്റി.റ്റി. സോജൻ തുടങ്ങിയ അനേകം ദൈവദാസന്മാരുടെ സാന്നിദ്ധ്യത്തിൽ നടത്തി. മക്കൾ: അന്നമ്മ (കുഞ്ഞുമോൾ- Late), റവ. മാത്യു ചാക്കോ (നവി മുംബൈ), ശോശാമ്മ, സാറാമ്മ (Late), മറിയാമ്മ, തോമസ് ചാക്കോ. മരുമക്കൾ: എബ്രഹാം, മേരി മാത്യു, എൽ. വി.മാത്യു, വർഗ്ഗീസ്, ജോൺ, ഡെയ്സി.



**മഴുക്കീർ:** പനച്ച വീട്ടിൽ പാസ്റ്റർ പി.വി. ശാമുവേൽ (66) നിര്യാതനായി. ദീർഘവർഷം ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ശുശ്രൂഷകനായിരുന്ന പാസ്റ്റർ പി.വി. ശാമുവേലിന്റെ ശവസംസ്കാര ശുശ്രൂഷ മഴുക്കീർ സഭാ സെമിത്തേരിയിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി നിർവ്വഹിച്ചു. ശുശ്രൂഷകൾക്ക് തിരുവല്ലാ സൗത്ത് ഡി. പാസ്റ്റർ തോമസ് ജോർജ് നേതൃത്വം കൊടുത്തു. പാസ്റ്റർമാരായ പി.എ. വി. സാം, പി. ജി. മാത്യൂസ്, പി. ജെ. ജെയിംസ്, ജെ. ജോസഫ്, പി. സി. ചെറിയാൻ, ഷിബു കെ. മാത്യു, ജോസ് ബേബി, കെ. എ. ഉമ്മൻ, പി.പി. കുര്യൻ, സജി ജോർജ്, കെ. റ്റി. വർഗീസ്, ഏ.റ്റി. ജോസഫ്, വൈ. ജോസ്, കെ.കെ. ചെറിയാൻ, രാജു പൂവക്കാല, റവ. പി. ഐ. എബ്രഹാം, ജോയി എ. ചാക്കോ തുടങ്ങി അനേക ദൈവദാസന്മാർ ദൈവവചനം ശുശ്രൂഷിച്ചു. ഭാര്യ : കുഞ്ഞുമോൾ, മക്കൾ: ഷേർളി, ഡാർളി, ജോളി. മരുമക്കൾ: പാസ്റ്റർ കുര്യൻ മാമൻ (ചർച്ച് ഓഫ് ഗോഡ് ദുബായ്), ജോസ് മാവേലിക്കര (യു എസ്എ), പാസ്റ്റർ ചെറിയാൻ സി. ദാനിയേൽ (കോയമ്പത്തൂർ), ബ്രദർ വർഗീസ് ജോർജ് (ദുബായ്), പരേതന്റെ ഭാര്യാസഹോദരനാണ്. ദൈവസഭയുടെ നെടുമുടി, തിരുമൂലപുരം, മാന്നാർ, കുറിച്ചിമുട്ടം, പുന്നമൂട് എന്നീ സഭകളിൽ ശുശ്രൂഷകനായി ഇരുന്നിട്ടുണ്ട്.



**കരിയംപ്ലാവ്:** ഡബ്ല്യൂ. എം. ഇ. പുന്നവേലി (പാലക്കൽ) ദൈവസഭയുടെ സീനിയർ ശുശ്രൂഷകൻ കരിയംപ്ലാവ് കോപ്പൊയ്കയിൽ പാസ്റ്റർ കെ. സി. സാമുവേൽ (62) നിര്യാതനായി. ഭാര്യ ഏലിക്കുട്ടി സാമുവേൽ കണിച്ചുകുളം ആനപ്ലാക്കൽ കുടുംബാഗവും ഡബ്ല്യൂ. എം. ഇ. ലേഡീസ് ഫെലോഷിപ്പ് സംസ്ഥാന ബോർഡ് അംഗവുമാണ്. സംസ്കാരശുശ്രൂഷ ചൊവ്വാഴ്ച കരിയംപ്ലാവ് ഹെബ്രോൻ നഗറിൽ പൊതുദർശനത്തിനുശേഷം റവ. ഒ. എം. രാജുക്കുട്ടിയുടെ നേതൃത്വത്തിലും അനേക ദൈവദാസന്മാരുടെയും വമ്പിച്ച ജനാവലിയുടെയും സാന്നിധ്യത്തിലും ഡബ്ല്യൂ. എം. ഇ. സെൻട്രൽ സെമിത്തേരിയിൽ നടത്തപ്പെട്ടു. മുപ്പത്തഞ്ചു വർഷമായി കർതൃവേലയിൽ കേരളത്തിന്റെ വിവിധ ജില്ലകളിൽ വിശ്വസ്തമായി സേവനമനുഷ്ടിച്ചിട്ടുണ്ട്.



**എറണാകുളം:** ദോഹ ദൈവസഭാംഗമായ തോപ്പുംപടി മാവേലി ഹൗസിൽ ഗ്രിഗറി മാവേലി വർഗീസിന്റെ ഭാര്യ മിനി ഗ്രിഗറി (46) നിത്യതയിൽ പ്രവേശിച്ചു. ശവസംസ്കാരശുശ്രൂഷ കലൂർ ദൈവസഭാ സെമിത്തേരിയിൽ പാസ്റ്റർ കെ.എം. ബേബി നിർവ്വഹിച്ചു. ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് പാസ്റ്റർമാരായ കെ.എം. ബേബി, വൈ.റെജി എന്നിവർ നേതൃത്വം കൊടുത്തു. പാസ്റ്റർമാരായ പി.എ.വി.സാം, ബൻസൺ മത്തായി (ദോഹ), ബ്രദേഴ്സ് സാംകുട്ടി ഏബ്രഹാം, ഏബ്രഹാം ഫിലിപ്പോസ്, കെ.ഏബ്രഹാം, സജീവ്, സിജു, സണ്ണി ജോർജ്, തോമസ് കുര്യൻ, മാമൻ ജോർജ്, ജയിംസ് പീറ്റർ, ശാമുവൽ ജോൺ, തങ്കച്ചൻ തുടങ്ങി അനേകം പേർ അനുശോചനം അറിയിച്ചു. ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി ഭവനം സന്ദർശിച്ച് ദുഃഖം അറിയിച്ചു. മക്കൾ മെൽവിൻ, മിൽറ്റൺ, മിഷൽ.



**പട്ടം:** വയലത്തല പ്ലാമൂട്ടിൽ പരേതനായ മത്തായിയുടെ ഭാര്യ മറിയാമ്മ (98) നിത്യതയിൽ പ്രവേശിച്ചു. സംസ്കാരശുശ്രൂഷ പട്ടം സഭാ സെമിത്തേരിയിൽ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി നടത്തി. ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് ഡിസ്ട്രിക്ട് പാസ്റ്റർ റ്റി.എ ജോർജും സഭാ ശുശ്രൂഷകൻ ലാലി ഫിലിപ്പും നേതൃത്വം കൊടുത്തു. പാസ്റ്റർമാരായ എം.ജോൺസൺ, പി.സി ചെറിയാൻ, ഇ.എ വർഗീസ്, പി.ജി ശാമുവൽ, ജി.ജി വർഗീസ്, ഈപ്പച്ചൻ തോമസ്, എം.ജോർജ്ജ് തുടങ്ങി അനേക കർതൃ ദാസന്മാർ അനുശോചനം അറിയിച്ചു. മക്കൾ: കുഞ്ഞുഞ്ഞമ്മ (late), കുഞ്ഞുഞ്ഞു കുട്ടി, കുഞ്ഞുമോൾ, മോനിയമ്മ, റ്റി.എം മാത്യു, ശോശാമ്മ (late), മരുമക്കൾ: വി.ജെ വർക്കി, ചിന്നമ്മ, ജോണിക്കുട്ടി, കൊച്ചുണ്ണുണ്ണി, ഗ്രേസമ്മ (late), കുഞ്ഞുമോൻ.

## കൺവൻഷൻ

**കുളത്തൂപ്പുഴ:** 3-ാമത് ഐക്യപെന്തക്കോസ്ത് കൺവൻഷനും സംഗീതശുശ്രൂഷയും ഫെബ്രുവരി 17–20 വരെ വി.കെ.എം. ആഡിറ്റോറിയത്തിൽ നടക്കും. റവ. എം.എ. വർഗ്ഗീസ്, റവ. പി.എസ്. ഫിലിപ്പ്, റവ. തോമസ് ഫിലിപ്പ്, റവ. എം. കുഞ്ഞപ്പി എന്നിവർ പ്രസംഗിക്കും. റാഫാ വോയിസ് ഗാനങ്ങൾ ആലപിക്കും.

## ഗ്രാഡുവേഷൻ

**ചെറുവക്കൽ:** ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയിൽ 63 പേർ ദൈവശാസ്ത്ര പഠനം പൂർത്തീകരിച്ചു ഗ്രാഡുവേറ്റ് ചെയ്തു. ബിരുദദാന സമ്മേളനത്തിൽ ഡോ. ജോൺസൺ ദാനിയേൽ അധ്യക്ഷത വഹിച്ചു. ഡോ.ബി.വർഗീസ് മുഖ്യസന്ദേശം നല്കി. വിവിധ പഠനകോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയവർക്ക് പ്രസിഡന്റ് ബിരുദം നല്കി. മന്ത്രി മുല്ലക്കര രത്നാകരൻ ആശംസ അറിയിച്ചു.

## പാസ്റ്റർ ജോൺ കെ. മാത്യുവിന് പി.എച്ച്.ഡി



**കാലിഫോർണിയ:** പാസ്റ്റർ ജോൺ കെ. മാത്യുവിന് പി.എച്ച്.ഡി ലഭിച്ചു. ലോസ് ഏഞ്ചലസ് ബയോളാ യൂണിവേഴ്സിറ്റിയിൽ നിന്ന് "ഇന്റർ കൾച്ചറൽ എഡ്യൂക്കേഷനിലാണ്" ഡോക്ടറേറ്റ് നേടിയത്.

കേരളാ യൂണിവേഴ്സിറ്റിയിൽ നിന്നും എം.എ. ഹിസ്റ്ററി, എം.എ. സോഷ്യോളജി ബിരുദങ്ങളും ഒക്കലഹോമ ഓറൽ റോബർട്ട് യൂണിവേഴ്സിറ്റിയിൽ നിന്നും ക്രിസ്ത്യൻ എഡ്യൂക്കേഷനിൽ ബിരുദാനന്തര ബിരുദവും നേടിയിട്ടുള്ള പാസ്റ്റർ ജോൺ കെ. മാത്യു മികച്ച സംഘാടകനും എഴുത്തുകാരനും വേദാദ്ധ്യാപകനുമാണ്.

## തിമഥി കിഡ്സ്

**തിരുവനന്തപുരം:** തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ നടന്ന സി.ഇ.എം. യൂത്ത് ക്യാമ്പിലെ കിഡ്സ് സെഷനുകൾക്ക് തിമഥി ചിൽഡ്രൻസ് ഫെസ്റ്റീം നേതൃത്വം നൽകി. ഗാനങ്ങൾ, കഥകൾ, പപ്പറ്റ് ഷോ, മാജിക് ഷോ, കിഡ്സ് ഫിലിമുകൾ തുടങ്ങിയ നിരവധി പ്രോഗ്രാമുകൾ ക്യാമ്പിൽ ഉൾപ്പെടുത്തിയിരുന്നു. JUMP (Jesus Ur Motive power) എന്നതായിരുന്നു കിഡ്സ് ക്യാമ്പിന്റെ ചിന്താവിഷയം.

പത്തനാപുരം ക്രൗൺ ഓഡിറ്റോറിയത്തിൽ നടന്ന ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) വൈ.പി.ഇ ക്യാമ്പ് കിഡ്സ് സെഷനുകൾക്കും, മുളക്കുഴയിൽ നടന്ന പാസ്റ്റേഴ്സ് കോൺഫ്രൻസിന്റെ സമാന്തരമായി നടന്ന കിഡ്സ് സെഷനുകൾക്കും തിമഥി നേതൃത്വം നൽകി.

# കണക്കുകൾ അവതരിപ്പിച്ചു


ബ്രദർ ഏബ്രഹാം ഫിലിപ്പോസ് വരവ് ചെലവ് കണക്കുകൾ അവതരിപ്പിക്കുന്നു. ബ്രദർ കെ. ഏബ്രഹാം പ്ലാനിംഗ് ബോർഡ് റിപ്പോർട്ട് അവതരിപ്പിക്കുന്നു.

**തിരുവല്ല:** ചർച്ച് ഓഫ് ഗോഡ് ജനറൽ കൺവൻഷന്റെ ആദ്യദിനത്തിൽ സഭയുടെ കഴിഞ്ഞ ഒരുവർഷത്തെ വരവുചിലവ് കണക്കുകൾ സഭയുടെ ശുശ്രൂഷകന്മാരുടെയും വിശ്വാസികളുടെയും യോഗത്തിൽ അവതരിപ്പിച്ചു. കഴിഞ്ഞവർഷം മുതലാണ് സഭയുടെ വരവ് ചിലവ് കണക്കുകൾ ശുശ്രൂഷകന്മാരെയും വിശ്വാസികളെയും അറിയിക്കുവാൻ തുടങ്ങിയത്. സ്റ്റേറ്റ് ബോർഡ് സെക്രട്ടറി ബ്രദർ ഏബ്രഹാം ഫിലിപ്പോസാണ് ഓഡിറ്റ് ചെയ്ത വരവ് ചിലവ് കണക്കുകൾ അവതരിപ്പിച്ചത്. പ്ലാനിംഗ് ബോർഡ് സെക്രട്ടറി ബ്രദർ കെ.ഏബ്രഹാം റിപ്പോർട്ട് വായിച്ചു. പാസ്റ്റർമാരായ ഈപ്പൻ ചെറിയാൻ, ജെ. ജോസഫ്, ബ്രദേഴ്സ് സി.പി. വർഗീസ്, ഏബ്രഹാം ഫിലിപ്പോസ്, കെ.ഏബ്രഹാം എന്നിവരാണ് ഓഡിറ്റിങ്ങിന് നേതൃത്വം കൊടുത്തത്.

സഭയുടെ വരുമാനത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 48.52% വളർച്ച രേഖപ്പെടുത്തിയപ്പോൾ ചിലവ് 28.08%ൽ നിറുത്തുവാനും നീക്കിബാക്കിയിൽ 107.09% വളർച്ചയും രേഖപ്പെടുത്തി എന്ന് ഓഡിറ്റേഴ്സ് റിപ്പോർട്ടിൽ പറയുന്നു.

### കുക്ക് സായിപ്പിന്റെ ദർശനം യാഥാർത്ഥ്യമാകുന്നു

## മുളക്കുഴയിൽ പുതിയ ചിൽഡ്രൻസ് ഹോം

ചർച്ച് ഓഫ് ഗോഡ് ആസ്ഥാനമായ മുളക്കുഴയിൽ അനാഥരും അശരണരുമായ കുട്ടികളെ സംരക്ഷിക്കുവാൻ വേണ്ടി പുതിയ ചിൽഡ്രൻസ് ഹോം പണിയുന്നു. പാസ്റ്റർ എം. കുഞ്ഞപ്പിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ വേൾഡ്മിഷൻ ഡയറക്ടർ റവ. ഡഗ്ലസ് ലീ റോയി ശിലാസ്ഥാപനം നടത്തി. ദൈവസഭാ സ്ഥാപകനായ മിഷനറി വീരൻ റോബർട്ട് എഫ് കുക്ക് തനിക്കും കുടുംബത്തിനും താമസിക്കുവാൻ വേണ്ടി മുളക്കുഴയിൽ പണിത ബംഗ്ലാവിന്റെ തിണ്ണയിൽ 1920കളുടെ കാലഘട്ടത്തിൽ ഒരു ചിൽഡ്രൻസ് ഹോം നടത്തിയിരുന്നു. റോബർട്ട് എഫ് കുക്കിന്റെ സ്വപ്നം വീണ്ടും മുളക്കുഴയിൽ പൂവണിയുകയാണ്.

## കോക്കാട് കൺവൻഷൻ

ചർച്ച് ഓഫ് ഗോഡ് കോക്കാട് കൺവൻഷൻ കോക്കാട് സ്കൂൾ ഗ്രൗണ്ടിൽ നടന്നു. പുനലൂർ ഡി. പാസ്റ്റർ ഏബ്രഹാം മാത്യു ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ ഷിബു കെ. മാത്യു, ബിജു ബി. ജോസഫ്, റോജി ഈശോ എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ സി.ഐ. തോമസ്, എസ്. രാജൻ എന്നിവർ നേതൃത്വം നല്കി. ക്രൈസ്റ്റ് സിംഗേഴ്സ് ഗാനങ്ങൾ ആലപിച്ചു.

# കൊയ്ത്തുപാട്ട് പാടുന്ന കറ്റകൾ!


ക്രിസ്റ്റി പി. ജോൺ

**ഊ**ഷര ഭൂമിയുടെ സ്വഭാവ നിഗൂഢതകൾ തേടി കർഷകൻ നടന്നുപോയി..... ഉറങ്ങികിടന്ന ഭൂമിയുടെ വികാര സിരകളിൽ കലപ്പയുടെ കൈകൾ കൊണ്ടയാൾ തൊട്ടു. ഉണർന്നെണീറ്റ ഭൂമിക്ക് അയാൾ തന്റെ വിയർപ്പിന്റെ ഉപ്പുരസം തന്നെ ആദ്യ വളമായ് നൽകി. വർഷകാലമെത്തിയിട്ടും അംബരഗൃഹങ്ങൾ വിട്ടെത്താത്ത മഴതുള്ളികളെ നോക്കിയയാൾ പരിഭവം പറഞ്ഞില്ല! പ്രാർത്ഥനയാൽ കണ്ണീർ ചാലുകൾ ഹൃദയവയലിൽ കീറി. കാലാവസ്ഥയുടെ വിഘ്നസന വാദങ്ങൾക്കുമുമ്പിലും അയാൾ സംയമനം പാലിച്ച് കാർഷികവൃത്തിയിൽ വ്യാപൃതനായി. പിന്നീട് ഉഴുത് മറിച്ച വയലിന്റെ ഗർഭപാത്രത്തിലേക്ക് വിത്തെറിഞ്ഞു. ഇന്ന് ഭൂമി ഒരു അമ്മയായി മാറിയിരിക്കുന്നു. കാർഷികവിളകളുടെ ബാല്യ കതിരുകൾ ധരയുടെ മേനിയിൽ അമൃതം പാനം ചെയ്യുന്നു..... ആടികളിക്കുന്നു. വിളകൾക്ക് പിതൃതുല്യനായ കർഷകനതുകണ്ട് ആഹ്ലാദിക്കുന്നു. കർഷകന് പിതൃപരിവേഷവും ഭൂമിക്ക് മാതൃത്വ രൂപവും നൽകുന്നത് ഏറെ അനുയോജ്യമാണ്. വിളകൾക്ക് പുത്ര പരിവേഷം നൽകുന്ന സംസ്കാരമാണ് ഭാരതത്തിനുള്ളത്.

"പത്ത് പുത്രന്മാർക്ക് തുല്യം ഒരു ഫലവൃക്ഷ"മെന്നത് നമ്മെ ഓർമ്മിപ്പിക്കുന്നു.

മണ്ണിനെതൊട്ടവനും മണ്ണിന്റെ ഗന്ധമറിഞ്ഞവനും മണ്ണിനെ സ്നേഹിച്ചവനുമായ ദൈവത്തെ ആദ്യ കർഷകനായി വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല. മണ്ണിനെ ദൈവകരം സ്പർശിച്ചപ്പോൾ അത് മനുഷ്യനായി.... മനുഷ്യൻ മണ്ണിനെ സ്പർശിച്ചതിനെ അപ്പമാക്കുന്നു. മണ്ണിൽ ദൈവീക ജീവൻ വരുമ്പോൾ അത് മനുഷ്യനാവുന്നു. മണ്ണിൽ ദൈവീക അനുഗ്രഹം വരുമ്പോൾ അത് കാർഷിക വിളകളായി മാറുന്നു. നമ്മുടെ കാർഷിക കൈരളി കേവലം ഫലസമൃദ്ധിയുടെ മാത്രം ഉല്പാദക ശാലയല്ല മറിച്ച് നാടൻപാട്ടും തെയ്യവും തിറയും പടയണിയും ഓണവും എല്ലാം കൂടികലർന്ന ഉത്സവത്തിന്റെ ഇറ്റില്ലം കൂടിയാണ്.

"നമ്മള് കൊയ്യും വയലെല്ലാം നമ്മുടെതാകും പൈങ്കിളിയേ...."

ഈ പാട്ടിലെന്താ ഇത്ര രസം നവതലമുറക്ക് സംശയം...!

അതിന്റെ ഓരോ അക്ഷരങ്ങളിലൂടെയും ജ്വലിച്ചിറങ്ങിയ വിപ്ലവത്തിന്റെ കനൽ മഴയിൽ നനഞ്ഞു കുളിച്ച ചരിത്രം നമ്മുടെ നാടിനും പഴമക്കാർക്കും പറയാനുണ്ട്. വിളനിലം അത് വിപ്ലവങ്ങളുടെ ഉറവുചാൽ കൂടിയാണ്. ദുർവ്യവസ്ഥിതികൾക്ക് മാറ്റം വരുത്തിക്കൊണ്ട് കേരളനവോത്ഥാനം ശക്തമായ് മുന്നേറുമ്പോൾ കരങ്ങളിൽ ചെങ്കൊടിയും കൊയ്ത്തരിവാളുമാണ് നാം എടുത്തത്. വിളനിലങ്ങൾ എന്നും മനുഷ്യമനസ്സോടു ചേർന്ന് നിൽക്കുന്നു. ഗൃഹാതുരത്വമുണർത്തുന്ന ഒരായിരം ഓർമ്മകൾക്ക് വിള ഭൂമിയുമായി അഭേദ്യ ബന്ധം ഉണ്ട്.

ക്രിസ്തുവിന്റെ ഉപദേശങ്ങളിൽ വയൽ മുഖ്യപ്രമേയമായിരുന്നു. മഹാദൗത്യ നിർവ്വഹണം കൊയ്ത്തായി അവിടുന്ന് അവതരിപ്പിക്കുന്നു. ഭൂമിയുടെ അറ്റംവരെ ക്രിസ്തു വിഭാവന ചെയ്യുന്ന വയലിന് ദൈർഘ്യമുണ്ട് (അപ്പൊ.1:8) സദ്വാർത്തയുടെ കൊയ്ത്തരിവാൾ അവിടുന്ന് നമ്മൾക്ക് നൽകി. അത് കാൽവരിയുടെ ചൂളകളത്തിൽ രൂപപ്പെടുത്തിയതാണ്. കൊയ്ത്ത് എന്നുമുണ്ട് എന്നതാണ് വയലിന്റെ ശ്രേഷ്ഠത.

"ഓരോ ദിവസവും 74000 പേർ ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്നു.

ഓരോ ആഴ്ചയും 3500 സഭകൾ സ്ഥാപിതമാവുന്നു. ഓരോ മിനിറ്റിലും 3083 പേർ ക്രിസ്തുവിനെ സ്വീകരിക്കുന്നു." കൊയ്ത്തരിവാൾ അടക്കിവെക്കരുത്. ഓരോ സെക്കന്റിലും അതിന്റെ പ്രവർത്തനമേഖല ശക്തമാവുകയാണ്. തന്മൂലം ആത്മനിറവെന്നത് സുവിശേഷീകരണത്തിന് അനിവാര്യം തന്നെ.

ഇനിയും ക്രിസ്തുവിനെ സ്വീകരിക്കാത്തവരാണ് കറ്റകൾ. ഒരുവൻ ക്രിസ്തുവിനെ സ്വീകരിക്കുന്ന നിമിഷം മുതൽ കൊയ്ത്തുകാരനായ് മാറുകയാണ്. വിതക്കുമ്പോഴും കൊയ്യുമ്പോഴും കർഷകർ പാടാറുണ്ട്. എന്നാൽ ഇനി കറ്റകൾ പാട്ടുപാടുന്നൊരു കാലം വരും. അന്ന് ദൈവദൂതന്മാർ കൊയ്ത്തുകാരായ് ഇറങ്ങും. സൗന്ദര്യത്തിന്റെ പൂർണ്ണതയായ സീയോനിൽ നിന്നും യാഗം കഴിച്ച് എന്നോട് നിയമം ചെയ്തവരായ വിശുദ്ധന്മാരെ എന്റെ അടുക്കൽ കൂട്ടുവിൻ എന്ന കർത്താവിന്റെ ഗംഭീരനാദമാകുന്ന കൊയ്ത്തുപാട്ട് മുഴങ്ങും. കോടാനുകോടി ദൂതഗണങ്ങൾ കൊയ്ത്തുഗാനമാലപിക്കും.

മരണത്തിന്റെ നിദ്രാലസ്യത്തിൽ നിന്നുണരുന്ന വിശുദ്ധൻ പാതാളത്തിനും മരണത്തിനും തങ്ങളെ കീടക്കാനാവാത്തതിൽ സന്തോഷിക്കും. കൊയ്ത്തു കറ്റകളായ നാം അന്നാളിൽ ഒന്നായ് പാടും. "ഹേ.....മരണമേ. നിന്റെ ജയം എവിടെ? ഹേ മരണമേ നിന്റെ വിഷമുള്ള് എവിടെ? മരണത്തിന്റെ വിഷമുള്ള് പാപം. പാപത്തിന്റെ ശക്തിയോ ന്യായപ്രമാണം. നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം നമുക്കു ജയം നൽകുന്ന ദൈവത്തിന് സ്തോത്രം..."

MANKULANGARA HOME STAY
Kerala Govt. Approved "GOLD HOUSE" Home Stay.
Mankulangara Bldgs., (Behind ICICI Bank) Ramanchira, Thiruvalla
Tel: 0469-2604394, 9447766394, 9446312292
Fully furnished houses with fullfledged kitchen, bath attached A/c rooms & roof top garden at THIRUVALLA. Suitable for any purpose.

Laundry / Cleaning / helpers on demand
www.mankulangarahomestay.com

www.dofic.net
DIRECTORY OF INDIAN CHRISTIANS
TOUCH THE WORLD THROUGH THE DOFIC
e-mail: doficja@gmail.com
mob: 9656408750, 9656408744

യുഗ വിചാരണ | പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ

# ക്ഷാന്തി മഹാപാതകങ്ങൾ ചെയ്യാതിരിപ്പാൻ കാരണമാകട്ടെ!

**ആ**ധുനീക സമൂഹത്തിൽ ഇന്ന് നഷ്ടമായികൊണ്ടിരിക്കുന്ന ഒന്നാണ് സ്നേഹവും, സാഹോദര്യവും, ക്ഷമയും. ക്ഷമിക്കുന്നതിനേക്കാൾ പ്രതികരിക്കുന്നതാണ് പുരുഷത്വം എന്ന് കരുതുന്നവരാണ് ഭൂരിഭാഗം ആളുകളും. എന്നാൽ യാഥാർത്ഥ്യം സ്നേഹത്തിന് കീഴടക്കുവാൻ സാധിക്കാത്തതായി ഒന്നുമില്ല എന്നതാണ്. വാളിന്റെ വായ്തലയാൽ കെട്ടിപ്പടുത്ത ലോകൈക സാമ്രാജ്യങ്ങൾ എല്ലാം തകർന്നടിഞ്ഞു എന്നാൽ സ്നേഹത്താൽ പണിതെടുത്ത യേശുവിന്റെ സാമ്രാജ്യം ഇന്ന് നിലനിൽക്കുന്നു. സ്നേഹമാണ് അഖിലസാരമൂഴിയിൽ.പക്ഷേ വിധിവശാൽ വിനാശകാലേ വിപരീത ബുദ്ധി എന്ന ചൊല്ല് അന്വർത്ഥം ആകും പോലെ ഒരുവിഭാഗം ആളുകൾ ആയിതീർന്നു. സ്വന്തം കഴിവുകളെ ആത്മശിക്ഷണവഴിയിലൂടെ വളർത്തുന്നതിനു പകരം പ്രതികാര മനോഭാവത്തോടെ പ്രതികരിക്കുവാൻ തയ്യാറാകുന്നതാണ് ഇന്നിന്റ ശാപം. ഒരുവൻ എത്ര ഉന്നത ശീർഷനായാലും ആത്മശിക്ഷണം ആർജ്ജിക്കുകയും ക്ഷമ പ്രാവർത്തികമാക്കുകയും ചെയ്യുവാൻ കഴിയുന്നില്ലങ്കിൽ തികഞ്ഞ പരാജയമായി മാറും. നമുക്ക് ലഭിക്കുന്ന എല്ലാ കഴിവുകളും ശരിയായ വിധത്തിൽ ദൈവാത്മാവിന് വിധേയപ്പെടുത്തുമ്പോൾ ആണ് നാം വിജയിക്കുന്നത്. വിരോധമായി രേഖ എഴുതി എന്ന് അറിയുമ്പോൾ പ്രതികരിക്കുന്നവനെയല്ല ദാനിയേലിനെപ്പോലെ പ്രാർത്ഥിക്കുവാൻ തയ്യാറാകുന്നവരെയാണ് ഇന്നിന്റ ആവശ്യം. എന്നാൽ ഇന്നോ വിരോധമായി എഴുതിയവരുടെ തൂലികയുടെ മുനയൊടിക്കുവാൻ താണ്ഡനത്തിലൂടെ ശ്രമിക്കുന്നു. വിലക്കപ്പെട്ട പ്രസംഗകരിൽ ചിലർ അതിന്റെ പേരിൽ ആക്രമണത്തിന് മുതിരുമ്പോൾ, കേരളത്തിൽ ഇനി ഒരു പ്രസംഗകരും ഒരു വേദിയിൽ കയറില്ലെന്നും, വിലക്കിയ നേതൃത്വത്തിന് എതിരെ അവരുടെ മക്കളും കൊച്ചുമക്കളും പഠിക്കുന്നതെവിടെയാണെന്ന് ഞങ്ങൾക്ക് അറിയാം എന്നും ഭീക്ഷണി മുഴക്കുമ്പോൾ അറിയാതെ ഒന്ന് ചോദിക്കട്ടെ ഈ കോലാഹലം എന്തിന് വേണ്ടി? കൺവൻഷൻ വേദിക്കുവേണ്ടിയോ? അതോ സ്വന്തം ഉദരസന്ധാരണത്തിനു വേണ്ടിയോ. ഇവർ പ്രസംഗിക്കുന്നത് ഏത് സുവിശേഷം, ക്ഷമയുടെയും, സ്നേഹത്തിന്റെയും, സഹനത്തിന്റെയും മാർഗ്ഗം ജീവിതത്തിലും ഉപദേശത്തിലും കാണിച്ചു തന്ന യേശുവിന്റെയോ അതോ? മറ്റൊരു സുവിശേഷമോ. അന്ത്യകാലത്ത് ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കുന്നവർ എന്ന് പൗലോസ് അപ്പോസ്തോലൻ പ്രബോധിപ്പിച്ചത് ഇതിനെക്കുറിച്ച് അല്ലെ ഒന്ന് മാത്രം ഓർക്കുക. കാലം ഉണക്കാത്ത മുറിവില്ല ജീവിതത്തിലെ ഏതു രംഗത്തും വിജയത്തിന് ആത്മശിക്ഷണവും ക്ഷമയും ആവശ്യമാണ്. പ്രാർത്ഥന, വചനധ്യാനം, കൂട്ടായ്മ, ഇതിലൂടെ ആത്മശിക്ഷണവും ക്ഷമയും നേടാം.വചനം പറയുന്നു.അധിപതിയുടെ കോപം നിന്റെ നേരെ പൊങ്ങുന്നുവെങ്കിൽ നി നിന്റെ സ്ഥലം വിട്ടു മാറരുത് ക്ഷാന്തി മഹാ പാതകങ്ങളെ ചെയ്യാതിരിപ്പാൻ കാരണമാകും (സഭ10:4)

യുഗാന്ത്യസന്ദേശത്തിന്റെ വരിക്കാരാകുക
വാർഷിക വരിസംഖ്യ ഇന്ത്യയിൽ Rs 100 വിദേശരാജ്യങ്ങളിൽ Rs. 1200
സന്ദർശിക്കുക യുഗാന്ത്യസന്ദേശം വെബ്സൈറ്റ്
www.ysandhesham.com

Yuganthyasandhesham
Near Railway Station, Thiruvalla - 1
Ph : 0469-2602838, 9446747100
E-mail : ysandhesham@saintly.com

2011 February

YUGANTHYA SANDHESHAM

REGISTERD
RNI Reg. No.KERMAL / 2007 / 21096
POSTAL Reg. No. KL / TLA / 215 / 2010-12
LICENCED TO POST WITHOUT PREPAYMENT
LICENCE NO. KL / TLA / WPP-95 / 2010-12

# യുഗാന്ത്യസന്ദേശം അവാർഡ് ദാന ദൃശ്യങ്ങൾ



പാസ്റ്റർ എം. കുഞ്ഞപ്പി, പാസ്റ്റർ ഷാജി കെ. ഡാനിയേൽ, പാസ്റ്റർ ജെ. ജോസഫ്, ബ്രദർ സാംകുട്ടി ചാക്കോ, ബ്രദർ എൻ.എം. രാജു, പാസ്റ്റർ ലാസർ വി. മാത്യു



പാസ്റ്റർ ഷിബു കെ. മാത്യു, പാസ്റ്റർ ജോസ് ബേബി, പാസ്റ്റർ ഷൈജു തോമസ്, പാസ്റ്റർ കെ. എ. ഉമ്മൻ, പാസ്റ്റർ പി. പി. കുര്യൻ



പാസ്റ്റർ സാംകുട്ടി മാത്യു, പാസ്റ്റർ രാജു ആനിക്കാട്, പാസ്റ്റർ ജെയിസ് പാണ്ടനാട്



ഗാനശുശ്രൂഷ: പാസ്റ്റർ എബി റ്റി. ജോസഫ്



അവാർഡ് ദാനങ്ങൾ: പാസ്റ്റർ പി.ജി. മാത്യൂസ്, പാസ്റ്റർ പി.സി. ചെറിയാൻ, ബ്രദർ കെ.എം. ജേക്കബ് (മാനേജർ, യുഗാന്ത്യസന്ദേശം), ബ്രദർ ജേക്കബ് ഇട്ടി



പാസ്റ്റർ എം. കെ. തോമസ്, ബ്രദർ മാത്യൂസ് ഏബ്രഹാം, ബ്രദർ യോഹന്നാൻ ജോർജ്

## യുഗാന്ത്യ സന്ദേശം ചാരിറ്റി ഉദ്ഘാടനം ചെയ്തു



ചാരിറ്റി ഉദ്ഘാടനം ചെയ്യുന്നു

**തിരുവല്ല:** യുഗാന്ത്യ സന്ദേശം സമ്മേളനത്തിൽ വെളിപ്പാട് പുസ്തക പഠനത്തിലും ബൈബിൾ കിസ്സിലും വിജയിയായ വാകത്താനം പഞ്ചയാത്ത് പ്രസിഡന്റ് ശ്രീമതി ലൈസാമ്മ ജോർജ്ജ് തനിക്ക് ലഭിച്ച ക്യാഷ് അവാർഡ്, വിതരണം ചെയ്ത പാസ്റ്റർ എം കുഞ്ഞപ്പിയെ തിരികെ ഏൽപ്പിച്ച് ചാരിറ്റി പ്രവർത്തനത്തിന് ഉപയോഗിക്കുവാൻ ആവശ്യപ്പെട്ടു.തുടർന്ന് പാസ്റ്റർ എം കുഞ്ഞപ്പി യുഗാന്ത്യ സന്ദേശം ചാരിറ്റി പ്രവർത്തനം ആരംഭിക്കുന്നതായി പ്രഖ്യാപിച്ചു.പാസ്റ്റർ ഷാജി കെ ദാനിയേൽ യുഗാന്ത്യ സന്ദേശം ചാരിറ്റി പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്തു.സമുഹ വിവാഹം, വിദ്യഭ്യാസ സഹായം, ചികിത്സ സഹായം വിധവ സഹായം എന്നിവയാണ് യുഗാന്ത്യ സന്ദേശം ചാരിറ്റിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.






ചർച്ച് ഓഫ് ഗോഡ് ജനറൽ
കൺവൻഷനിൽ പുറത്തിറക്കിയ
മനോഹര ഗാനങ്ങൾ അടങ്ങിയ
സി.ഡിയും എം.പിത്രിയും
മുളക്കുഴയിലുള്ള ചർച്ച് ഓഫ് ഗോഡ്
ബുക് സ്റ്റോളിൽ ലഭ്യമാണ്.
ഓരോ ദിവസത്തെയും പ്രസംഗത്തിന്റെ
സി.ഡികളും ലഭ്യമാണ്.

Printed, published and owned by Smitha Shibu, Kurayil Plavila Ebenezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala - 689 101. Printed at Carmel Offset Press, Kaviyoor P.O., Thiruvalla, Pathanamthitta (Dist.), Kerala. Published at Kurayil Plavila Ebnezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala. Editor : Shibu K. Mathew.